32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 12, 2024 | Vol. XXXII No. 28 | Periodicals Postage Paid







സാൻ അന്റോണിയോയിൽ വെച്ച് നടത്തപ്പെട്ട 15–ാമത് കെസിസിഎൻഎ കൺവൻഷൻ കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്യുന്നു. കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട്, മറ്റ് ഭാരവാഹികൾ, വിശിഷ്ടാതിഥികൾ തുടങ്ങിയവർ സമീപം. ഫോട്ടോ: ബൈജു ആലപ്പാട്ട്

Visit Our Website: www.keralaexpress.com

KUNNATHA INJURY LAWYERS

Free Consultation/Case Evaluation / ATLANTA : 404 633 4200 / CHICAGO: 312 757 4700

EXPERIENCE PERSONAL ATTENTION RESULTS



Salu K. Kunnatha
Reena Emmanuel
Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience


No legal fees until we collect compensation for you

Millions recovered for our clients each year!

ATLANTA
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

CHICAGO
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com






32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 പിസിനാക് കോൺഫറൻസ് ചിക്കാഗോയിൽ
8 ലോക്സഭയെ ഇളക്കിമറിച്ച് രാഹുലിന്റെ പ്രസംഗം
10 ഭദ്രാസന കോൺഫറൻസ് അരിസോണയിൽ
12 ഉമ്മൻ ചാണ്ടി: ഒരിക്കലും മരിക്കാത്ത ഓർമ്മകൾ
14 ഫൊക്കാന–2024 ചരിത്രത്തിൽ ...

## ഫൊക്കാനാ മാധ്യമ പുരസ്കാരം ജോസ് കണിയാലിക്കും ജോസ് കാടാപുറത്തിനും

ഡോ. കലാ ഷഹി

ന്യൂയോർക്ക്: ഫൊക്കാനയുടെ ഈ വർഷത്തെ പ്രിന്റ് ഓൺലൈൻ മീഡിയ അവാർഡ് ജോസ് കണിയാലിക്കും ടിവി വിഷ്വൽ അവാർഡ് ജോസ് കാടാപുറത്തിനും നൽകുമെന്ന് ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു. ഫൊക്കാന വാഷിംഗ്ടൺ അന്തർദേശീയ കൺവൻഷനിൽവെച്ച് പുരസ്കാരം സമ്മാനിക്കും. രണ്ട് വ്യത്യസ്ത മാധ്യമ മേഖലകളിൽ സത്യസന്ധമായി പ്രവർത്തിക്കുന്ന രണ്ട് മാധ്യമ പ്രതിഭകളെയാണ് ഇത്തവണ ഫൊക്കാന തെരഞ്ഞെടുത്തിരിക്കുന്നത്. വടക്കേ അമേരിക്കയിലെ മാധ്യമരംഗത്ത് തങ്ങളുടെതായ അടയാളപ്പെടുത്തലുകൾ നൽകിയ രണ്ടുപേരാണ് ജോസ് കണിയാലിയും, ജോസ് കാടാപുറവുമെന്ന് ഡോ. ബാബു സ്റ്റീഫൻ പറഞ്ഞു.



ജോസ് കണിയാലി


ജോസ് കാടാപുറം

ചിക്കാഗോയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന അച്ചടി, ഓൺലൈൻ മാധ്യമമായ കേരളാ എക്സ്പ്രസ്സിന്റെ എക്സിക്യൂട്ടീവ് എഡിറ്ററായ ജോസ് കണിയാലി കഴിഞ്ഞ മുപ്പത്തിരണ്ട് വർഷമായി അമേരിക്കൻ മലയാളി മാധ്യമ രംഗത്തെ അറിയപ്പെടുന്ന വ്യക്തിത്വമാണ്. മാധ്യമ പ്രവർത്തനം ഒരു സാമൂഹ്യ പ്രവർത്തനം കൂടിയാണെന്ന് തന്റെ മാധ്യമ പ്രവർത്തനത്തിലൂടെ തെളിയിച്ച വ്യക്തി എന്ന നിലയിലും അദ്ദേഹത്തിന്റെ സത്യസന്ധതയ്ക്കും കൃത്യനിഷ്ഠയ്ക്കും മറ്റ് മാധ്യമ പ്രവർത്തകർക്ക് മാതൃകയാകേണ്ട വ്യക്തിത്വത്തിനും ഫൊക്കാന അംഗീകാരം നൽകി ആദരിക്കുന്നു. കോട്ടയം ഏറ്റുമാനൂർ സ്വദേശിയായ ജോസ് കണിയാലി 1988-ലാണ് ചിക്കാഗോയിലേക്ക് കുടിയേറിയത്. ചിക്കാഗോയിലെ മലയാളി പ്രസ്ഥാനങ്ങളുടെയും, മറ്റു സാംസ്കാരിക പരിപാടികളുടെയും നിറസാന്നിധ്യമായി അദ്ദേഹം മാറി. സംഘടനാ പ്രവർത്തനവും മാധ്യമ പ്രവർത്തനവും നടത്തിക്കൊണ്ടാണ് ജോസ് കണിയാലിയുടെ ജീവിതം മുന്നോട്ട് പോയത്.

(ശേഷം 21-ാം പേജിൽ)

## തദ്ദേശസ്ഥാപന വാർഡ് വിഭജനം: ബില്ലിൽ ഒപ്പിടാതെ ഗവർണർ



തിരുവനന്തപുരം: തദ്ദേശസ്ഥാപനങ്ങളിലെ വാർഡുകളുടെ എണ്ണം ജനസംഖ്യാനുപാതികമായി വർധിപ്പിക്കുന്നതിനുള്ള സർക്കാർ നീക്കം അനിശ്ചിതത്വത്തിൽ. ചർച്ച കൂടാതെ ഏകപക്ഷീയമായി നിയമസഭ പാസാക്കിയ വാർഡ് പുനർവിഭജന ബില്ലിൽ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ ഒപ്പിടാത്തതാണ് സർക്കാരിനെ ആശങ്കയിലാക്കുന്നത്.

അടുത്ത വർഷം നടക്കേണ്ട തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പിനു മുൻപു വാർഡ് വിഭജനം പൂർത്തിയാക്കാൻ കഴിയുമോ എന്ന ആശങ്കയുമുണ്ട്. ഗവർണർ ഒപ്പുവെച്ചാൽ മാത്രമേ ബിൽ പാസാകുകയുള്ളൂ. എന്നാൽ പ്രതിപക്ഷ ബഹളത്തിനിടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു പോലും വിടാതെ നിയമസഭയിൽ എത്തിയതിനു തൊട്ടുപിന്നാലെ ബിൽ പാസാക്കിയതായി സ്പീക്കർ അറിയിക്കുകയായിരുന്നു.

(ശേഷം 24-ാം പേജിൽ)

## കരുവന്നൂർ കേസ്: ഇ.ഡി.ക്ക് തിരിച്ചടി

കൊച്ചി: കരുവന്നൂർ സഹകരണ ബാങ്ക് കള്ളപ്പണ കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് (ഇഡി) തിരിച്ചടി. ബാങ്കിൽ നിന്നു പിടിച്ചെടുത്ത രേഖകൾ ക്രൈംബ്രാഞ്ചിനു വിട്ടുനല്കാൻ ഹൈക്കോടതി ഉത്തരവിട്ടു. രേഖകൾ ഇഡി നല്കുന്നില്ലെന്ന് ആരോപിച്ച് ക്രൈംബ്രാഞ്ച് ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. രണ്ട് മാസത്തിനകം രേഖകളുടെ പരിശോധന പൂർത്തിയാക്കണമെന്നും ജസ്റ്റിസ് കെ. ബാബു വ്യക്തമാക്കി. കരുവന്നൂർ ബാങ്കുമായി ബന്ധപ്പെട്ട് ഇ.ഡി അന്വേഷിക്കുന്ന കേസിന് ആധാരം ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത എഫ്ഐആർ ആണെന്നും ഇതിൽ കുറ്റപത്രം സമർപ്പിക്കണമെങ്കിൽ ബാങ്കുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ആവശ്യമാണ് എന്നുമാണ് ക്രൈംബ്രാഞ്ച് പറയുന്നത്.

(ശേഷം 24-ാം പേജിൽ)

### പരാതി നൽകിയത് ഡോക്ടർ ദമ്പതികൾ

## പിഎസ്സി അംഗത്വത്തിനു കോഴ; ആരോപണം ശരിയെന്നു കണ്ടെത്തൽ

കോഴിക്കോട്: മന്ത്രി പി.എ. മുഹമ്മദ് റിയാസിനെയും സിപിഎമ്മിനെയും വെട്ടിലാക്കി കോഴ ആരോപണം. മന്ത്രി വഴി പിഎസ്സി അംഗത്വം വാഗ്ദാനം ചെയ്ത് സിപിഎം നേതാവ് കോഴ വാങ്ങിയെന്ന ആരോപണത്തിലാണ് കൂടുതൽ വിവരങ്ങൾ പുറത്തുവന്നത്.

സിപിഎം കോഴിക്കോട് ടൗൺ ഏരിയ കമ്മിറ്റി അംഗവും സിഐടിയു ജില്ലാ സെക്രട്ടറിയുമായ പ്രമോദ് കോട്ടൂളിയാണ് കോഴ വാങ്ങിയതെന്നാണ് ആരോപണം. സംഭവത്തിൽ പ്രമോദ് കോട്ടൂളിക്കെതിരെ നടപടിക്ക് നാലംഗ കമ്മീഷനെ സിപിഎം നിയോഗിച്ചു. ആരോപണത്തിന് പിന്നാലെ പ്രമോദിനെ സിപിഎം, സിഐടിയു പദവികളിൽനിന്ന് നീക്കംചെയ്യാൻ തീരുമാനിച്ചു.

ഹോമിയോ ഡോക്ടർമാരായ ദമ്പതിമാരാണ് 22 ലക്ഷം രൂപ ടൗൺ ഏരിയ കമ്മിറ്റി അംഗത്തിനു കൈമാറിയെന്നു പറയുന്നത്. 60 ലക്ഷം രൂപ നൽകിയാൽ പിഎസ്സി അംഗത്വം നൽകാമെന്നായിരുന്നു വാഗ്ദാനം. ഇതിൽ 20 ലക്ഷം രൂപ പിഎസ്സി അംഗത്വത്തിനും രണ്ട് ലക്ഷം രൂപ മറ്റു ചെലവുകൾക്കുമായി ആദ്യഘട്ടത്തിൽ കൈമാറി. വനിതാ ഡോക്ടർക്കുവേണ്ടി ഭർത്താവാണു പണം നൽകിയത്. അംഗത്വം കിട്ടാതെ വന്നപ്പോൾ ആയുഷ് മിഷനിൽ ഉയർന്ന തസ്തിക വാഗ്ദാനം ചെയ്തെങ്കിലും അതും നടന്നില്ല.

ഏറെനാൾ കഴിഞ്ഞിട്ടും പണം തിരികെക്കിട്ടാതായതോടെയാണ് ഡോക്ടർ

(ശേഷം 24-ാം പേജിൽ)

## കാശ്മീർ ഏറ്റുമുട്ടൽ; രണ്ട് സൈനികർക്കു വീരമൃത്യു


ഭീകരരുമായി ഏറ്റുമുട്ടലുണ്ടായ കുൽഗാം ജില്ലയിൽ സൈന്യം പ്രത്യാക്രമണത്തിനു തയാറെടുത്തപ്പോൾ.

ശ്രീനഗർ: ജമ്മു-കാശ്മീരിലെ കുൽഗാം ജില്ലയിൽപ്പെട്ട മോഡർഗാമിലും ചിന്നിഗാമിലും ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ പാരട്രൂപ്പ് വിദഗ്ധൻ ഉൾപ്പെടെ രണ്ടു സൈനികർക്ക് വീരമൃത്യു. ഒരു സൈനികന് പരുക്കേറ്റു. ജൂലൈ ആറിന് തുടങ്ങിയ ഏറ്റുമുട്ടലുകളിൽ ലഷ്കർ ഇ ത്വയ്ബ ബന്ധമുള്ള ആറു ഭീകരരെ സുരക്ഷാസേന വധിക്കുകയും ചെയ്തു. ഇതിനിടെ രജൗരിയിലെ കരസേനാ ക്യാമ്പിനു സമീപം ഭീകരർ ആക്രമണം നടത്തി. സംഭവത്തിൽ ഒരു സൈനികന് പരുക്കേറ്റതായി പോലീസ് അറിയിച്ചു.

മോഡർഗാമിൽ തെരച്ചിൽ നടത്താനെത്തിയ സുരക്ഷാസേനയ്ക്കുനേരെ ഭീകരർ വെടിയുതിർത്തതാണ് ഏറ്റുമുട്ടലിൽ കലാശിച്ചത്. രഹസ്യാന്വേഷണവിഭാഗം കൈമാറിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കരസേനയും

(ശേഷം 24-ാം പേജിൽ)

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago



ബിജു ജോൺ കൊട്ടാരക്കര
(ഫൊക്കാന ട്രഷറർ)
സൗമ്യം ദീപ്തം ഈ സംഘാടനം
(ന്യൂയോർക്ക്)
വഴിത്താരകൾ
പേജ്, 16, 17

# 40-ാമത് പിസിനാക് കോൺഫറൻസ് ചിക്കാഗോയിൽ

ഹൂസ്റ്റൺ: ഹൂസ്റ്റണിൽ നടന്നുകൊണ്ടിരിക്കുന്ന പിസിനാക്കിന്റെ വെള്ളിയാഴ്ച നടന്ന ജനറൽ ബോഡി യോഗത്തിൽ വെച്ച് 40-ാമത് പിസിനാക്കിന്റെ നാഷണൽ കമ്മിറ്റിയെ തെരഞ്ഞെടുത്തു. വൈകിട്ട് ചേർന്ന നാഷണൽ കമ്മിറ്റി യോഗത്തിൽ വെച്ചാണ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുത്തത്.

പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ (നാഷണൽ കൺവീനർ). ബ്രദർ സാം മാത്യു ന്യൂയോർക്ക് (നാഷണൽ സെക്രട്ടറി), ബ്രദർ പ്രസാദ് ജോർജ് സിപിഎ കണക്ടിക്കട്ട് (നാഷണൽ ട്രഷറർ), ഡോ. ജോനാഥാൻ ജോർജ് (ഇംഗ്ലീഷ് വിഭാഗം കോ-ഓർഡിനേറ്റർ), കുര്യൻ ഫിലിപ്പ് (നാഷണൽ മീഡിയ കോ-ഓർഡിനേറ്റർ),പാസ്റ്റർ പി.വി. മാമ്മൻ (നാഷണൽ പ്രയർ കോ-ഓർഡിനേറ്റർ) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫന്റെ അഭാവത്തിൽ ചിക്കാഗോയിൽ നിന്നുള്ള ലോക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളാണ് യോഗനടപടികൾ നിയന്ത്രിച്ചത്.


ലോക്കൽ കൺവീനർമാരായ ഡോക്ടർ ടൈറ്റസ് ഈപ്പൻ, പാസ്റ്റർ ജിജു ഉമ്മൻ, ലോക്കൽ സെക്രട്ടറിമാരായ ഡോക്ടർ ബിജു ചെറിയാൻ, ജോൺ മത്തായി, ലോക്കൽ ട്രഷറർമാരായ കെ.ഒ. ജോസ് സിപിഎ, വർഗീസ് സാമുവേൽ, യൂത്ത് കോ-ഓർഡിനേറ്റർമാരായ ഡോക്ടർ വിൽസൻ ഏബ്രഹാം, പാസ്റ്റർ സാംസൺ സാബു എന്നിവർ നേതൃത്വം നല്കി.

പാസ്റ്റർ ജോർജ് കെ.സ്റ്റീഫൻ ഓൺലൈനിലൂടെ സമ്മേളനത്തിൽ പങ്കെടുത്തു.

പിസിനാക്ക് കോൺഫറൻസിന്റെ ചരിത്രത്തിൽ മറ്റൊരു ചരിത്രസംഭവം ആകുവാൻ പോകുന്ന 40-ാമത് കോൺഫറൻസ് ചിക്കാഗോ ഷാംബർഗിലുള്ള കൺവൻഷൻ സെന്ററിൽ വെച്ച് 2026 -ജൂലൈ 2 മുതൽ 5 വരെയാണ് നടക്കുന്നത്.



പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ (നാഷണൽ കൺവീനർ)



ബ്രദർ സാം മാത്യു ന്യൂയോർക്ക് (നാഷണൽ സെക്രട്ടറി)



ബ്രദർ പ്രസാദ് ജോർജ് സിപിഎ കണക്ടിക്കട്ട് (നാഷണൽ ട്രഷറർ)



ഡോ. ജോനാഥാൻ ജോർജ് (ഇംഗ്ലീഷ് വിഭാഗം കോ- ഓർഡിനേറ്റർ)



കുര്യൻ ഫിലിപ്പ് (നാഷണൽ മീഡിയ കോ- ഓർഡിനേറ്റർ)



പാസ്റ്റർ പി.വി. മാമ്മൻ (നാഷണൽ പ്രയർ കോ- ഓർഡിനേറ്റർ)

## ആയുഷ്മാൻ ഭാരത്; ഇനി ഇരട്ടി രക്ഷ

ന്യൂഡൽഹി: കേന്ദ്രസർക്കാരിന്റെ സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ 'ആയുഷ്മാൻ ഭാരതി'ന്റെ പരിരക്ഷ അഞ്ച് ലക്ഷം രൂപയിൽനിന്നു 10 ലക്ഷമാക്കി ഉയർത്തിയേക്കും. 70 വയസ്സിനു മുകളിലുള്ള എല്ലാവരെയും പദ്ധതിയുടെ ഭാഗമാക്കാനുള്ള ചർച്ചകളും സജീവമാണ്. അനുമതി ലഭിച്ചാൽ 23-നു കേന്ദ്രബജറ്റിൽ പ്രഖ്യാപനമുണ്ടാകും.

പദ്ധതിയിൽ അംഗങ്ങളായ നിർധന കുടുംബങ്ങളിലുള്ളവർക്കാണു നിലവിൽ പ്രായപരിധി ഇല്ലാതെ സൗജന്യ ചികിത്സ ലഭിക്കുന്നത്. അതാണ് ഇനി വരുമാന പരിധി നോക്കാതെ 70-നു മുകളിലുള്ള എല്ലാവർക്കുമായി നൽകാൻ ആലോചിക്കുന്നത്. ഇതിനായി രണ്ട് മാതൃകകളാണു ദേശീയ ആരോഗ്യ അതോറിറ്റി സമർപ്പിച്ചിരിക്കുന്നത്. കുടുംബാംഗങ്ങൾക്കൊപ്പം ഇവരെയും ഉൾപ്പെടുത്തുന്നതാണ് ആദ്യത്തേത്. വയോധികരെ മാത്രം ഉൾപ്പെടുത്തിയുള്ളതു രണ്ടാമത്തേത്. വയോജനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കാവുന്ന ചികിത്സകളുടെ കാര്യത്തിൽ കേന്ദ്രസർക്കാർ പരിധി വെച്ചേക്കുമെന്നും സൂചനയുണ്ട്.

ആയുഷ്മാൻ ഭാരത്-പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന (എബി-പിഎംജെഎവൈ) പദ്ധതി ഗുണഭോക്താക്കളുടെ എണ്ണം അടുത്ത മൂന്ന് വർഷം കൊണ്ട് ഇരട്ടിയാക്കുകയാണു കേന്ദ്ര ലക്ഷ്യം. 12,076 കോടി രൂപ കൂടി കേന്ദ്ര സർക്കാർ അധികമായി കണ്ടെത്തേണ്ടി വരുമെന്നാണ് ദേശീയ ആരോഗ്യ അതോറിറ്റിയുടെ കണക്ക്.

## രാഹുലിനു നേരേ മോദിയുടെ രൂക്ഷവിമർശനം

ന്യൂഡൽഹി: മണിപ്പൂരിന്റെ പേരിലുള്ള വലിയ പ്രതിപക്ഷ ബഹളത്തിനിടയിലും മണിപ്പൂരിനെക്കുറിച്ച് കമാന്നൊരക്ഷരം മിണ്ടാതെ, രാഹുൽ ഗാന്ധിക്കും കോൺഗ്രസിനുമെതിരെ രൂക്ഷവിമർശനവുമായി ലോക്സഭയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രത്യാക്രമണം.

രാഹുൽ ഗാന്ധിക്ക് കുട്ടിയുടെ ബുദ്ധിയാണെന്നും സഖ്യകക്ഷികളുടെ ചെലവിൽ വളരുന്ന ഇത്തിൾക്കണ്ണിയാണ് കോൺഗ്രസെന്നും മോദി പരിഹസിച്ചു.

ഹിന്ദുക്കളെ അപമാനിക്കാനുള്ള കോൺഗ്രസ് ശ്രമം ഇന്ത്യ പൊറുക്കില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഹിന്ദുക്കൾക്കെതിരെ തെറ്റായ ആരോപണങ്ങൾ ഉന്നയിക്കാൻ ഗൂഢാലോചന നടക്കുന്നു. ദൈവങ്ങളെ അനാദരിച്ചതും ഹിന്ദുവികാരം വ്രണപ്പെടുത്തിയതും ഇന്ത്യ ഒരിക്കലും മറക്കില്ല - രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് ലോക്സഭയിൽ മറുപടി പറയുകയായിരുന്നു പ്രധാനമന്ത്രി.

ബിജെപിക്കാരും ആർഎസ്എസുകാരും ശരിയായ ഹിന്ദുക്കളല്ലെന്ന പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ പ്രസ്താവനയെ മോദി കടന്നാക്രമിച്ചു.

ഹിന്ദുഭീകരത എന്ന വാക്ക് വരെ സൃഷ്ടിച്ചു. സംഭവിച്ചത് ഗൗരവമായി കാണണം. നിങ്ങളെ അനാദരിച്ച രീതി, ബാലിശമായ പ്രവൃത്തിയായി ഇതിനെ അവഗണിക്കരുത്. അവർക്കു ദുരുദ്ദേശ്യങ്ങളുണ്ട്. അവരുടെ നുണകൾ ആളുകളുടെ ബുദ്ധിയെ ചോദ്യം ചെയ്യുന്നു.

ഇന്ത്യയിലെ 13 സംസ്ഥാനങ്ങളിൽ പൂജ്യം കിട്ടിയിട്ടും രാഹുലും കോൺഗ്രസും ഹീറോ ചമയുകയാണ്. തുടർച്ചയായ മൂന്നാം തവണയും തന്റെ സർക്കാരിനെയാണു ജനം അധികാരത്തിലേറ്റിയത്.

കേന്ദ്രത്തിൽ മാത്രമല്ല, ഒഡീഷയിലും ആന്ധ്രപ്രദേശിലും അരുണാചൽപ്രദേശിലും സിക്കിമിലും എൻഡിഎ അധികാരത്തിലെത്തി. മാസങ്ങൾക്കു മുമ്പ് രാജസ്ഥാനും മധ്യപ്രദേശും ഛത്തീസ്ഗഡും ജയിച്ചു. സഖ്യകക്ഷികളുടെ സഹായമില്ലാതെ മത്സരിച്ച സംസ്ഥാനങ്ങളിൽ കോൺഗ്രസിന്റെ വോട്ടുവിഹിതം കുറഞ്ഞു. ആഘോഷങ്ങൾക്കിടയിൽ കോൺഗ്രസ് ജനവിധി മറക്കരുതെന്നും പരിശോധിക്കണമെന്നും മോദി ഓർമപ്പെടുത്തി.

എല്ലാ സ്ത്രീകൾക്കും പ്രതിമാസം 8,500 രൂപ വീതം ധനസഹായം നൽകുമെന്ന കോൺഗ്രസിന്റെ വാഗ്ദാനം, വോട്ടിംഗ് യന്ത്രങ്ങൾ, ഭരണഘടന, സംവരണം, റഫാൽ, എച്ച്എഎൽ, എൽഐസി, ബാങ്കുകൾ എന്നിവയിലെല്ലാം കോൺഗ്രസ് കള്ളം പറയുകയാണെന്നു മോദി ആരോപിച്ചു. അഗ്നിവീർ പദ്ധതിയെക്കുറിച്ചും കാർഷികോത്പന്നങ്ങളുടെ താങ്ങുവിലയെക്കുറിച്ചും പറഞ്ഞതും നുണകളാണ്. 60 വർഷം ഇന്ത്യ ഭരിച്ച പാർട്ടി അരാജകത്വത്തിന്റെ പാത തെരഞ്ഞെടുക്കുന്നു.

വിഘടനവാദികൾക്കു തെരഞ്ഞെടുപ്പിൽ സീറ്റു നൽകിയെന്നും മോദി പറഞ്ഞു. അധികാരക്കൊതികൊണ്ടാണ് കോൺഗ്രസ് ഏകാധിപത്യ ഭരണത്തിനായി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. നെഹ്റുവും ഇന്ദിരയും രാജീവും സംവരണത്തിന് എതിരായിരുന്നു. ജനം സത്യം അറിയണമെന്നും മോദി പറഞ്ഞു.

## ആരാധനാലയ നിർമാണം: ഇനി തദ്ദേശ സ്ഥാപന അനുമതി മതി

തിരുവനന്തപുരം: കേരളത്തിൽ ആരാധനാലയങ്ങളുടെ നിർമാണത്തിനോ പുതുക്കി പണിയുന്നതിനോ ഇനി തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി മതി. നിലവിൽ ജില്ലാ കളക്ടറുടെ അനുമതി ആവശ്യമായിരുന്നു. അധികാരം തദ്ദേശ സ്ഥാപനങ്ങൾക്കു നൽകിയതുമായി നിലനിന്ന ഹൈക്കോടതി സ്റ്റേ നീക്കിയ സാഹചര്യത്തിലാണ് സർക്കാർ പുതുക്കിയ ഉത്തരവിറക്കിയത്.

ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയാണ് ജില്ലാ കളക്ടർമാർക്ക് ഇതു സംബന്ധിച്ച ഉത്തരവ് നൽകിയത്. 2021 ഫെബ്രുവരി 14-നാണ് കേരള പഞ്ചായത്ത്, മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ഭേദഗതി ചെയ്ത് ഉത്തരവ് ഇറക്കിയിരുന്നത്.

ആരാധനാലയങ്ങളുടെ നിർമാണത്തിനോ പുതുക്കി പണിയുന്നതിനോ ജില്ലാ ഭരണകൂടത്തിന്റെ മുൻകൂർ അനുമതി തേടണമെന്ന നിയമം ഭേദഗതി ചെയ്ത് ഇനിയുള്ള അധികാരം തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നതായിരുന്നു ഉത്തരവ്. എന്നാൽ ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടതോടെ സ്റ്റേ ചെയ്തു. അടുത്തിടെ ഇതുമായി ബന്ധപ്പെട്ടു നിലനിന്നിരുന്ന ഹർജി ഹൈക്കോടതി തീർപ്പാക്കിയതോടെയാണ് സർക്കാർ പുതിയ ഉത്തരവിറക്കിയത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 28
July 12, 2024

*Chief Editor*
K.M. Eapen
*Executive Editor*
Jose Kaniyaly
*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen
*Circulation Manager*
Ajith Eapen
*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza
*Manager*
K.M. Thimothy
*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel
*News Editor*
Mini Mani
*Graphics*
Samuel Mani
*Consultant Editor*
Prof. Babu Poozhikunnel
*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

ഓർത്തു ദുഃഖിക്കുന്നതിനേക്കാൾ നല്ലത് മറന്ന് ചിരിക്കുന്നതാണ്.
റോസറ്റി

പ്രശസ്തി ദാനം മുഖേന ലഭിക്കേണ്ടതല്ല, സൽകർമം കൊണ്ട് ഉണ്ടാകേണ്ടതാണ്.
സോക്രട്ടീസ്

Philadelphia Pentecostal Church
3735 N Narragansett Ave., Chicago, IL 60634

**Seeking a Senior Pastor**
*(Effective Start date: July 01st, 2025)*

**Required qualifications:**

- Must be married, aged between 40-60 yrs
- Must be an ordained minister with minimum 8-10 years of pastoral experience leading a church in the United States.
- Accredited & Credentialed by a recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa Sponsorship)

*For more information:*
*Biju Cherian: 847-858-1342*
**Email CV/Resume: PPC.Chicago@Yahoo.Com**

**INDIA PENTECOSTAL ASSEMBLY**
**544 TIPTON RD**
**IRVING TX 75060**

**Youth Pastor Job Summary**

We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

**Youth Pastor Requirements and Qualifications**

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

**Email resume to:**
**pastorsearchipa@gmail.com**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

**Trusted Representation**
**Achieves Aggressive Financial Results**

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

**Crifase Law Firm**

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ബ്രിട്ടന്റെ പ്രധാനമന്ത്രിയായി കീയർ സ്റ്റാർമർ അധികാരമേറ്റു

ലണ്ടൻ: ബ്രിട്ടനിൽ 14 വർഷത്തെ കൺസർവേറ്റീവ് പാർട്ടി ഭരണത്തിന് അന്ത്യംകുറിച്ച് ലേബർ പാർട്ടിയുടെ തേരോട്ടം. ലേബർ നേതാവ് കീയർ സ്റ്റാർമർ (61) ബ്രിട്ടന്റെ 58-ാം പ്രധാനമന്ത്രിയായി അധികാരമേറ്റു. 650 അംഗ പാർലമെന്റിൽ 412 സീറ്റ് നേടിയാണു ലേബർ പാർട്ടി ആധിപത്യം ഉറപ്പിച്ചത്. ഭരണകക്ഷിയായ കൺസർവേറ്റീവുകൾ വെറും 121 സീറ്റിലൊതുങ്ങി. കേവല ഭൂരിപക്ഷത്തിനു വേണ്ടത് 326 സീറ്റാണ്.

പ്രധാനമന്ത്രിയായിരുന്ന ഇന്ത്യൻ വംശജൻ ഋഷി സുനക് ജൂൺ അഞ്ചിന് ചാൾസ് രാജാവിനെ കണ്ട് രാജി സമർപ്പിച്ചു. പിന്നാലെ കൂടിക്കാഴ്ച നടത്തിയ സ്റ്റാർമറെ സർക്കാർ രൂപവത്കരിക്കാനും പ്രധാനമന്ത്രിയാകാനും രാജാവ് ഔദ്യോഗികമായി ക്ഷണിച്ചു. മാറ്റത്തിനായാണു രാജ്യം വോട്ട് ചെയ്തതെന്നു സ്റ്റാർമർ പറഞ്ഞു.

ഏയ്ഞ്ചല റെയ്നറെ ഉപപ്രധാനമന്ത്രിയായി സ്റ്റാർമർ നിയമിച്ചു. റെയ്ച്ചൽ റീവ്സ് ആണ് ചാൻസലർ (ധനമന്ത്രി). യുകെയുടെ ആദ്യ വനിതാ ധനമന്ത്രിയാണിവർ. യിവെറ്റ് കൂപ്പറെ ആഭ്യന്തരമന്ത്രിയായും ഡേവിഡ് ലാമ്മിയെ വിദേശകാര്യമന്ത്രിയായും നിയമിച്ചു.

കഴിഞ്ഞതവണത്തെ അപേക്ഷിച്ച് ഇത്തവണ 211 സീറ്റുകൾ ലേബർ പാർട്ടിക്കു കൂടുതലായി ലഭിച്ചു. കൺസർവേറ്റീവ് പാർട്ടിക്ക് 250 സീറ്റുകൾ നഷ്ടമായി. ലേബർ പാർട്ടി 33.7-ഉം കൺസർവേറ്റീവ് പാർട്ടി 23.7-ഉം ശതമാനം വോട്ട് നേടി. കഴിഞ്ഞതവണ എട്ടു സീറ്റുണ്ടായിരുന്ന ലിബറൽ ഡെമോക്രാറ്റുകൾ ഇത്തവണ 71 സീറ്റിലേക്ക് ഉയർന്നു.



ബ്രിട്ടീഷ് പ്രധാനമന്ത്രി കീയർ സ്റ്റാർമറും ഭാര്യ വിക്ടോറിയയും.

സ്ഥാനമൊഴിഞ്ഞ പ്രധാനമന്ത്രി ഋഷി സുനക് വടക്കൻ ഇംഗ്ലണ്ടിലെ റിച്ച്മണ്ട് ആൻഡ് നോർത്തല്ലെർടൺ സീറ്റിൽ 12,000-ത്തിനു മുകളിൽ വോട്ടിനു വിജയിച്ചു. അതേസമയം, മുൻ പ്രധാനമന്ത്രി ലിസ് ട്രസ് പരാജയപ്പെട്ടു. ലേബർ പാർട്ടിയിലെ ടെറി ജെറമിയോട് 630 വോട്ടിനാണ് ലിസ് ട്രസ് പരാജയപ്പെട്ടത്. സുനക് മന്ത്രിസഭയിൽ അംഗങ്ങളായിരുന്ന ഗ്രാന്റ് ഷാപ്സ്, പെന്നി മോർഡന്റ്, ജേക്കബ് റീസ് മോഗ് എന്നിവരടക്കം 11 മന്ത്രിമാർ പരാജയം രുചിച്ചു. തോൽവിയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് കൺസർവേറ്റീവ് പാർട്ടി നേതൃസ്ഥാനം ഒഴിയുമെന്നു ഋഷി സുനക് (44) അറിയിച്ചു. 2022 ഒക്ടോബറിലാണ് സുനാക് ബ്രിട്ടീഷ് പ്രധാനമന്ത്രിയായത്.

മലയാളിയായ സോജൻ ജോസഫ് ഉൾപ്പെടെ 28 ഇന്ത്യൻ വംശജർ പാർലമെന്റിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. മുൻ മന്ത്രിമാരായ പ്രീതി പട്ടേൽ, സുവെല്ല ബ്രേവർമാൻ, ക്ലെയർ കുടീഞ്ഞോ തുടങ്ങിയ ഇന്ത്യൻവംശജരും വിജയിച്ചു.

## ഓൺലൈൻ തട്ടിപ്പുകൾ വ്യാപകം

ഓൺലൈൻ തട്ടിപ്പുകൾ ഇന്ന് വ്യാപകമാവുകയാണ്. സംസ്ഥാനത്ത് കഴിഞ്ഞ ആറ് മാസത്തിനിടെ സൈബർ വിഭാഗത്തിന് ലഭിച്ചത് നാലായിരത്തിലേറെ പരാതികളാണ്. തട്ടിപ്പിനിരയായിട്ടും പരാതിപ്പെടാതെപോകുന്നവർ ഇതിലുമേറെയാണ്. തട്ടിപ്പിലൂടെ ഇരകളിൽനിന്നും നഷ്ടമായത് അറുനൂറ് കോടിയിലധികം രൂപയും. ജോലി വാഗ്ദാനം ചെയ്തുകൊണ്ടുള്ള തട്ടിപ്പുകളാണ് ഏറെയും. കൂടാതെ ഓൺലൈൻ ഗെയിമിംഗ്, ഷെയർമാർക്കറ്റിൽ ലാഭം വാഗ്ദാനം ചെയ്തുകൊണ്ടുള്ള തട്ടിപ്പ്, പണം ഇരട്ടിപ്പിക്കാമെന്ന് വിശ്വസിപ്പിച്ചുകൊണ്ടുള്ള തട്ടിപ്പ് തുടങ്ങി സമൂഹ മാധ്യമങ്ങളിലൂടെ ഏതെല്ലാം രീതികളിൽ തട്ടിപ്പ് നടത്താമോ ആ രീതികളിലെല്ലാം സൈബർ തട്ടിപ്പ് നടക്കുന്നു എന്നതാണ് പൊലീസിന്റെ കണ്ടെത്തൽ. മലയാളികളെ ഏത് രീതിയിലും പറ്റിക്കാം എന്നതിന്റെ മറ്റൊരു ഉദാഹരണം കൂടിയാണിത്. പണ്ട് ആട്, മാഞ്ചിയം, തേക്ക് തുടങ്ങിയ പദ്ധതികളിലൂടെയാണ് മലയാളികളെ തട്ടിപ്പിനിരയാക്കിയിരുന്നെങ്കിൽ കാലത്തിനൊത്ത മാറ്റം വരുത്തിയാണ് ഇപ്പോൾ സൈബർതട്ടിപ്പായി മാറിയിരിക്കുന്നത്. ഇതിന്റെയെല്ലാം പിറകിൽ നല്ലൊരു ശതമാനം മലയാളികൾതന്നെയാണെന്നത് വളരെ ഗൗരവമേറിയ കാര്യമാണ്. സംസ്ഥാനത്ത് സൈബർ തട്ടിപ്പ് ഏറെ വ്യാപകമായിരിക്കുന്നത് കൊച്ചി കേന്ദ്രീകരിച്ചാണ്. കഴിഞ്ഞ ആറ് മാസത്തിനിടെ കൊച്ചി നഗരത്തിൽ നിന്നുമാത്രമായി സൈബർതട്ടിപ്പ്സംഘം തട്ടിയെടുത്തത് ഇരുപത്തഞ്ച് കോടിയാണ്. നാല് വ്യക്തികളിൽനിന്നു മാത്രം ഇരുപത് കോടിയോളം രൂപയാണ് ഇവർ കൈക്കലാക്കിയത്. ഈ കേസുകളുടെ മാത്രം അന്വേഷണത്തിനായി പ്രത്യേക സംഘത്തെത്തന്നെ നിയോഗിച്ചിരുന്നു. കൊച്ചി സിറ്റി പൊലീസിന്റെ കീഴിലുള്ള പൊലീസ് സ്റ്റേഷനുകളിൽ ഇക്കഴിഞ്ഞ മെയ്, ജൂൺ മാസങ്ങളിൽ മാത്രം രജിസ്റ്റർ ചെയ്ത കേസുകളാണിത്. ജനുവരി മുതൽ ജൂൺവരെ ഇവിടെ മാത്രം രജിസ്റ്റർ ചെയ്ത കേസുകൾ നാനൂറിലേറെ വരും. സംസ്ഥാനത്തിന്റെ വിവിധ സ്റ്റേഷനുകളിൽ ഓരോ ദിവസവും രജിസ്റ്റർ ചെയ്യപ്പെടുന്ന സൈബർ കേസുകളുടെ കണക്കുകൾ കേട്ടാൽ നാം അമ്പരന്നുപോകും. ഈ കേസുകളിൽ നാല്പത് ശതമാനത്തോളം പ്രതികളെ അറസ്റ്റുചെയ്യുവാനും പരാതിക്കാരുടെ നഷ്ടമായ തുകയിൽ മുപ്പതുമുതൽ നാല്പത് ശതമാനംവരെ വീണ്ടെടുക്കാനുമായി എന്നത് വലിയ നേട്ടമാണ്. എന്നാൽ സൈബർ തട്ടിപ്പിലെ വൻസ്രാവുകൾ ഇപ്പോഴും കാണാമറയത്താണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 2023 ഡിസംബർ മുതൽ 2024 മെയ് വരെ തട്ടിപ്പിലൂടെ ഇരകൾക്ക് നഷ്ടമായത് 617.59 കോടിയാണ്. ഇതിൽ സൈബർസെല്ലിന് തിരിച്ചുപിടിക്കാൻ കഴിഞ്ഞതാകട്ടെ 9.67 കോടി മാത്രം. ഓരോ ദിവസവും തുക നഷ്ടപ്പെടുന്നവരുടെ കണക്കുകൾ കൂടുന്നതല്ലാതെ ഇതിന് തടയിടാൻ ആരും മുന്നോട്ട് വരുന്നില്ലാ എന്നതാണ് സത്യം. ഓഹരി വിപണിയിൽ വൻ ലാഭം വാഗ്ദാനം ചെയ്താണ് ചേർത്തലയിൽ ക്ലിനിക് നടത്തുന്ന ഡോക്ടർ ദമ്പതിമാരിൽനിന്ന് 7.65 കോടി രൂപ കോഴിക്കോട് സ്വദേശികളായ തട്ടിപ്പുസംഘം കൈക്കലാക്കിയത്. ഇതിൽ 20 ലക്ഷം രൂപ മാത്രമേ പൊലീസിന് കണ്ടെത്താനായുള്ളു.

ഓൺലൈൻ ട്രേഡിംഗിലൂടെയും നിക്ഷേപത്തിലൂടെയും ലക്ഷങ്ങൾ ലാഭമുണ്ടാക്കാമെന്ന് പറഞ്ഞ് മോഹിപ്പിച്ചാണ് പലരേയും സൈബർ തട്ടിപ്പ് സംഘം കെണിയിൽ വീഴ്ത്തുന്നത്. ഈ കെണിയിൽ വീഴുന്നതിൽ കൂടുതലും ഉന്നതവിദ്യാഭ്യാസമുള്ളവരും ഉയർന്ന സ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമൊക്കെയാണ് എന്നതാണ് ഏറെ വിരോധാഭാസം. നാലായിരത്തിലേറെ പരാതികളാണ് കഴിഞ്ഞ ആറുമാസത്തിനുള്ളിൽ സൈബർ വിഭാഗത്തിന് ലഭിച്ചത്. കഴിഞ്ഞ വർഷത്തെക്കാൾ നാല്പത് ശതമാനം വർദ്ധനയാണിത്.

തട്ടിപ്പുകൾ ഏറെയും ജോലി വാഗ്ദാനം ചെയ്തുകൊണ്ടുള്ളതായതിനാൽ ആൾക്കാരെ പെട്ടെന്ന് വലയിൽ വീഴിക്കാൻ തട്ടിപ്പുകാർക്കു കഴിയും. ഹരിയാന, ഉത്തർപ്രദേശ്, ഡൽഹി തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുള്ള തട്ടിപ്പുസംഘങ്ങളാണ് ഓൺലൈൻവഴി ഈ തട്ടിപ്പുകൾ നടത്തുന്നത്. നാൾക്കുനാൾ തട്ടിപ്പുസംഘം തളരുകയല്ല വളരുകയാണ്. ഓൺലൈൻ തട്ടിപ്പുകളും പെരുകുകയാണ്. തട്ടിപ്പിനിരയാകുന്നതിൽ ഏറെയും സ്ത്രീകളാണ്. ആവശ്യപ്പെടുന്ന തുകയുടെ ലോൺ നിമിഷങ്ങൾക്കുള്ളിൽ ശരിയാകുമെന്നതാണ് പലരേയും ഇതിലേക്ക് വീഴിക്കുന്നത്. എന്നാൽ തിരിച്ചടവ് മുടങ്ങിയാലും തുക മുഴുവൻ അടച്ച് തീർന്നാലും ലോണെടുത്തതിന്റെ നാലും അഞ്ചും ഇരട്ടി അടച്ചു തീർന്നാലും അവരുടെ ബാധ്യത തീരുന്നില്ല. ഓൺലൈൻ തട്ടിപ്പുകളുടെ പുതിയ പുതിയ കഥകൾ ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ലക്ഷങ്ങളും കോടികളും നഷ്ടപ്പെടുന്നവരിൽ പലരും പരാതിപ്പെടാത്തത് തട്ടിപ്പുകാർക്ക് ഈ രംഗത്ത് വിലസാൻ കൂടുതൽ അവസരം ഒരുക്കുകയാണ്. ഓരോ ദിവസവും വർദ്ധിക്കുന്ന ഓൺലൈൻ തട്ടിപ്പിന് തടയിടാൻ പൊതുജനം വളരെ ജാഗ്രതയോടെ പ്രവർത്തിക്കുക എന്നത് മാത്രമാണ് ഏക പോംവഴി. അതല്ലായെങ്കിൽ നഷ്ടമാകുന്നത് വൻതുകകൾ മാത്രമല്ല ജീവൻ തന്നെയാകും. 1930 എന്ന് ടോൾഫ്രീ നമ്പരിലേക്ക് തട്ടിപ്പിനിരയായവർ എത്രയും വേഗം പരാതിപ്പെട്ടാൽ ട്രാൻസ്ഫറായ തുക തിരിച്ചുകിട്ടാൻ ഒരു പരിധിവരെ സഹായിക്കും എന്നത് മാത്രമാണ് ഏക ആശ്വാസം. ഏറ്റവും അടുത്ത പൊലീസ് സ്റ്റേഷനിൽ വിവരം അറിയിക്കുക എന്നതും ഒരു പ്രധാന ഘടകമാണ്. ഇന്നല്ലെങ്കിൽ നാളെ ഈ തട്ടിപ്പുസംഘം നമ്മുടെ മുന്നിലുമെത്താം. ഇവരുടെ വലയിൽ വീഴാതിരിക്കാൻ നമുക്ക് ജാഗരൂകരാകാം.

## രാഹുൽ ഗാന്ധി മണിപ്പൂരിൽ

ഇംഫാൽ: കലാപം കെട്ടടങ്ങിയിട്ടില്ലാത്ത മണിപ്പൂരിലേക്ക് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സന്ദർശനം നടത്തുന്നു. മണിപ്പൂരിലെ നിലവിലുള്ള സാഹചര്യങ്ങൾ വിലയിരുത്തും. സംസ്ഥാനത്തെ കോൺഗ്രസ് നേതാക്കളുമായും രാഹുൽ കൂടിക്കാഴ്ച നടത്തും. വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ച അസമിലെ ദുരിതാശ്വാസ ക്യാമ്പുകളിലെ സന്ദർശനത്തിനു ശേഷമാണ് രാഹുൽ മണിപ്പൂരിലേക്ക് തിരിച്ചത്.

രാഹുൽ ഗാന്ധിയുടെ സന്ദർശനത്തിനു മണിക്കൂറുകൾക്കു മുൻപ് മണിപ്പൂരിൽ വീണ്ടും വെടിവെപ്പ് നടന്നു. രാഹുൽ സന്ദർശിക്കാനിരിക്കുന്ന ജിരിബാം ഗ്രാമത്തിലെ പോലീസ് ഔട്ട്പോസ്റ്റിനു നേരെയാണ് വെടിവെപ്പുണ്ടായത്. ഇതോടെ മണിപ്പൂരിൽ സുരക്ഷ കർശനമാക്കി.

മണിപ്പൂർ സന്ദർശിക്കാൻ പ്രധാനമന്ത്രിക്ക് കഴിഞ്ഞില്ലെന്ന് കോൺഗ്രസ് നേതാവ് ജയറാം രമേശ് കുറ്റപ്പെടുത്തി. "ലോക്സഭയിലെ പ്രതിപക്ഷ നേതാവ് അസമിലേക്കും മണിപ്പൂരിലേക്കും പോകുമ്പോൾ ഇന്ത്യയുടെ 'നോൺ-ബയോളജിക്കൽ' പ്രധാനമന്ത്രി മോസ്കോയിലേക്ക് പോകുന്നു. റഷ്യ-യുക്രെയ്ൻ യുദ്ധം നിർത്തിവെച്ചതായി അവകാശപ്പെടുന്ന നോൺ ബയോളജിക്കൽ പ്രധാനമന്ത്രിയുടെ വക്താക്കൾ ഈ മോസ്കോ യാത്രയിൽ കൂടുതൽ വിചിത്രമായ അവകാശവാദങ്ങൾ ഉന്നയിക്കാനും സാധ്യതയുണ്ട്." അദ്ദേഹം എക്സിൽ കുറിച്ചു.

## ബിംസ്റ്റെക് ഡയറക്ടർ പ്രശാന്ത് ചന്ദ്രൻ

കൊച്ചി: ബംഗാൾ ഉൾക്കടൽ മേഖലാ രാജ്യങ്ങളുടെ കൂട്ടായ്മയായ ബിംസ്റ്റെക് ഡയറക്ടറായി പ്രശാന്ത് ചന്ദ്രനെ കേന്ദ്ര മന്ത്രിസഭയുടെ നിയമനകാര്യ സമിതി നിയമിച്ചു. ഇന്ത്യ, ബംഗ്ലാദേശ്, മ്യാൻമർ, ശ്രീലങ്ക, നേപ്പാൾ, ഭൂട്ടാൻ, തായ്ലൻഡ് എന്നീ ഏഴ് രാജ്യങ്ങളുടെ സാങ്കേതിക, സാമ്പത്തിക സഹകരണ കൂട്ടായ്മയാണിത്. ബംഗ്ലാദേശിലെ ധാക്കയിലാണ് ആസ്ഥാനം.

ഇന്ത്യൻ ഇക്കണോമിക് സർവീസ് 2007 ബാച്ച് ഉദ്യോഗസ്ഥനായ പ്രശാന്ത് നിലവിൽ ഡൽഹിയിൽ കൃഷി മന്ത്രാലയത്തിൽ ഡയറക്ടറാണ്. റീജനൽ പാസ്പോർട്ട് ഓഫീസർ ആയിരിക്കെ കൊച്ചിക്ക് മികച്ച പാസ്പോർട്ട് ഓഫീസിനുള്ള ബഹുമതി മൂന്ന് തവണ നേടിക്കൊടുത്തു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലും പേരാമ്പ്ര ഗവ. കോളജിലും അസി. പ്രഫസറായിരുന്നു. കൊല്ലം പെരുമൺ പുറ്റിങ്ങൽ ആയിഷ ജഗദമ്മയുടെ മകനാണ്. ശാസ്താംകോട്ട ഡിബി കോളജ് അസിസ്റ്റന്റ് പ്രഫസർ ലക്ഷ്മി ശ്രീകുമാറാണ് ഭാര്യ.

## പ്രധാനമന്ത്രി നരേന്ദ്രമോദി റഷ്യയിൽ

ന്യൂഡൽഹി: യുക്രെയ്ൻ യുദ്ധം തുടങ്ങിയശേഷം ആദ്യമായി പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യയിലേക്ക് പുറപ്പെട്ടു. മേഖലയുടെ സമാധാനത്തിനും സ്ഥിരതയ്ക്കും പിന്തുണയേകുന്ന പങ്കാളിത്തമാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്ന് മോദി പറഞ്ഞു. ഓസ്ട്രിയയും മോദി സന്ദർശിക്കും. 40 വർഷങ്ങൾക്കു ശേഷമാണ് ഇന്ത്യൻ പ്രധാനമന്ത്രി ഓസ്ട്രിയ സന്ദർശിക്കുന്നത്.

22-ാം വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാനാണ് മോദി റഷ്യയിലേക്ക് തിരിച്ചത്. ഊർജം, വ്യാപാരം, പ്രതിരോധം തുടങ്ങിയ മേഖലകളിലെ പരസ്പര ബന്ധം വിപുലപ്പെടുത്തുകയാണ് ഇരുരാജ്യങ്ങളുടെയും ലക്ഷ്യം. തുടർന്ന് ഓസ്ട്രിയയിലേക്കു തിരിക്കുന്ന പ്രധാനമന്ത്രി 10-ന് തിരിച്ചെത്തും.

## വി. മുരളീധരനും അനിലിനും ദേശീയ തലത്തിൽ ചുമതല

തിരുവനന്തപുരം: മുൻ കേന്ദ്രമന്ത്രിയും ബിജെപി ദേശീയ നിർവാഹക സമിതിയംഗവുമായ വി. മുരളീധരനെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ പാർട്ടിയുടെ ജോയിന്റ് കോ-ഓർഡിനേറ്ററായി ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡ നിയമിച്ചു. ഡോ. സംബീത് പത്ര എം.പിയാണ് കോ-ഓർഡിനേറ്റർ. ഇന്ത്യയുടെ കിഴക്കേ അറ്റത്തുള്ള എട്ടു സംസ്ഥാനങ്ങളിലെ ബിജെപിയുടെ പ്രവർത്തനങ്ങളുടെ ഏകോപനച്ചുമതലയാണ് മുരളീധരന്. മുതിർന്ന ബിജെപി നേതാവ് പ്രകാശ് ജാവദേക്കർ കേരള പ്രഭാരിയായി തുടരും. ഒഡീഷ കേഡറിലെ മുൻ ഐഎഎസ് ഉദ്യോഗസ്ഥയും ഭുവനേശ്വരിൽനിന്നുള്ള എംപിയുമായ അപരാജിത സാരംഗിയാണ് സഹപ്രഭാരി. ദേശീയ സെക്രട്ടറിയും മലയാളിയുമായ അനിൽ ആന്റണിയെ മേഘാലയ, നാഗാലൻഡ് സംസ്ഥാനങ്ങളുടെ പ്രഭാരിയായി നിയോഗിച്ചു. കേരളമടക്കം 23 സംസ്ഥാനങ്ങളുടെ പ്രഭാരിമാരെയും സഹപ്രഭാരിമാരെയുമാണ് പുതുക്കി നിയോഗിച്ചത്.

Law Office of Sovmya George

IMMMIGRATION LAW FIRM



SERVICES:

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

*"We Handle Cases All Across the USA!"*
-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews

THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



B&M
AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and EFFICIENT

Quality REPAIR



WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

KERALA EXPRESS കേരളം

# ലോക്സഭയെ ഇളക്കിമറിച്ച് രാഹുലിന്റെ പ്രസംഗം

ന്യൂഡൽഹി: ഭയവും വിദ്വേഷവും അസത്യവും പ്രചരിപ്പിക്കാനും അക്രമം നടത്താനും ഉള്ളതല്ല ഹിന്ദു മത



മെന്ന് ലോക്സഭയിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ഹിന്ദുവെന്ന് അവകാശപ്പെടുന്നവർ അക്രമം, വിദ്വേഷം, അസത്യം എന്നിവയെ പ്രോത്സാഹിപ്പിച്ചാണ് സംസാരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്നാഥ് സിംഗ്, അമിത് ഷാ അടക്കമുള്ളവരെ മുന്നിലിരുത്തി രാഹുൽ ആരോപിച്ചു. പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവും തമ്മിൽ അപൂർവമായ, നേർക്കു നേർ വാക്പോരാണ് പാർലമെന്റ് സാക്ഷ്യം വഹിച്ചത്. നീറ്റ് പ്രഫഷണൽ പരീക്ഷ അല്ലാതാക്കിയെന്നും സമ്പന്നർക്കു വേണ്ടിയുള്ള വാണിജ്യപരീക്ഷയാക്കി മാറ്റിയെന്നും രാഹുൽ കുറ്റപ്പെടുത്തി. സായുധ സേനകളിൽ രണ്ടു തരം ഭടന്മാരെ സൃഷ്ടിക്കുന്ന അഗ്നിപഥ് പദ്ധതി തങ്ങൾ അധികാരത്തിലെത്തിയാൽ റദ്ദാക്കുമെന്ന് പ്രതിപക്ഷ നേതാവ് പ്രഖ്യാപിച്ചു. ബിജെപിയുടെ രാഷ്ട്രീയവിദ്വേഷമാണ് മണിപ്പൂരിനെ കത്തിക്കുകയും ആഭ്യന്തരയുദ്ധത്തിലേക്ക് തള്ളിവിടുകയും ചെയ്തത്. എന്നിട്ടും പ്രധാനമന്ത്രി മോദി ആ സംസ്ഥാനം സന്ദർശിക്കാൻ പോലും തയ്യാറായില്ലെന്നും രാഹുൽ പറഞ്ഞു.

ലോക്സഭയിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത്, ബിജെപിക്കും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കുമെതിരെ രൂക്ഷമായ കടന്നാക്രമണമാണ് രാഹുൽ നടത്തിയത്. കടുത്ത വിമർശനങ്ങളെ പ്രതിരോധിക്കാൻ നരേന്ദ്ര മോദിയും അമിത് ഷാ, രാജ്നാഥ് സിംഗ്, ശിവരാജ് സിംഗ് ചൗഹാൻ, ഭൂപേന്ദർ യാദവ്, കിരൺ റിജിജു അടക്കം മന്ത്രിമാരുടെ നിരയും ഒരു പരിധിവരെ സ്പീക്കർ ഓം ബിർലയും രംഗത്തെത്തിയത് അത്യപൂർവമായി. എന്നാൽ, ഓരോ തവണയും പറഞ്ഞത് ആവർത്തിച്ചും ആക്രമണത്തിന്റെ മൂന കൂട്ടിയുമാണ് രാഹുൽ പ്രതികരിച്ചത്. പ്രതിപക്ഷ ഇന്ത്യസഖ്യം എംപിമാർ ഒന്നടങ്കം കൈയടിച്ച് രാഹുലിന് പിന്തുണ നല്കി. സോണിയ ഗാന്ധിയും പ്രിയങ്ക ഗാന്ധിയുമടക്കം നിരവധി ഇന്ത്യസഖ്യം നേതാക്കൾ പ്രതിപക്ഷ നേതാവിന്റെ കന്നിപ്രസംഗം നേരിട്ടു കാണാൻ ഗാലറിയിലെത്തിയിരുന്നു.

"എല്ലാ മതങ്ങളും മഹാന്മാരും അഹിംസയെക്കുറിച്ചും ഭയരാഹിത്യത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. പക്ഷേ, സ്വയം ഹിന്ദുവെന്ന് വിളിക്കുന്നവർ അക്രമത്തെയും വിദ്വേഷത്തെയും അസത്യത്തെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ സംസാരിക്കുന്നു. നിങ്ങൾ ഹിന്ദുക്കളല്ല (ആപ് ഹിന്ദു ഹോ ഹി നഹി)" എന്ന് ബിജെപിക്കാരെ നോക്കി രാഹുൽ പറയുകയും ചെയ്തു. ബിജെപിയും ആർഎസ്എസും മുഴുവൻ ഹിന്ദു സമൂഹമല്ലെന്ന രാഹുലിന്റെ പ്രസ്താവനയ്ക്കെതിരെ പ്രധാനമന്ത്രി മോദി തന്നെ എഴുന്നേറ്റു. ഹിന്ദു സമൂഹത്തെയാകെ അക്രമകാരികളെന്നു വിളിക്കുന്നത് ഗുരുതര പ്രശ്നമാണെന്ന് മോദി പറഞ്ഞു. രാഹുലിന്റെ ഈ പ്രസ്താവന രേഖയിൽ നിന്ന് നീക്കണമെന്ന് അമിത് ഷാ ആവശ്യപ്പെട്ടു. എന്നാൽ, പറഞ്ഞതൊന്നും രാഹുൽ പിൻവലിച്ചില്ല.

## രാഹുലിന്റെ പ്രസംഗം വെട്ടി

ന്യൂഡൽഹി: പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി തിങ്കളാഴ്ച നടത്തിയ പ്രസംഗത്തിലെ ഹിന്ദു പരാമർശങ്ങളടക്കം സ്പീക്കർ രേഖകളിൽ നിന്നു നീക്കി. ബിജെപിയുടെ വിദ്വേഷവുമായി ബന്ധപ്പെട്ട് രാഹുൽ നടത്തിയ പരാമർശവും ഹിന്ദു പരാമർശത്തിനെതിരെ ഭരണപക്ഷത്തെ അംഗങ്ങൾ പ്രതിഷേധിച്ചപ്പോൾ അദ്ദേഹം നല്കിയ മറുപടിയും ഇനി രേഖകളുടെ ഭാഗമല്ല. നീക്കിയ ഭാഗങ്ങൾ ലോക്സഭയുടെ നടപടിച്ചട്ടത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും അതിനാൽ പുനഃസ്ഥാപിക്കണമെന്നും പറഞ്ഞ് രാഹുൽ സ്പീക്കർക്ക് കത്തു നല്കി. നിറയെ ആരോപണങ്ങൾ ഉന്നയിച്ച ഭരണപക്ഷത്തെ അനുരാഗ് ഠാക്കൂറിന്റെ പ്രസംഗത്തിൽനിന്ന് ഒരു വാക്ക് മാത്രമാണ് ഒഴിവാക്കിയതെന്നും ചൂണ്ടിക്കാട്ടി. ഹിന്ദുമത വിശ്വാസികൾക്കെതിരെയല്ല, ബിജെപി നേതാക്കളെ ചൂണ്ടിക്കാട്ടിയാണ് രാഹുൽ ആരോപണം ഉന്നയിച്ചതെന്ന് കോൺഗ്രസ് നേതാക്കൾ സഭയ്ക്കു പുറത്തു പറഞ്ഞു.

അയോദ്ധ്യ രാമക്ഷേത്ര പുനഃപ്രതിഷ്ഠാ ചടങ്ങിൽ അദാനിയും അംബാനിയും പങ്കെടുത്തതുമായി ബന്ധപ്പെട്ട പരാമർശം, അദാനിയുമായി ബന്ധപ്പെട്ട നാല് പരാമർശങ്ങൾ, നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട രാജസ്ഥാനിലെ കോട്ടയിലെ കോച്ചിങ് സെന്ററുകളുമായി ബന്ധപ്പെട്ട ഭാഗം, ന്യൂനപക്ഷങ്ങൾക്കെതിരായ അക്രമങ്ങൾ സംബന്ധിച്ച ഭാഗം, മണിപ്പൂർ കലാപ പരാമർശങ്ങളിൽ നിന്ന് 'ലജ്ജ' എന്നർത്ഥം വരുന്ന വാക്ക്, അഗ്നിവീർ പദ്ധതിയുടെ പിതൃത്വം സംബന്ധിച്ച പരാമർശം എന്നിവയാണ് രേഖകളിൽ നിന്ന് ഒഴിവാക്കിയത്. അഗ്നിവീർ പദ്ധതി മോദിയുടെ സൃഷ്ടിയാണെന്നും സേന ഇതിനെതിരാണെന്നും തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽ രാഹുൽ ആരോപിച്ചിരുന്നു.

## വിസി നിയമനം: ഗവർണറുടെ നീക്കത്തിനെതിരെ സർക്കാർ

തിരുവനന്തപുരം: ആറു സർവകലാശാലകളിൽ സ്ഥിരം വൈസ് ചാൻസലർമാരെ നിയമിക്കാൻ ഗവർണർ സ്വന്തം നിലയ്ക്കു സേർച് കമ്മിറ്റി രൂപീകരിച്ചതിനെതിരെ നിയമനടപടി സ്വീകരിക്കാൻ ഉന്നതവിദ്യാഭ്യാസവകുപ്പ് അഡ്വക്കറ്റ് ജനറലിന്റെ ഉപദേശം തേടി.

യുജിസിയുമായി ബന്ധപ്പെട്ടു സുപ്രീം കോടതിയിൽ കേസ് നടത്തി അനുഭവസമ്പത്തുള്ള ചില അഭിഭാഷകരുടെ സേവനവും അനൗദ്യോഗികമായി തേടുന്നുണ്ട്. ചില സംസ്ഥാനങ്ങളിൽ ഗവർണർമാർ സർവകലാശാല പ്രതിനിധിയില്ലാതെ സേർച് കമ്മിറ്റി രൂപീകരിച്ച നടപടിയിൽ കോടതിയുടെ ഇടപെടൽ എന്തായിരുന്നുവെന്നും പരിശോധിക്കുന്നു.

സേർച് കമ്മിറ്റി വിജ്ഞാപനത്തിൽ ആക്ഷേപമുണ്ടെന്നും കോടതിയെ സമീപിക്കുമെന്നും സർക്കാർ ഹൈക്കോടതിയിൽ വ്യക്തമാക്കിയിരുന്നു. സ്ഥിരം വിസിമാരെ നിയമിക്കാൻ നിർദേശം നൽകണമെന്നാവശ്യപ്പെട്ടു ഡോ. മേരി ജോർജ് നൽകിയ ഹർജി പരിഗണിച്ചപ്പോഴാണു സർക്കാർ ഇക്കാര്യമറിയിച്ചത്.

കാലിക്കറ്റ് സർവകലാശാലാ വൈസ് ചാൻസലർ ജൂലൈ 11-നു സ്ഥാനമൊഴിയുകയാണ്. ഇതുൾപ്പെടെ സ്ഥിരം വിസി ഇല്ലാത്ത മറ്റു സർവകലാശാലകളിൽ കൂടി സേർച് കമ്മിറ്റി രൂപീകരിച്ചു ഗവർണർ വിജ്ഞാപനമിറക്കുമോ എന്നാണു സർക്കാർ ഉറ്റുനോക്കുന്നത്. ഇതിനുള്ള തയാറെടുപ്പു നടത്താൻ ഗവർണർ നേരത്തേ രാജ്ഭവൻ അധികൃതരോടു നിർദേശം നൽകിയിരുന്നു.

സർക്കാർ നിയമനടപടിയെക്കുറിച്ച് ആലോചിക്കുകയാണെങ്കിലും ഗവർണർ നിയമിച്ച സേർച് കമ്മിറ്റിയിലെ അംഗങ്ങളുമായി താൽക്കാലിക വിസിമാർ ആശയവിനിമയം നടത്തിയിട്ടുണ്ട്. ഈ വിസിമാരെല്ലാം ചാൻസലറുടെ നോമിനികളാണെന്ന പ്രത്യേകതയുണ്ട്.

## ബിഷപ് ഡോ. ജോർജ് മാമലശേരിൽ അന്തരിച്ചു



ടുറ: മേഘാലയയിലെ ടുറ രൂപതയുടെ പ്രഥമ മെത്രാൻ ഡോ. ജോർജ് മാമലശേരിൽ (92) അന്തരിച്ചു. പാലാ രൂപതയിലെ കളത്തൂർ സെന്റ് മേരീസ് ഇടവകാംഗമായിരുന്ന ഡോ. ജോർജ് മാമലശേരിൽ 'എഞ്ചിനീയർ ബിഷപ്' എന്ന വിശേഷണത്തിലൂടെ ശ്രദ്ധേയനായിരുന്നു. 28 വർഷം മെത്രാനായിരുന്നതുൾപ്പെടെ 64 വർഷം വടക്കുകിഴക്കൻ മേഖലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ശ്വാസകോശ സംബന്ധമായ അസുഖങ്ങളെത്തുടർന്ന് ടുറയിലെ ഹോളി ക്രോസ് ആശുപത്രിയിൽ ചികിത്സയിലിരിക്കേ ജൂൺ അഞ്ചിന് പുലർച്ചെയായിരുന്നു അന്ത്യം. ടുറ രൂപതയുടെ പ്രഥമ ബിഷപ്പായി 1979-ലാണ് സ്ഥാനമേറ്റത്. 2007-ൽ വിരമിച്ചു.

മാമലശേരി പരേതരായ കുര്യൻ-എലിസബത്ത് ദമ്പതികളുടെ മകനായി 1932 ഏപ്രിൽ 22-ന് കളത്തൂരിലാണ് ജനനം. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മദ്രാസ്-മൈലാപ്പൂർ രൂപതയ്ക്കായി പൂനമല്ലിയിലെ സേക്രഡ് ഹാർട്ട് സെമിനാരിയിൽ ചേർന്നു. 1960 ഏപ്രിൽ 24-ന് പൗരോഹിത്യം സ്വീകരിച്ചു.

തുടർന്ന് ഷില്ലോംഗ്-ഗോഹട്ടി അതിരൂപതയിലെ ഗാരോ ഹിൽസിൽ സേവനമാരംഭിച്ചു.







## THE NORTHEAST AMERICAN DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

# FAMILY & YOUTH CONFERENCE-2024

www.neamericandiocese.org e-mail: fyc@neamericandiocese.org

**Date: JULY 10 to JULY 13, 2024 Venue: Wyndham Lancaster Resort, 2300 Lincoln Hwy E., Lancaster, PA 17602**

Conference Theme: "Set your minds on things above, not on earthly things." *Colossians 3:2*



**HH Baselios Marthoma Mathews III**
Catholicos & Malankara Metropolitan




**HG Zachariah Mar Nicholovos**
Diocesan Metropolitan

### FAMILY & YOUTH CONFERENCE COMMITTEE-2024

Conference Chair: His Grace Zachariah Mar Nicholovos Metropolitan
Conference Coordinator: Rev. Fr. Abu Peter
Conference Secretary: Mr. Cheriyan Perumal
Treasurer: Mr. Mathew Joshua
Finance Coordinator: Mr. John Thamaravelil
Souvenir Editor: Ms. Deepthi Mathew
Raffle Coordinator: Mr. Mathew Varughese
Joint Treasurer: Mr. Shawn Abraham
Joint Secretary: Mr. Shibu Tharakan
Sports: Mr. Jeemon Varghese & Ms. Irene George
Event & Entertainment: Ms. Milly Philip & Ms. Irene George
Medical: Dr. Rebecca Pothen
Media & Publicity: Rev. Fr. Jerry Varghese, Mr.Oommen Kappil & Mr. George Thumpayil
Procession: Mr. Korah Cherian & Mr. Ajith Vattasseril
Safety & Security: Mr. Noble Varghese & Mr. Titus Alexander

Chaplains: Rev. Fr. Tobin P. Mathew ( Adult) & Rev. Fr. Anoop Thomas (Youth)
Curriculum-Adults: Rev. Dr. Varghese M. Daniel
Curriculum-Sunday School: Rev. Fr. Sujit Thomas
Curriculum-MGOCSM: Rev. Fr. Dennis Mathai
Curriculum-FOCUS: Rev. Fr. Anoop Thomas
Photography: Mr. Bipin V. Mathew
Diocesan Secretary: Rev. Dr. Varghese M. Daniel
Diocesan Council: Rev. Fr. Shibu V. M, Rev. Fr. Vijay Thomas, Mr. Joby John, Mr. Oommen Kappil, Mr. Shane Oommen, Mr. Bijo Thomas
Malankara Association Managing Committee Members: Rev. Fr. Blessen Varghese, Mr. Koppara Samuel, Mr. Shaji Varghese, Mr. K. G. Oommen
Diocesan Chancery Staff: Chancellor Rev. Fr. Thomas Paul
Principal Secretary: Rev. Fr. Abraham (Abey) George
Executive Assistant to Metropolitan: Rev. Fr. Daniel (Dennis) Mathai
Auditor: Mr. John Thomas, CPA



**Rev. Dr. Varghese M. Daniel**
Diocesan Secretary



**Rev. Dr. Varghese Varghese**
Keynote Speaker



**Rev. Fr. Seraphim Majmudar**
Youth Session Speaker



**Rev. Fr. Joel Mathew**
Youth Session Speaker



**Rev. Fr. Abu Peter**
Conference Coordinator



**Cheriyan Perumal**
Conference Secretary



**Mathew Joshua**
Treasurer



**Deepthi Mathew**
Souvenir Chief Editor



**John Thamaravelil**
Finance Coordinator



**Shawn Abraham**
Assistant Treasurer



**Shibu Tharakan**
Assistant Secretary



**Mathew Varughese**
Raffle Coordinator



**Rev. Fr. Tobin P. Mathew**
Chaplain-Adults



**Rev. Fr. Anoop Thomas**
Chaplain-Youth



**Rev. Fr. Jerry Varghese**
Media & Publicity



**Oommen Kappil**
Media & Publicity



**George Thumpayil**
Media & Publicity



**Rev. Fr. Sujit Thomas**
Curriculum-Sunday School



**Rev. Fr. Dennis Mathai**
Curriculum-MGOCSM



**Milly Philip**
Events & Entertainment



**Irene George**
Events & Entertainment



**Dr. Rebecca Pothen**
Medical



**Jeemon Varghese**
Sports



**Korah Cherian**
Procession



**Ajith Vattasseril**
Procession



**Rev. Dr. Raju Varghese**
Choir Coordinator



**Bipin Mathew**
Photography



**Noble Varghese**
Security



**Diocesan Council**



**Conference General Committee**



**Finance Committee**



**Souvenir Committee**



**FYC Choir**

# മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം ഭദ്രാസന കോൺഫറൻസ് 11 മുതൽ 14 വരെ അരിസോണയിൽ

ഫീനിക്സ്/ലോസ് ഏഞ്ചലസ്: ശതാബ്ദി ആഘോഷിക്കുന്ന മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ പതിനേഴാമത് ദൈവാർഷിക ഭദ്രാസന കോൺഫറൻസിന് അരിസോണയിലെ ഗ്രാൻഡ് റിസോർട്ടിൽ 11-ന് തുടക്കമാകും. അമേരിക്കൻ ഭദ്രാസനാദ്ധ്യക്ഷൻ ഡോ. ഏബ്രഹാം മാർ പൗലോസ് ഉദ്ഘാടനം ചെയ്യും. സംഘം പ്രസിഡണ്ട് ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് അദ്ധ്യക്ഷത വഹിക്കും. ഭദ്രാസന സെക്രട്ടറി റവ. ജോർജ് ഏബ്രഹാം, കോൺഫറൻസ് പ്രസിഡണ്ട് റവ. ഗീവർഗീസ് കൊച്ചുമ്മൻ, ജനറൽ കൺവീനർ രാജേഷ് മാത്യു, ട്രഷറർ വർഗീസ് ജോസഫ്, അസംബ്ലി മെംബർ വിനോദ് വർഗീസ് എന്നിവർ പ്രസംഗിക്കും. 'വെല്ലുവിളികൾ നിറഞ്ഞ ലോകത്ത് ദൈവത്തിന്റെ ദൗത്യം' എന്ന ചിന്താവിഷയം അടിസ്ഥാനമാക്കിയുള്ള സന്ദേശങ്ങൾ നല്കപ്പെടും. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ്, മാർത്തോമ്മാ വൈദിക സെമിനാരി മുൻ പ്രിൻസിപ്പലും വേദശാസ്ത്ര പണ്ഡിതനുമായ റവ.ഡോ. പ്രകാശ് കെ. ജോർജ് എന്നിവർ സെഷനുകൾക്ക് നേതൃത്വം നല്കും.

**മനു തുരുത്തിക്കാടൻ**

കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിന് 22-ഓളം കമ്മിറ്റികൾ പ്രവർത്തിക്കുന്നു. കുര്യൻ വർഗീസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, രാജൻ ഏബ്രഹാം ട്രഷറർ, റെജി മാത്യു ഗതാഗതം, ലിജൻ മാത്യു ഫുഡ്, അനു ജോർജ് രജിസ്ട്രേഷൻ, ഡോ. സൈമൻ തോമസ് അക്കോമഡേഷൻ, ടോം ജോർജ് സുവനീർ, പബ്ലിസിറ്റി-മനു വർഗീസ്, ജൂബി മാത്യു-ക്വയർ, ഡിജിറ്റൽ മീഡിയ-സജി ബേബി, ഷിജി ജോൺസൺ തുടങ്ങിയ വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. കോൺഫറൻസിന്റെ ഭാഗമായി മുതിർന്ന പൗരന്മാരെ ആദരിക്കും.

കാലിഫോർണിയ, അരിസോണ, സിയാറ്റിൻ, വാഷിങ്ടൺ ഉൾപ്പെടുന്ന വെസ്റ്റേൺ റീജിയനാണ് കോൺഫറൻസിന് ആതിഥ്യമരുളുന്നത്. റീജിയനിലെ വൈദികരായ റവ. സജി തോമസ്, റവ. സിജു ജേക്കബ്, റവ. ജിനു ജോൺ, റവ. തോമസ് ബി, കോൺഫറൻസ് വൈസ് പ്രസിഡണ്ട് സണ്ണി കെ. മാത്യു, ഫിലിപ്പ് ജേക്കബ്, ജോൺ ഗീവർഗീസ്, തോമസ് വർഗീസ് എന്നിവർ നേതൃത്വം നല്കുന്നു. സിലിക്കൻവാലി ഇടവക വികാരി റവ. ജിനു ജോൺ കോൺഫറൻസിന്റെ തീം സോങ്ങും ജനറൽ കൺവീനർ രാജേഷ് മാത്യു സമർപ്പണഗാനവും രചിച്ചു. റീജിയൻ സംഗീതം നല്കിയിരിക്കുന്നു.

ഡോ. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സുവിശേഷവേലയോടുള്ള അഭിവാഞ്ഛയാണ് സ്വമേധ സുവിശേഷകസംഘത്തിന്റെ രൂപീകരണത്തിന് പ്രേരണയായത്. 1924 ഓഗസ്റ്റ് 24-ന് അയിരൂർ ചായൽ പള്ളിയിൽ കൂടിയ യോഗത്തിലാണ് മാർത്തോമ്മാ സ്വമേധ സന്നദ്ധ സുവിശേഷക സംഘം രൂപീകൃതമായത്. സി.വി. ഫിലിപ്പോസ് കശീശ പ്രസിഡണ്ടായും മൂത്താംപാക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശി ജനറൽ സെക്രട്ടറിയായും സി.ജെ. ജോൺ ഉപദേശി സഞ്ചാര സെക്രട്ടറിയായും നിയോഗിതരായി. 1938-ൽ മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘമെന്ന് പുനർനാമകരണം ചെയ്തു.




ഫീനിക്സ് നഗരത്തിനും വിമാനത്താവളത്തിനും സമീപമാണ് ഫോർസ്റ്റാർ സൗകര്യങ്ങളുള്ള അരിസോണ ഗ്രാൻഡ് റിസോർട്ട് സ്പാ. കോൺഫറൻസിനു ശേഷം സമീപപ്രദേശങ്ങളിലെ വിവിധ പ്രകൃതിദൃശ്യങ്ങൾ സന്ദർശിക്കുന്നതിനുള്ള സൗകര്യവും സംഘാടകർ ഒരുക്കിയിരിക്കുന്നു.

## സോജൻ ജോസഫ് ബ്രിട്ടീഷ് പാർലമെന്റിലെ ആദ്യ മലയാളി എംപി

കോട്ടയം: ബ്രിട്ടീഷ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ വിജയിച്ച് കൈപ്പുഴ സ്വദേശി സോജൻ ജോസഫ്. രണ്ടു പതിറ്റാണ്ടിലേറെയായി ഇംഗ്ലണ്ടിൽ താമസിക്കുന്ന സോജൻ, കൈപ്പുഴ ചാമക്കാലായിൽ ജോസഫിന്റെയും പരേതയായ ഏലിക്കുട്ടിയുടെയും മകനാണ്. യുകെയിൽ പാർലമെന്റ് അംഗമാകുന്ന ആദ്യ മലയാളിയാണ് സോജൻ.



സോജൻ ജോസഫ് ഭാര്യ ബ്രിറ്റ, മക്കളായ ഹന്ന, സാറ, മാത്യു എന്നിവർക്കൊപ്പം.

ലേബർ പാർട്ടി സ്ഥാനാർത്ഥിയായിരുന്ന സോജൻ ആഷ്ഫോർഡിൽ നിന്നാണ് ജയിച്ചത്. കൺസർവേറ്റീവ് പാർട്ടിയുടെ സിറ്റിങ് എംപിയെ 1779 വോട്ടിനാണു പരാജയപ്പെടുത്തിയത്. സോജൻ 15,262 വോട്ടും കൺസർവേറ്റീവ് സ്ഥാനാർത്ഥി ഡാമിൻ ഗ്രീൻ 13,483 വോട്ടും നേടി.

റിഫോം യുകെ പാർട്ടി 10141 വോട്ട് നേടി മൂന്നാം സ്ഥാനത്ത് എത്തിയത് സോജന്റെ വിജയത്തിനു സഹായകരമായതായി ആഷ്ഫോർഡിലുള്ള മലയാളികൾ പറഞ്ഞു.


2002 മുതൽ ആഷ്ഫോർഡിലെ പൊതുരംഗത്ത് സജീവമാണ് സോജൻ. നിലവിൽ ആഷ്ഫോർഡ് എയിൽസ്ഫോർഡ് ആന്റ് ഈസ്റ്റ് സ്റ്റൗർ വാർഡിൽലെ ലോക്കൽ കൗൺസിലറായ ഇദ്ദേഹം, ലേബർ പാർട്ടിയുടെയും പാർട്ടിയുടെ യൂണിയനായ യൂനിസന്റെയും സജീവ പ്രവർത്തകനാണ്. നേഴ്സുമാരുടെ ശമ്പള വർധനയ്ക്കായുള്ള സമരത്തിലും നേഴ്സിങ് വിദ്യാർത്ഥികളുടെ ഗ്രാന്റ് പുനസ്ഥാപിക്കാനുള്ള പോരാട്ടത്തിനും നേതൃത്വം നൽകിയിട്ടുണ്ട്.

മലയാളി അസോസിയേഷനുകളിലും കൂട്ടായ്മകളിലും സജീവ സാന്നിധ്യവുമാണ്. ഹെൽത്ത് കെയർ ലീഡർഷിപ്പിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള സോജൻ മാന്നാനം കെ.ഇ. കോളജ് പൂർവ വിദ്യാർത്ഥിയാണ്.

ബംഗളൂരുവിൽ നേഴ്സിങ് പഠനത്തിനുശേഷമാണ് യുകെയിലേക്കു കുടിയേറുന്നത്. ഭാര്യ: ബ്രൈറ്റ ജോസഫ്. മക്കളായ ഹന്ന, സാറ, മാത്യു എന്നിവർക്കൊപ്പം ആഷ്ഫോർഡിലാണ് താമസം.

## ഓർമ

കവിളിലുനുണകുഴിയുള്ള സുന്ദരിപെണ്ണിന്റെ
പുഞ്ചിരി കാണുവാൻ കൊതിയുണ്ട് എനിക്ക്
മറവിയാൽ നീ എന്നെ മറന്നിരുന്നാലും
ഒരിക്കലും നിന്നെ ഞാൻ മറക്കുകില്ലാ
അമ്മ ആയി പിന്നെ മുത്തമ്മ ആയി
കൊച്ചുമക്കളെ നിന്റെ ഓർമയിൽ ഉണ്ടോ?
ഓർക്കുമ്പോൾ, ഓർക്കുമ്പോൾ, ഞാൻ ഓർത്തുപോകും
നിന്റെ ഓർമകുറവല്ലേ കാരണം എന്ന്.
ലോകം മുഴുവനും ചുറ്റിയ നമ്മൾ
വീട്ടിനുള്ളിൽ ചുറ്റി നടക്കുന്നു ഇപ്പോൾ
മക്കളും കൊച്ചുമക്കളും വന്നിട്ടു
സ്നേഹചുംബനങ്ങൾ വാരിപുണരുന്നു
നാട്ടുകാർ, വീട്ടുകാർ വീട്ടിൽ വരാൻ ആശ
വന്നുകഴിഞ്ഞാൽ മനസ്സാകെ ദുഃഖം
നല്ലപ്രായത്തിൽ ഓടിനടക്കുമ്പോൾ
ഓർക്കുമോ നമ്മുടെ അന്ത്യനാളുകൾ
പള്ളിയുണ്ട്-പട്ടക്കാരനും ഉണ്ട്
പ്രാർത്ഥനാ അല്ലാതെ വേറെ എന്തു ചെയ്യാം
നന്ദിയുണ്ട്, നല്ല മനസ്സുകൾ ഉണ്ട്
മരുന്നിനു ഫലം വേറെ ഒന്നും ഇല്ലതാനും.



**ജെയിംസ് ചെട്ടിയാത്ത്**






# 15–ാമത് കെസിസിഎൻഎ കൺവൻഷന് സമൂഹബലിയോടെ തുടക്കം




**ബൈജു ആലപ്പാട്ട്**

സാൻ അന്റോണിയോ: 15–ാമത് കെസിസി എൻഎ കൺവൻഷന് ഭക്തിനിർഭരമായ സമൂഹ ബലിയോടെ തുടക്കമായി. സാൻ അന്റോണിയോ യിലെ ക്നായിതൊമ്മൻ നഗറിൽ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിച്ച ദിവ്യബലിയിൽ നിരവധി വൈദികർ സഹകാർമ്മികരായിരുന്നു.

കൺവൻഷൻ നഗറിലെത്തിയ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയെ കെസിസി എൻഎ പ്രസിഡണ്ട് ഷാജി എടാട്ട് ബൊക്കെ നല്കി സ്വീകരിച്ചു. മറ്റ് ഭാരവാഹികളായ ജിപ്സൺ പുറയംപള്ളിൽ, അജീഷ് പോത്തൻ താമറത്ത്, സ്റ്റീഫൻ കിഴക്കേക്കുറ്റ്, സാമോൻ പല്ലാട്ടുമഠം, സോമൻ കോട്ടൂർ, സൈമൺ ആറു പറ, ഫാ. ബോബൻ വട്ടംപുറത്ത്, ഫാ. ബിൻസ് ചേത്തലിൽ, ഫാ. സിജു മുടക്കോടിൽ, ഫാ. അബ്രഹാം കളരിക്കൽ, ഫാ. ജെമി പുതുശ്ശേരിൽ, ഫാ. സജി പിണർക്കയിൽ, ഫാ. ജോസഫ് മണ പ്പുറം തുടങ്ങിയവരും സന്നിഹിതരായിരുന്നു.





## ഇന്ത്യയിലെ അക്കൗണ്ടിലൂടെ യുഎഇയിൽ പണമിടപാട് നടത്താം

ന്യൂഡൽഹി: സന്ദർശക വിസയിൽ എത്തുന്ന ഇന്ത്യക്കാർക്കും യുഎഇയിലെ താമസ വിസക്കാർക്കും (എൻആർഐ) ഇനിമുതൽ എടിഎം കാർഡോ, യുപിഐ പേയ്മെന്റ് ക്യൂആർ കോഡോ ഉപയോഗിച്ച് യുഎഇയിൽ പണമിടപാട് നടത്താം.

നെറ്റ്‌വർക്ക് ഇന്റർനാഷണലിന്റെ പിഒഎസ് മെഷീനുകളിലൂടെ യുപിഐ പണമിടപാടിനുള്ള സൗകര്യം നിലവിൽ വന്നു. നാഷണൽ പേയ്മെന്റ്സ് കോർപറേഷൻ ഓഫ് ഇന്ത്യയും (എൻപിസിഐ) ഗൾഫ് മേഖലയിലെ പേയ്മെന്റ് കമ്പനിയായ നെറ്റ്‌വർക്കും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണിത്.

പുതിയ സംവിധാനം നിലവിൽ വന്നതോടെ യുഎഇ സന്ദർശിക്കുന്ന ഇന്ത്യക്കാർക്ക് രൂപ ദിർഹത്തിലേക്ക് മാറ്റിക്കൊണ്ടു പോകേണ്ടതില്ല. നാട്ടിലെ എടിഎം കാർഡ് ഉപയോഗിച്ചോ യുപിഐ ക്യുആർ കോഡ് സ്കാൻ ചെയ്തോ പണമിടപാട് നടത്താം. നെറ്റ്‌വർക്ക് ഇന്റർനാഷണലിന് രണ്ട് ലക്ഷത്തിലേറെ പിഒഎസ് മെഷീനുകളുണ്ട്.

സന്ദർശക വിസയിൽ വരുന്നവർ ഇവിടെ ചെലവഴിക്കാൻ ദിർഹത്തിൽ നിശ്ചിത തുക കൈയിൽ കരുതണമെന്നാണ് നിലവിലുള്ള വ്യവസ്ഥ.

ഇനി, തുല്യമായ തുകയ്ക്ക് ഇന്ത്യൻ രൂപ അക്കൗണ്ടിൽ ഉണ്ടെങ്കിൽ എടിഎം കാർഡും അക്കൗണ്ട് സ്റ്റേറ്റ്മെന്റും കൈവശം കരുതി യാത്ര ചെയ്യാം. രൂപയിൽ നിന്നും ദിർഹത്തിലേക്ക് എക്സ്ചേഞ്ച് ചെയ്യുമ്പോഴുണ്ടാകുന്ന സാമ്പത്തിക നഷ്ടം കുറയ്ക്കാനും പുതിയ സംവിധാനത്തിലൂടെ സാധിക്കും.

## മേരി ക്യൂറി ഫെലോഷിപ് റിയ തോമസിന്




കോട്ടയം: ശാസ്ത്ര ഗവേഷണത്തിനു യൂറോപ്യൻ കമ്മീഷൻ നൽകുന്ന മേരി സ്കൊഡോവ്സ്ക ക്യൂറി ആക്ഷൻസ് ഫെലോഷിപ് (ഏകദേശം 1.99 കോടി രൂപ) കോട്ടയം പൂവൻതുരുത്ത് സ്വദേശി ഡോ. റിയ തോമസിനു ലഭിച്ചു. ത്വക്കിലെ അർബുദം നേരത്തെ തിരിച്ചറിയാൻ സഹായിക്കുന്ന സെൻസർ വികസിപ്പിക്കുന്നതിനായി സ്വീഡനിലെ മാൽമോ യൂണിവേഴ്സിറ്റിയിൽ രണ്ടുവർഷത്തെ ഗവേഷണത്തിനാണ് അവസരം.

ചെന്നൈ സ്റ്റെല്ലാ മാറീസ് കോളജിൽനിന്നു ഫിസിക്സിൽ ബിരുദം നേടിയ റിയ, ബെംഗളൂരു ക്രൈസ്റ്റ് സർവകലാശാലയിൽനിന്നാണ് ബിരുദാനന്തരബിരുദവും പിഎച്ച്ഡിയും നേടിയത്. പൂവൻതുരുത്ത് പൂപ്പിള്ളിൽ തോമസ് അഗസ്റ്റിന്റെയും ഷീബയുടെയും മകളാണ്. ഭർത്താവ് സിംസൺ സണ്ണി.



# ഉമ്മൻ ചാണ്ടി:

## ഒരിക്കലും മരിക്കാത്ത ഓർമ്മകൾ




ഉമ്മൻ ചാണ്ടി, ലോകത്തിന്റെ ഏത് കോണിലുമുള്ള മലയാളിക്ക് ആശ്വാസമായിരുന്നു ആ പേര്. സാന്ത്വനവും പ്രതീക്ഷയുമായിരുന്നു. പോകാത്ത സ്ഥലവും കാണാത്ത ജനവുമുണ്ടാകില്ല. ഉമ്മൻ ചാണ്ടിയെ പോലെ മറ്റൊരാളില്ല. കേരളത്തിന്റെ ജനനായകൻ യാത്രയായിട്ട് ഒരു വർഷമാകുന്നു.

തീക്ഷ്ണമായ രാഷ്ട്രീയ പരീക്ഷണങ്ങളിൽ അടിപതറാതെ ആ പുതുപ്പള്ളിക്കാരൻ ജ്വലിച്ച് നിന്നു. കീറൽ വീണ ഖദർ ഷർട്ടിന്റെ ആർഭാടരാഹിത്യമാണ് ഉമ്മൻ ചാണ്ടിയെ ആൾക്കൂട്ടത്തിന്റെ ആരാധനാപാത്രമാക്കിയത്. കയറിപ്പോകാനുള്ള ഏണിപ്പടികളായി ഉമ്മൻ ചാണ്ടി ഒരിക്കലും ജനത്തെ കണ്ടില്ല. അധികാരത്തിന്റെ ഉയരങ്ങളിൽ ഒറ്റയ്ക്കിരിക്കാൻ ആഗ്രഹിച്ചതുമില്ല. അക്ഷരാർത്ഥത്തിൽ ഉമ്മൻ ചാണ്ടി ജനങ്ങൾക്ക് സ്വന്തമായിരുന്നു.

ഉമ്മൻ ചാണ്ടിയെ അമരനാക്കുന്ന എന്നെപോലെയുള്ള സാധാരണക്കാർക്ക് സാന്ത്വനമേകിയ ഒത്തിരി കാര്യങ്ങൾ ഉണ്ട്. ഒരു രൂപയ്ക്ക് ഒരു കിലോ അരി, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് പ്രതിമാസം മൂന്ന് രൂപയ്ക്ക് 25 കിലോ അരി, 25 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ്, എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ്, ജനസമ്പർക്ക പരിപാടി തുടങ്ങി വൻ പദ്ധതികളായ വല്ലാർപാടം തുറമുഖം, പെട്രോനെറ്റ് എൽഎൻജി പദ്ധതി, വിഴിഞ്ഞം തുറമുഖം, സ്മാർട്ട് സിറ്റി വികസനം, കൊച്ചി മെട്രോ റെയിൽ, കണ്ണൂർ വിമാനത്താവളം, മലയോര ഹൈവേ, ശബരിമല വികസനം, മിഷൻ 2010 വരെ നിരവധി പദ്ധതികൾ. എന്നാൽ ഞാൻ എപ്പോഴും ഓർക്കാറുള്ള ഒരു കാര്യമുണ്ട്, സാധാരണക്കാരുമായുള്ള ഉമ്മൻ ചാണ്ടിയുടെ നിത്യസമ്പർക്കത്തിലൂടെ അനേകായിരം ജീവിതങ്ങളിൽ അദ്ദേഹം കൊളുത്തിവെച്ച വെളിച്ചത്തിന്റെ ഒരു ചീന്ത് ആയിരിക്കും മേൽപറഞ്ഞ ബൃഹത് പദ്ധതികളെക്കാൾ ഏറ്റവും വലിയ പുണ്യപ്രവൃത്തി എന്ന്.

ഉമ്മൻ ചാണ്ടി എന്ന മനുഷ്യന്റെ ജനസ്വീകാര്യത യഥാർത്ഥത്തിൽ മനസ്സിലാക്കിയത് ആ മനുഷ്യന്റെ രാഷ്ട്രീയ എതിരാളികളാണ്. അതുകൊണ്ടാണ് ഏറ്റവും ഹീനമായ രീതിയിലുള്ള ആരോപണങ്ങൾ അവർ അദ്ദേഹത്തിനെതിരെ ഉന്നയിച്ചത്. കേരള പോലീസ് രണ്ടു പ്രാവശ്യം അന്വേഷിച്ചു തെളിവില്ല എന്നു കണ്ടെത്തി അവസാനിപ്പിച്ച പരാതി പിന്നീട് ആരോപണം ഉന്നയിച്ച സ്ത്രീയിൽനിന്ന് എഴുതി വാങ്ങി സിബിഐ അന്വേഷണംവരെ നടത്തി. ഒടുവിൽ ഈ പരാതിക്ക് ഒരു തെളിവുമില്ലെന്ന് കണ്ടെത്തി സിബിഐ ഈ പരാതിയിന്മേലുള്ള അന്വേഷണവും അവസാനിപ്പിച്ചു. ഉമ്മൻ ചാണ്ടി തന്റെ ജീവിതത്തിലെ അവസാനത്തെ ഏതാനും വർഷങ്ങൾ കടന്നുപോയത് അതിഭീകരമായ വ്യക്തിഹത്യ നേരിട്ടുകൊണ്ടായിരുന്നു. സർക്കാരിന് യാതൊരുതരത്തിലും ബന്ധമില്ലാത്ത ഒരു തട്ടിപ്പ് സംഘം നടത്തിയ കബളിപ്പിക്കലുകളെപോലും നല്ലൊരു ആയുധമായി ഉപയോഗിച്ച് പ്രതിപക്ഷ രാഷ്ട്രീയക്കാർ സർക്കാരിനെ പ്രതിരോധത്തിലാക്കുവാൻ ശ്രമിച്ചു. എന്നാൽ എപ്പോഴും ജനങ്ങളുടെ മധ്യേ ജീവിച്ച്, ഉയർന്ന നീതിബോധവും ജനസേവന തൽപരതയും ജീവിതവ്രതമാക്കിയ ഒരു രാഷ്ട്രീയ നേതാവിനെതിരെ ഈ തട്ടിപ്പ് സംഘത്തിലെ ഒരു സ്ത്രീയെക്കൊണ്ട് ആരോപണം ഉന്നയിപ്പിക്കുക എന്നത് ഏറ്റവും ഹീനമായ പ്രവൃത്തിയായിരുന്നു. ഇത്തരം നീചമായൊരു കാര്യത്തിന് കേരളത്തിലെ ചില രാഷ്ട്രീയ പ്രവർത്തകർ നേതൃത്വം കൊടുത്തപ്പോൾ കുറേ മാധ്യമങ്ങളും അധികാര മോഹികളായ കൂടെയുള്ള ചിലരും അന്തി ചർച്ച ജഡ്ജികളും നിരീക്ഷകരും ഇവരോടൊപ്പം ചേർന്നു. ഈ ദുഃഖം കടിച്ചമർത്തിയാണ് കേരളത്തിലെ എക്കാലത്തേയും മികച്ച രാഷ്ട്രീയക്കാരനും മുഖ്യമന്ത്രിയുമായിരുന്ന ഉമ്മൻ ചാണ്ടി നിത്യവിശ്രമത്തിലേക്ക് മാറ്റപ്പെട്ടത്. അദ്ദേഹം അനുഭവിച്ച വേദനയും ദുഃഖവും തങ്ങളുടെ സ്വന്തം വേദനയായി ഏറ്റെടുത്ത് അദ്ദേഹത്തിന്റെ ശവമഞ്ചത്തിനരികിലേക്കു നീങ്ങിയ ജനക്കൂട്ടമാണ് ഇപ്പോൾ ദിവസംപ്രതി കബറിങ്കലേക്കും കടന്നു വരുന്നത്.



ജിനു കുര്യൻ പാമ്പാടി

ഉമ്മൻ ചാണ്ടിക്കെതിരെ ഒന്നിന് പിറകെ ഒന്നായി വ്യാജ ആരോപണങ്ങൾ നിരത്തിയ ഒരു മാധ്യമത്തിന്റെ കൺസൾട്ടിംഗ് എഡിറ്റർ എൻ. മാധവൻകുട്ടി കുറ്റസമ്മതം നടത്തി. ഉമ്മൻ ചാണ്ടി എന്ന നിരപരാധിക്കെതിരെ ചെയ്ത കാര്യങ്ങൾക്ക് പരസ്യമായി, അദ്ദേഹത്തിന്റെ മരണശേഷം മാപ്പ് പറഞ്ഞുകൊണ്ട് അദ്ദേഹം ഫെയ്സ് ബുക്കിൽ കുറിച്ചത് ഇപ്രകാരമായിരുന്നു. “ഉമ്മൻ ചാണ്ടിക്കുനേരേ ഉയർത്തപ്പെട്ട അടിസ്ഥാനരഹിതമായ ആരോപണത്തിനു അന്നു ‘ദേശാഭിമാനി’യിൽ കൺസൾട്ടിങ് എഡിറ്റർ പദവി വഹിച്ചിരുന്നുവെന്ന ഒറ്റക്കാരണംകൊണ്ടു മൗനത്തിലൂടെ ഞാൻ നൽകിയ അധാർമ്മിക പിന്തുണയിൽ ഞാനിന്നു ലജ്ജിക്കുന്നു.”

‘ജന സേവകനാണ് യഥാർത്ഥ ജനനായകൻ’ എന്ന പ്രവാചക വചനത്തെ കർമ്മംകൊണ്ട് അന്വർത്ഥമാക്കിയ നേതാവ്. ‘സ്നേഹം’ കൊണ്ട് ലോകം ജയിച്ച രാജാവിന്റെ കഥ ഒരു വർഷം മുൻപ് അവസാനിച്ചെങ്കിലും ബൈബിളിൽ പറയുന്നതുപോലെ “നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത്.” അത് എന്നും നിലനിൽക്കും. ജനങ്ങളിലേക്കിറങ്ങിയ, ജനങ്ങളെ കേൾക്കാൻ വലിയ മനസ്സ് കാണിച്ച പ്രിയപ്പെട്ട ഉമ്മൻ ചാണ്ടി ജനഹൃദയങ്ങളിൽ എന്നും ജീവിക്കും.

## ഡിട്രോയിറ്റ് സെ.മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ സൺഡേ സ്കൂൾ ഗ്രാജുവേഷൻ നടത്തി

ഡിട്രോയിറ്റ്: ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ജൂൺ 23-ന് ഞായറാഴ്ച സൺഡേ സ്കൂൾ ടെൻത് (10) ഗ്രേഡ് കുട്ടികളുടെ ഗ്രാജുവേഷൻ നടത്തി.

രോഹൻ എരുമത്തറ, ജെസ്സെ പുത്തൻപറമ്പിൽ, ജോഷിൻ കാലായിൽ, നെസ്സിയ മുകളേൽ, ക്രിസ്റ്റ കവണാൻ, സെറീന കണ്ണച്ചാൻപറമ്പിൽ, മെഗൻ മംഗലത്തേട്ടു എന്നിവരാണ് ഗ്രാഡുവേറ്റ് ചെയ്തത്.

ജെയിസ് കണ്ണച്ചാൻപറമ്പിൽ

സന്നിഹിതരായിരുന്ന കുട്ടികൾക്ക് സിമി തൈമാലിൽ (DRE), സൗമി അച്ചിറത്തലെയ്ക്കൽ (Assist. DRE), ടെൻത് (10) ഗ്രേഡ് അദ്ധ്യാപകൻ ബിജോയ്സ് കവണാൻ എന്നിവരുടെ സാന്നിധ്യത്തിൽ ഇടവക വികാരി റവ. ഫാ. ജോസഫ് തറയ്ക്കൽ സർട്ടിഫിക്കറ്റുകൾ നൽകി.



FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# 15-ാമത് കെസിസിഎൻഎ കൺവൻഷന് തിലകക്കുറിയായി സാംസ്കാരിക ഘോഷയാത്ര




**ബൈജു ആലപ്പാട്ട്**

സാൻ അന്റോണിയോ: 15-ാമത് കെസിസിഎൻഎ കൺവൻഷന്റെ രണ്ടാം ദിവസം സാംസ്കാരിക ഘോഷയാത്രയോടെ തുടക്കം കുറിച്ചു. കെസിസിഎൻഎയുടെ 21 യൂണിറ്റുകളിൽ നിന്നും എത്തിയ അംഗങ്ങൾ വർണശബളമായ ഘോഷയാത്രയിൽ പങ്കെടുത്തു. ക്നാനായ സമുദായത്തിന്റെ പൈതൃകവും പാരമ്പര്യങ്ങളും ഘോഷയാത്രയിലുടനീളം പ്രതിഫലിച്ചിരുന്നു.

മുത്തുക്കുടകളുടെയും താലപ്പൊലിയുടെയും ചെണ്ടമേളത്തിന്റെയും അകമ്പടിയോടെ ഓരോ യൂണിറ്റും യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ വളരെ ചിട്ടയായി നടത്തിയ ഘോഷയാത്ര കൺവൻഷൻ നഗരിയെ പ്രൗഢോജ്വലമാക്കി. ഘോഷയാത്രയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് കെസിസിഎൻഎ മുൻ പ്രസിഡണ്ട് സിറിയക് കൂവക്കാട്ടിൽ പ്രസിഡണ്ട് ഷാജി എടാട്ടിന് പതാക കൈമാറി.

കെസിസിഎൻഎ ബാനറിന്റെ പിന്നിൽ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തായും പ്രസിഡണ്ട് ഷാജി എടാട്ടിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയും വിശിഷ്ടാതിഥികളും അണിനിരന്നു. എക്സിക്യൂട്ടീവ് വി.പി. ജിപ്സൺ പുറയംപള്ളിൽ, ജനറൽ സെക്രട്ടറി അജീഷ് പോത്തൻ താമറത്ത്, ജോ. സെക്രട്ടറി ജോബിൻ കക്കാട്ടിൽ, ട്രഷറർ സാമോൻ പല്ലാട്ടുമഠം, യൂത്ത് വി.പി ഫിനു തൂമ്പനാൽ, ജോ. ട്രഷറർ നയോമി മരിയ മാന്തുരുത്തിൽ, കൺവൻഷൻ ചെയർമാൻ ജെറിൻ കുര്യൻ പടപ്പമാക്കിൽ, സാൻ അന്റോണിയോ യൂണിറ്റ് പ്രസിഡണ്ട് ഷീജ വടക്കേപറമ്പിൽ തുടങ്ങിയവർ ഘോഷയാത്രയ്ക്ക് നേതൃത്വം നല്കി. കെസിസിഎൻഎ മുൻ പ്രസിഡണ്ടുമാരായ ബേബി ഊരാളിൽ, ജോർജ് നെല്ലാമറ്റം, ടോമി മ്യാൽക്കരപ്പുറത്ത്, ബേബി മണക്കുന്നേൽ, അലക്സ് മഠത്തിൽത്താഴെ, സിറിയക് കൂവക്കാട്ടിൽ എന്നിവരും സന്നിഹിതരായിരുന്നു.

പോൾസൺ കുളങ്ങര ചെയർപേഴ്സണായുള്ള ഘോഷയാത്ര കമ്മിറ്റിയിൽ ഡൊമിനിക് ചാക്കോനാൽ, ബെറ്റി പതിയിൽ, റോണി വാണിയപുരയ്ക്കൽ, ആൽബിൻ പുലിക്കുന്നേൽ തുടങ്ങിയവർ ക്രമീകരണങ്ങൾ നിയന്ത്രിച്ചു.












Mullappallil Law Group
Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a
PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee
Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296
Jeremy Karedan
Mortgage Broker/Owner
jeremy@citywidema.com
773-202-2600
4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253
Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ഫൊക്കാന – 2024 ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടും: ഡോ. കലാ ഷഹി

ന്യൂയോർക്ക്: 2024 ജൂലൈ 18 മുതൽ 20 വരെ നോർത്ത് ബെഥെസ്ഡയിലെ മോണ്ടേ ഗോമറി കൗണ്ടി കോൺഫറൻസ് സെന്ററിൽ (Bethesda North Marriott Hotel & Conference Center, 5701 Marinelli Rd, Rockville, MD 20852) നടക്കാനിരിക്കുന്ന ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക (ഫൊക്കാന)യുടെ 21-ാമത് ദേശീയ കൺവൻഷൻ ചരിത്രത്താളുകളിൽ രേഖപ്പെടുത്തപ്പെടും.

ഏകദേശം 700,000 ഡോളറിലധികം ബജറ്റ് ചെയ്തിട്ടുള്ളതാണ് ഈ കൺവൻഷൻ. ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യമായാണ് ഏറ്റവും കുറഞ്ഞ രജിസ്ട്രേഷൻ ഫീസ് സ്വീകരിച്ചുകൊണ്ട് ഒരു ഫോർ സ്റ്റാർ ഹോട്ടലിൽ കൺവൻഷൻ നടത്തുന്നത്. മൂന്നു ദിവസത്തെ താമസവും ഭക്ഷണവുമടക്കം ചുരുങ്ങിയ രജിസ്ട്രേഷൻ ഫീ മാത്രമാണ് ഈടാക്കുന്നതെന്ന പ്രത്യേകതയും ഈ കൺവൻഷനുണ്ട്.

കൺവൻഷനിൽ പങ്കെടുക്കുന്ന എല്ലാവർക്കും മൂന്നു ദിവസം ഫോർ സ്റ്റാർ സൗകര്യങ്ങളും കൺവൻഷൻ കമ്മിറ്റി ഒരുക്കിയിട്ടുണ്ട്. ആയിരത്തി ഒരുനൂറിലധികം പേർ ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നത് തന്നെ ഈ കൺവൻഷന്റെ വിജയമായി കാണുന്നു.

ഇത്ര വിപുലമായ രീതിയിൽ ഒരു കൺവൻഷൻ നടത്തണമെങ്കിൽ സ്പോൺസർമാരുടെ നിർലോഭമായ സാമ്പത്തിക സഹായം അനിവാര്യമാണ്. 37,000 ഡോളർ സ്പോൺസർമാരിൽ നിന്നും, ഗ്രാൻഡ് സ്പോൺസറായ ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ 100,000 ഡോളറും കൺവൻഷൻ നടത്തിപ്പിനായി ലഭിച്ചിട്ടുണ്ടെന്നുള്ളതു തന്നെ ഈ കൺവൻഷന്റെ പ്രത്യേകതയാണ്. എല്ലാ സ്പോൺസർമാർക്കും പ്രത്യേക സ്നേഹാദരങ്ങൾ അറിയിക്കട്ടെ.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനും ചുരുങ്ങിയ നിരക്കിൽ രജിസ്ട്രേഷൻ പൂർത്തിയാക്കാനും ഈ സഹൃദയരുടെ നിസ്സീമമായ സഹകരണം എടുത്തു പറയത്തക്കതാണെന്ന് ഇത്തരുണത്തിൽ സൂചിപ്പിക്കുന്നതിൽ സന്തോഷമുണ്ട്. എല്ലാവർക്കും ഫൊക്കാനയുടെ പേരിൽ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. ഈ മഹത്തായ കൺവൻഷന് സ്പോൺസർ ചെയ്ത് അതിന്റെ ഭാഗഭാക്കായി ചരിത്ര വിജയമാക്കാൻ എല്ലാ സഹൃദയരോടും അഭ്യർത്ഥിക്കുന്നു.

ഫൊക്കാനയുടെ 21-ാമത് ദേശീയ കൺവൻഷൻ വിജയിപ്പിക്കുവാൻ അഹോരാത്രം പ്രയത്നിക്കുന്ന ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, നാഷണൽ കമ്മിറ്റി അംഗങ്ങൾ, കൺവൻഷൻ കമ്മിറ്റി അംഗങ്ങൾ എന്നിവർക്ക് അകൈതവമായ നന്ദി അറിയിക്കുന്നു.

എല്ലാ മലയാളികളേയും ഫൊക്കാനയുടെ 21-ാമത് ദേശീയ കൺവൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു.




# 2022–24 വർഷങ്ങളിലെ ഫൊക്കാന സാഹിത്യ അവാർഡുകൾ പ്രഖ്യാപിച്ചു

ഡോ. കലാ ഷഹി

ന്യൂയോർക്ക്: ഫൊക്കാനയുടെ 2022–24 വർഷങ്ങളിലെ സാഹിത്യ അവാർഡുകൾ പ്രഖ്യാപിച്ചു. 2024 ജൂലൈ 18 മുതൽ 20 വരെ നോർത്ത് ബെഥെസ്ഡയിലെ മോണ്ടേ ഗോമറി കൗണ്ടി കോൺഫറൻസ് സെന്ററിൽ (Bethesda North Marriott Hotel & Conference Center, 5701 Marinelli Rd, Rockville, MD 20852) നടക്കാനിരിക്കുന്ന ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക (ഫൊക്കാന)യുടെ 21-ാമത് ദേശീയ കൺവൻഷനിലായിരിക്കും അവാർഡുകൾ സമ്മാനിക്കുകയെന്ന് ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു.

പ്രമുഖ അമേരിക്കൻ മലയാളി സാഹിത്യകാരനും കോളജ് അദ്ധ്യാപകനുമായ പ്രഫ. കോശി തലയ്ക്കൽ അദ്ധ്യക്ഷനായ ജഡ്ജിങ് കമ്മിറ്റിയാണ് മലയാള രചനകളുടെ പുരസ്കാരത്തിന് അർഹരായവരെ തെരഞ്ഞെടുത്തത്.

ആംഗലേയ സാഹിത്യ പുരസ്കാരത്തിനുള്ള കൃതികൾ തെരഞ്ഞെടുത്തത് സാഹിത്യകാരനും കോളജ് അദ്ധ്യാപകനുമായ പ്രഫ. സണ്ണി മാത്യൂസ് അദ്ധ്യക്ഷനായ ജഡ്ജിങ് കമ്മിറ്റിയാണ്. മികച്ച സാഹിത്യകാരന്മാരും നിരൂപകരും അടങ്ങിയതായിരുന്നു ജഡ്ജിങ് കമ്മിറ്റി.

പുരസ്കാരങ്ങൾ നേടിയ സാഹിത്യകാരന്മാരെ പ്രത്യേകം അഭിനന്ദിക്കുന്നതായി പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു. ഗീതാ ജോർജ് കോ-ഓർഡിനേറ്ററും ബെന്നി കുര്യൻ ചെയർമാനും സണ്ണി മറ്റമന കോ-ചെയർമാനുമായിട്ടുള്ള അവാർഡ് കമ്മിറ്റിയുടെയും ജഡ്ജിങ് കമ്മിറ്റിയുടെയും നിസ്വാർത്ഥമായ പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

കേരളത്തിൽ അക്കാദമി അവാർഡ് പോലെയുള്ള അവാർഡുകൾക്ക് തുല്യമായാണ് ഫൊക്കാന സാഹിത്യ അവാർഡിനെ അമേരിക്കൻ മലയാളികൾ നോക്കിക്കാണുന്നതെന്ന് അവാർഡ് കമ്മിറ്റി കോ-ഓർഡിനേറ്ററായ ഗീതാ ജോർജ് അറിയിച്ചു.



വേണുഗോപാലൻ കോക്കോഡൻ


ബിജോ ജോസ് ചെമ്മാന്ത്ര


സിന്ധു നായർ


എസ്. അനിലാൽ


സോണി തോമസ് അമ്പൂക്കൻ


ഡോ. സുകുമാർ കാനഡ


ജെ. അവറാൻ


വിനോദ് മാത്യു

ഫൊക്കാനയുടെ ആരംഭകാലം മുതൽ സാഹിത്യ പുരസ്കാരങ്ങൾക്ക് മുന്തിയ പരിഗണന നല്കിയിരുന്നതായി ഗീത കൂട്ടിച്ചേർത്തു.

മലയാളത്തിന്റെ എക്കാലത്തെയും മികച്ച നോവലിസ്റ്റ് തകഴി ശിവശങ്കരപിള്ളയുടെ വീട്ടിലെ ഷോകേസിൽ അദ്ദേഹത്തിനു കിട്ടിയ പരമോന്നത സാഹിത്യ പുരസ്കാരമായ ജ്ഞാനപീഠം പുരസ്കാരത്തിനൊപ്പം ഫൊക്കാന സാഹിത്യ അവാർഡിന്റെ ഫലകവും സ്ഥാനം പിടിച്ചിട്ടുള്ളത് ഫൊക്കാന അവാർഡിന്റെ മഹത്വം വിളിച്ചോതുന്നതാണെന്ന് അവാർഡ് കമ്മിറ്റി ചെയർമാൻ ബെന്നി കുര്യൻ അറിയിച്ചു.

അമേരിക്കയിലും കാനഡയിലുമുള്ള എഴുത്തുകാരുടെ 2022 മെയ് മാസം മുതൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച കൃതികളാണ് അവാർഡിന് പരിഗണിച്ചത്. അവാർഡ് ലഭിച്ച കൃതികൾ കേരളത്തിൽ നിന്നുള്ള സൃഷ്ടികളെക്കാൾ ഒട്ടും മാറ്റ് കുറഞ്ഞതല്ലെന്ന് ജൂറി വിലയിരുത്തി. അവാർഡിന് അർഹരായ നിരവധി ജേതാക്കൾക്ക് തങ്ങളുടെ പ്രഥമ പുസ്തകത്തിനാണ് അവാർഡ് ലഭിച്ചിട്ടുള്ളത്. ഏറെ ഇരുത്തം വന്ന സാഹിത്യകാരന്മാരുടെ മികച്ച കൃതികൾക്കൊപ്പം വെക്കാവുന്ന ഗുണനിലവാരമുള്ള സൃഷ്ടികളാണ് സമ്മാനാർഹമായതെന്ന് ജഡ്ജിങ് കമ്മിറ്റി വിലയിരുത്തിയതായി കോ-ചെയർമാനായ സണ്ണി മറ്റമന അറിയിച്ചു. കൂടാതെ അവാർഡിനായി ലഭിച്ച ഓരോ കൃതിയും ഒന്നിനൊന്നു മികച്ചവയായിരുന്നുവെന്നും ഏറെ അവധാനതയോടെ പരിശോധിച്ചാണ് കൃതികൾ അവാർഡിന് പരിഗണിച്ചതെന്നും കമ്മിറ്റി അറിയിച്ചു.

**അവാർഡുകൾ:** 1. ഫൊക്കാന തകഴി ശിവശങ്കരപിള്ള പുരസ്കാരം-നോവൽ കുത്താണ്ടവർ-വേണുഗോപാലൻ കോക്കോഡൻ. 2. ഫൊക്കാന കാരൂർ നീലകണ്ഠപിള്ള പുരസ്കാരം-ചെറുകഥ-ബോൺസായി മരത്തണലിലെ ഗിനിപ്പന്നികൾ-ബിജോ ജോസ് ചെമ്മാന്ത്ര, ഫിത്ർ സകാത്ത്-എസ്. അനിലാൽ. 3. ഫൊക്കാന എൻ.കെ. ദേശം പുരസ്കാരം-കവിത-ഒക്ടോബർ-സിന്ധു നായർ. 4. ഫൊക്കാന സുകുമാർ അഴീക്കോട് പുരസ്കാരം-ലേഖനം/നിരൂപണം-അഗ്നിച്ചീളുകൾ-ജയൻ വർഗീസ്., ആർട്ടിഫിഷ്യൽ ഇന്റലിജൻസ്-സോണി തോമസ് അമ്പൂക്കൻ. 5. ഫൊക്കാന എം.എൻ. സത്യാർത്ഥി പുരസ്കാരം-തർജ്ജമ-Draupadi the Avatar-Dr. Sukumar Canada. 6. ഫൊക്കാന കമലാദാസ് (ആംഗലേയ സാഹിത്യം) CASA LOCA (The Mad House)-J Avaran. by Choice-Vinod Mathew.

# റവ. ഡോ. ഈശോ മാത്യു സീനിയർ വികാരി ജനറലായി ചുമതലയേറ്റു

പി.പി. ചെറിയാൻ

ന്യൂയോർക്ക്: മാർത്തോമ്മാ സഭ സീനിയർ വികാരി ജനറലായി റവ.ഡോ. ഈശോ മാത്യു ജൂലൈ ഒന്നിന് ചുമതലയേറ്റു. നിരണം മാരാമൺ ഭദ്രാസനത്തിന്റെ വികാരി ജനറലായും അദ്ദേഹം തുടരുന്നതാണ്. സീനിയർ വികാരി ജനറൽ റവ. ജോർജ് മാത്യു വിരമിച്ചതിനെ തുടർന്നാണ് പുതിയ നിയമനം.



ടി.ഇ. മാത്യുവിന്റെയും റേച്ചലിന്റെയും മകനാണ് 64 കാരനായ റവ.ഡോ. ഈശോ മാത്യു. 1985 മെയ് 29-ന് ശെമ്മാശ പട്ടവും 15-ന് വൈദികപട്ടവും സ്വീകരിച്ചു. സഭാ കൗൺസിൽ അംഗം, മലങ്കര സഭാ താരക ചീഫ് എഡിറ്റർ, തിരുവല്ല കൊമ്പാടി എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ, സഭയുടെ സോഷ്യോ പൊളിറ്റിക്കൽ കമ്മീഷൻ കൺവീനർ, വൈദിക തെരഞ്ഞെടുപ്പ് കമ്മിറ്റി എന്നീ നിലകളിൽ പ്രവർത്തിച്ചു. മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ സുവർണ്ണജൂബിലി പദ്ധതികളായ 'അഭയം' ഭവനപദ്ധതി, 'ലക്ഷ്യ' വിദ്യാഭ്യാസ സഹായപദ്ധതി എന്നിവയുടെ കൺവീനറായും അദ്ദേഹം ഏറ്റവും ഫലപ്രദമായി പ്രവർത്തിച്ചു. വിവിധ ഇടവകകളിൽ വികാരിയായിരുന്നു.

2022 ഫെബ്രുവരി 28-ന് തിരുവല്ല സെ. തോമസ് മാർത്തോമ്മാ പള്ളിയിൽ നടന്ന നിയോഗ ശുശ്രൂഷയിലാണ് വികാരി ജനറലായി സ്ഥാനമേറ്റത്. റാന്നി-നിലയ്ക്കൽ, ചെങ്ങന്നൂർ-മാവേലിക്കര എന്നീ ഭദ്രാസനങ്ങളിലും വികാരി ജനറൽ ആയിരുന്നു.

# സമുദായ ഐക്യം കാത്തുസൂക്ഷിക്കണം: മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത

**ജോസ് കണിയാലി**

സാൻ അന്റോണിയോ: ഹെൻട്രി ബി. ഗോൺസാലസ് കൺവൻഷൻ സെന്ററിൽ ക്നാനായ ഉത്സവത്തിന്റെ ദിനങ്ങൾ. നടവിളിയുടെ ആരവങ്ങളും മാർഗ്ഗംകളിയുടെ പദവിന്യാസങ്ങളും പുരാതനപ്പാട്ടിന്റെ അലയൊലികളും ശബ്ദമുഖരിതമാക്കിയ ക്നായിതൊമ്മൻ നഗറിലെ നിറഞ്ഞുകവിഞ്ഞ ജനസമൂഹത്തെ സാക്ഷിയാക്കി 15-ാമത് കെസിസിഎൻഎ കൺവൻഷൻ കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

സമുദായ ഐക്യം കാത്തുസൂക്ഷിക്കുവാൻ എല്ലാവരും പരിശ്രമിക്കണമെന്ന് 15-ാമത് കെസിസിഎൻഎ കൺവൻഷന്റെ രണ്ടാം ദിവസത്തെ ഓപ്പണിംഗ് സെറിമണിയിൽ മുഖ്യാതിഥിയായി പങ്കെടുത്തുകൊണ്ട് മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത ഉദ്ബോധിപ്പിച്ചു.


മധ്യപൂർവ്വ ദേശത്തുനിന്ന് ഒത്തുതിരിച്ചവർ വടക്കെ അമേരിക്കയിൽ ഒത്തുചേരുകയാണ്. സൂര്യനും ചന്ദ്രനും ഉള്ളിടത്തോളം കാലം നിലനിൽക്കുമെന്ന് പ്രതിജ്ഞയെടുത്ത ക്നാനായ ജനത അവരുടെ തനിമയും ഒരുമയും ആഘോഷിക്കുന്നു. പതിനേഴ് നൂറ്റാണ്ടിന്റെ ഇരമ്പുന്ന സ്മരണകൾ ക്നാനായ സമൂഹത്തിന്റെ പൊതുബോധത്തിന്റെ സവിശേഷതയാണ്. വളരെ ഭംഗിയോടെ ചിട്ടയായി കൺവൻഷൻ സംഘടിപ്പിച്ച പ്രസിഡണ്ട് ഷാജി എടാട്ടിന്റെ നേതൃത്വത്തെ മാർ മാത്യു മൂലക്കാട്ട് അഭിനന്ദിച്ചു.

കെ.സിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ മൂലക്കാട്ട് പിതാവിന്റെ സാന്നിദ്ധ്യം കൺവൻഷന് പുത്തൻ ഉണർവ് നല്കിയിരിക്കുന്നതായി ഷാജി എടാട്ട് ചൂണ്ടിക്കാട്ടി. മിസ്സൂറി സിറ്റി മേയറും കെസിവൈഎൽഎൻഎയുടെ പ്രഥമ പ്രസിഡണ്ടുമായ റോബിൻ ഇലക്കാട്ട്, ചലച്ചിത്ര നടൻ ലാലു അലക്സ്, സാൻ അന്റോണിയോ കൗൺസിൽ മെംബർ മെലീസ, കൺവൻഷൻ ചെയർമാൻ ജെറിൻ കുര്യൻ പടപ്പമാക്കിൽ, റീജിണൽ വൈസ് പ്രസിഡണ്ടുമാരായ സ്റ്റീഫൻ കിഴക്കേക്കുറ്റ് (ചിക്കാഗോ), അനൂപ് മ്യാൽക്കരപ്പുറത്ത് (ഹൂസ്റ്റൺ), ഹൂസ്റ്റൺ കെസിഎസ് പ്രസിഡണ്ട് സിറിൾ തൈപ്പറമ്പിൽ, ചിക്കാഗോ കെസിഎസ് പ്രസിഡണ്ട് ജെയിൻ മാക്കീൽ, കെസിസിഎൻഎ ജനറൽ സെക്രട്ടറി അജീഷ് പോത്തൻ താമറത്ത് എന്നിവർ പ്രസംഗിച്ചു.

സാൻ അന്റോണിയോ പ്രസിഡണ്ട് ഷീജ വടക്കേപറമ്പിൽ സ്വാഗതം പറഞ്ഞു. ജോബിൻ കക്കാട്ടിൽ, നയോമി മാന്തുരുത്തിൽ എന്നിവർ എംസിമാരായിരുന്നു.






































# ബിജു ജോൺ കൊട്ടാരക്കര (ഫൊക്കാന ട്രഷറർ)

# സൗമ്യം ദീപ്തം ഈ സംഘാടനം



**'ഒരാൾ മുൻപിലുണ്ട് എന്നത് പുറകിൽ നിൽക്കുന്ന മനുഷ്യരെ സംബന്ധിച്ചിടത്തോളം ഒരു സുരക്ഷയും പ്രതീക്ഷയുമാണ്. ഒരു സംഘടനാ പ്രവർത്തകനെ സംബന്ധിച്ചിടത്തോളം അത് തന്നെയാണ് അദ്ദേഹത്തിന്റെ സമ്പാദ്യവും'**

അമേരിക്കൻ മലയാളികൾക്കിടയിൽ ഏറെ സുപരിചിതനും ഫൊക്കാനയുടെ ട്രഷററുമായ ബിജു ജോൺ കൊട്ടാരക്കര അനിതരസാധാരണമായ നേതൃപാടവം കൊണ്ടും തന്റെ ലാളിത്യം കൊണ്ടും സൗമ്യമായ പെരുമാറ്റം കൊണ്ടും പൊതുസമൂഹത്തിന്റെയാകെ ആദരവും അംഗീകാരവും പിടിച്ചുപറ്റിയ വ്യക്തിത്വമാണ്.

ഫൊക്കാനയുടെ ട്രഷററായി രണ്ടുവർഷം പിന്നിടുമ്പോൾ ഡോ. ബാബു സ്റ്റീഫൻ നേതൃത്വം നൽകുന്ന ഭരണസമിതിക്കൊപ്പം പ്രവർത്തിച്ച് നിരവധി കർമ്മ പരിപാടികൾ നടപ്പിലാക്കുന്നതിന് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ അമേരിക്കൻ മലയാളി ചരിത്രത്തിൽ അടയാളപ്പെടുത്തും എന്നതിൽ സംശയമില്ല. രണ്ടു വർഷക്കാലത്തെ അഭിമാനകരവും അർത്ഥപൂർണ്ണവുമായ നേട്ടവുമായാണ് ഫൊക്കാന 2024–2026 ട്രസ്റ്റി ബോർഡ് പദവിയിലേക്ക് ബിജു ജോൺ കൊട്ടാരക്കര മത്സരിക്കുന്നത്.

## സ്നേഹത്തിന്റെ മഞ്ഞുകാലങ്ങൾ

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ചെങ്ങമനാട് കുളമാംവിള വീട്ടിൽ എൽ. ജോൺ – തങ്കമ്മ ദമ്പതികളുടെ മകനായിട്ടാണ് ബിജു കൊട്ടാരക്കര ജനിക്കുന്നത്. പിതാവ് സാമൂഹ്യചുറ്റുപാടുകളെയും ജനജീവിതത്തെയും സ്പർശിച്ച നിലപാടുകൾ എടുത്ത ഒരു പൊതുപ്രവർത്തകനായിരുന്നു. ജനങ്ങളുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി പോരാടാനുള്ള പിതാവിന്റെ സാമൂഹിക പ്രതിബദ്ധതയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ബിജു ജോൺ ചെറുപ്പത്തിലെ സാമൂഹിക പ്രവർത്തനത്തിലേക്ക് ആകർഷിക്കപ്പെട്ടത്. വേരുകൾ എന്ത് ജലം കുടിച്ചുവോ മരവും അതെ ശുദ്ധി പേറും എന്നല്ലേ. അത്തരത്തിൽ സ്കൂൾ – കോളേജ് പഠന കാലത്ത് കെ.എസ്.യു പ്രവർത്തകനായിരുന്ന ബിജു സ്കൗട്ട്, എൻ.സി.സി തുടങ്ങിയവയിൽ മികവ് പുലർത്തുകയും അതുവഴി സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കാൻ പഠിക്കുകയും ചെയ്തു.

## വിദ്യാധനം സർവ ധനാൽ പ്രധാനം

ഏതൊരു മനുഷ്യനെയും പോലെ വിദ്യാഭ്യാസം തന്നെയാണ് ബിജു കൊട്ടാരക്കരയെയും മാറ്റിമറിച്ചത്. സാമൂഹ്യപ്രവർത്തകനായിരുന്ന പിതാവ് ഒരിക്കൽ പോലും

## വഴിത്താ

തയ്യാറാക്കിയത്: അ

മകന്റെ പഠനത്തിൽ കുറവ്
എസ്. എസ് പോളിടെക്നിക്
എഞ്ചിനീയറിംഗ് ഡിപ്ലോമ
തിരുവനന്തപുരം ടൈറ്റാനി
തുടർന്ന് ബോംബെയിലും
ൽസ് എഞ്ചിനിയറായും പ്ര
അദ്ദേഹത്തിന് നൽകിയത്
ങ്ങൾ ആയിരുന്നു. ഓരോന്ന
രെക്കുറിച്ചും അവരുടെ മാന
ച്ചും അവരുടെ ജീവിത
പഠിച്ചു. എങ്ങനെ ഒരു സമൂ
ങ്കിൽ എങ്ങനെ ഒരു സമൂഹ
തിനെക്കുറിച്ച് എല്ലാം അത
ലിയാണ് അദ്ദേഹത്തെ പ്രാ

## ദേശാടനക്കിളികളുടെ ചരിത്ര

ദേശാടനം ജീവിതത്തി
ത്തിലേക്ക് കുറേക്കൂടി ഇറങ്ങ
സരവും, അതിന് കൂടെ നി
സമ്പത്തും ബിജു കൊട്ടാരക
അമേരിക്കയിലേക്ക് കുടിയേ
ക്കിലെ സ്റ്റോണി ബ്രൂക്ക് യ
ചെയ്യവെ അവിടെനിന്ന് എ
ദിച്ചു. പിന്നീട് ന്യൂയോർക്ക
റിറ്റിയിലെ ജോലിക്കിടെ
യിൽ നിന്നും എം.ബി.എയു

ന്യൂയോർക്ക് മലയാളി
സമാജം തുടങ്ങിയവയിലൂ
ത്തനം കൊണ്ടാണ് ബിജു
യിലെ സാമൂഹിക സാംസ്
ലങ്ങളിൽ നിറ സാന്നിധ്യമാ

ഫൊക്കാനയുടെ അധ
ട്രഷറർ സ്ഥാനത്തു നിന്നാ
ററായി തിരഞ്ഞെടുക്കപ്പെട്ട
ത്തനങ്ങൾക്കും ഒർലാന്റോ
നുമായി വിവിധ സ്റ്റേറ്റുകളി
ർജി വർഗീസ് – സജിമോന
തൂണായി നിന്നു പ്രവർത്തി
അംഗങ്ങളിൽ ഒരാളാണ്.

ആധുനിക യുഗത്തിൽ
ൽ സാങ്കേതിക വിദ്യ എങ്ങ
വ്യക്തമായ ഒരു കാഴ്ചപ്പാ
മാറുന്ന യുഗമാണ്, യുവസമ
ഘടനകളെയും യുവ സമൂ
ണാതെ പോകരുത് എന്ന
ക്കര രേഖപ്പെടുത്തുന്നു. അ
ണൽ അസോ. ട്രഷറർ ആ
ഇപ്പോൾ ട്രഷറർ ആയി പ്ര
ക്കാനയെ സോഷ്യൽ മീഡി
വമാക്കുന്നതിന് അദ്ദേഹം
ച്ചിട്ടുണ്ട്.















# ...കൾ

...അനിൽ പെണ്ണുക്കര

...വരുത്തിയില്ല. പന്തളം എൻ.
...ക്കിൽ നിന്നും മെക്കാനിക്കൽ
...നേടിയ ബിജു കുറച്ചുകാലം
...ിയത്തിൽ ജോലി ചെയ്തു.
...പിന്നീട് ദുബായിൽ സെയി
...വർത്തിച്ചു. ഓരോ ദേശവും
... വ്യത്യസ്തമായ അനുഭവ
...ിൽ നിന്നും ധാരാളം മനുഷ്യ
...നസിക വ്യാപാരങ്ങളെ കുറി
...ശലിയെ കുറിച്ചും അദ്ദേഹം
...ൂഹത്തെ നയിക്കണം അല്ലെ
...റത്തിൽ ഇടപെടണം എന്ന
...തരത്തിലുള്ള ജീവിത ശൈ
...പ്തനാക്കിയത്.

...ത്രം

...ന്റെ ഭാഗമായപ്പോൾ സമൂഹ
...ദി പ്രവർത്തിക്കാനുള്ള അവ
...ൽക്കാൻ കഴിയുന്ന മനുഷ്യ
...ക്കരയ്ക്ക് കൈവന്നു. 2005ൽ
...യറിയ അദ്ദേഹം ന്യൂയോർ
...ൂണിവേഴ്സിറ്റിയിൽ ജോലി
...ഞ്ചിനീയറിങ് ബിരുദം സമ്പാ
...് സിറ്റി ട്രാൻസിറ്റ് അതോ
...മാളോയി യൂണിവേഴ്സിറ്റി
...ും നേടി.

... അസോസിയേഷൻ, കേരള
...ടെയുള്ള സംഘടനാ പ്രവർ
... കൊട്ടാരക്കര അമേരിക്ക
...കാരിക സാമുദായിക മണ്ഡ
...ാകുന്നത്.

...ീഷണൽ അസോസിയേറ്റ്
...ന് ബിജു കൊട്ടാരക്കര ട്രഷ
...ത്. ഫൊക്കാനയുടെ പ്രവർ
... കൺവൻഷന്റെ വിജയത്തി
...ൽ സഞ്ചരിച്ച അദ്ദേഹം ജോ
...ൽ ആന്റണി ടീമിലെ നെടും
...ിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി

...സംഘടനാ പ്രവർത്തനത്തി
...നെ സമന്വയിപ്പിക്കണം എന്ന്
...ട് അദ്ദേഹത്തിനുണ്ട്. ഇത്
...ൂഹത്തിന്റെ യുഗമാണ് . സം
...ഹത്തെയും ഒരിക്കലും കാ
...അഭിപ്രായം ബിജു കൊട്ടാര
...തുകൊണ്ടു തന്നെ അഡീഷ
...യി പ്രവർത്തിച്ചിരുന്നപ്പോഴും
...പവർത്തിക്കുമ്പോഴും ഫൊ
...യ പ്ലാറ്റ് ഫോമുകളിൽ സജീ
...നിർണ്ണായകമായ പങ്ക് വഹി

## വേറിട്ട മാധ്യമ പ്രവർത്തന ശൈലി

മാധ്യമപ്രവർത്തനം ക്രൈസിസ് ജേർണലിസം അല്ലെന്നും വാർത്തകളെ സത്യസന്ധതയോടെ പൊതു സമൂഹത്തിൽ എത്തിക്കണമെന്നും വിശ്വസിക്കുന്ന ഒരു മാധ്യമ പ്രവർത്തകൻ കൂടിയാണ് ബിജു കൊട്ടാരക്കര. കേരള ടൈംസ് ഓൺലൈൻ ന്യൂസ് പോർട്ടലിൻറെ ഡെപ്യൂട്ടി എഡിറ്റർ, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐ.പി.സി.എൻ.എ) ന്യൂയോർക്ക് ചാപ്റ്റർ ജോയിന്റ് ട്രഷറർ, ഫൊക്കാനയുടെ ത്രൈമാസികയായ ഫൊക്കാന ടുഡേയുടെ ചീഫ് എഡിറ്റർ, സുവനീർ ചീഫ് എഡിറ്റർ, കേരള സമാജം ഗ്രേറ്റർ ന്യൂയോർക്ക് സിൽവർ ജൂബിലി സുവനീർ ചീഫ് എഡിറ്റർ, ഫൊക്കാന 2024 സുവനീർ എഡിറ്റോറിയൽ കമ്മറ്റി അംഗം എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കേരളാ എഞ്ചിനീയറിംഗ് ഗ്രാഡുവേറ്റ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്കയുടെ (കീൻ) വിവിധ സ്ഥാനങ്ങൾ വഹിച്ച ബിജു കൊട്ടാരക്കര നിലവിൽ ന്യൂസ് ലെറ്റർ ആൻഡ് പബ്ലിക്കേഷൻസ് കോ-ഓർഡിനേറ്റർ ആയും പ്രവർത്തിക്കുന്നു. കഴിഞ്ഞ 15 കൊല്ലമായി ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റ് അതോറിറ്റിയിൽ സൂപ്പർവൈസർ ആയി ജോലി ചെയ്യുന്ന അദ്ദേഹം പാർട്ട് ടൈം റിയൽറ്ററായും പ്രവർത്തിച്ചുവരുന്നു.

## ഫൊക്കാനയും ജീവിതവും തമ്മിൽ കൂട്ടിമുട്ടുമ്പോൾ

പഴയ നേതാക്കൻമാരെയും അവരുടെ സ്തുത്യർഹമായ പ്രവർത്തനങ്ങളെയും മാനിക്കുന്നതോടൊപ്പം പുതുമുഖങ്ങൾക്കും യുവജനങ്ങൾക്കും ഫൊക്കാനയിൽ സ്ഥാനമാനങ്ങൾ നൽകേണ്ടത് കാലത്തിന്റെ ആവശ്യമാണെന്ന് തെളിയിക്കുകയാണ് ബിജു കൊട്ടാരക്കര. ഫൊക്കാനയുടെ 2024 -2026 ഭരണസമിതിയിൽ ട്രസ്റ്റീ ബോർഡ് മെമ്പർ ആയി ബിജു കൊട്ടാരക്കരയെ ന്യൂയോർക്ക് മലയാളി അസോസിയേഷൻ (നൈമാ) ജനറൽ ബോഡി നാമനിർദ്ദേശം ചെയ്തത് അദ്ദേഹത്തിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് പ്രാദേശിക തലത്തിൽ ലഭിക്കുന്ന അംഗീകാരം കൂടിയാണ്. നവീന ആശയങ്ങളും ചിന്തകളുമുള്ളവർ സംഘടനയുടെ ഭരണ സമിതിയിലെത്തുന്നതിലൂടെ ഫൊക്കാനയുടെ വളർച്ചയ്ക്കും ജനകീയ മുന്നേറ്റങ്ങൾക്കും അഭിമാനകരമായ പിന്തുടർച്ചയുണ്ടാകുമെന്നാണ് അദ്ദേഹം കരുതുന്നത്.

നിസ്തുലമായ സംഘടനാ പ്രവർത്തനശൈലി, അധികാരസ്ഥാനങ്ങളോടുള്ള കമ്പമില്ലായ്മ, തുടങ്ങിയവ ബിജു കൊട്ടാരക്കരയെ മറ്റുള്ളവരിൽ നിന്നും വേറിട്ട് നിർത്തുന്നു. അമേരിക്കൻ രാഷ്ട്രീയ രംഗത്തേക്ക് കടന്നു വന്ന മലയാളികൾ ഉൾപ്പെടെയുള്ള നിരവധി ഇന്ത്യക്കാർക്ക് കക്ഷി രാഷ്ട്രീയ ഭേദമെന്യേ പിന്തുണ നൽകിയിട്ടുള്ള അദ്ദേഹം നിരവധി സ്ഥാനാർത്ഥികളുടെ പ്രചാരണത്തിൽ സജീവമായി പങ്കെടുക്കുകയും തെരെഞ്ഞെടുപ്പ് ഫണ്ടിലേക്കുള്ള ധനസമാഹരണത്തിനു ചുക്കാൻ പിടിക്കുകയും ചെയ്തിട്ടുണ്ട്. അമേരിക്കൻ രാഷ്ട്രീയത്തിലേക്ക് മലയാളി നേതൃത്വം കടന്നുവരേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം തിരിച്ചറിയുന്നുണ്ട്.

## ഫൊക്കാനയുടെ ആഗോള സാധ്യത

ഫൊക്കാനയുടെ കഴിഞ്ഞ രണ്ട് ടേമിൽ അഡീഷണൽ അസോസിയേറ്റ് ട്രഷറർ ആയും, ഇപ്പോൾ ട്രഷറർ ആയും പ്രവർത്തിച്ച് പരിചയമുള്ള ബിജു കൊട്ടാരക്കര ഫൊക്കാനയെ വിലയിരുത്തുന്നത് വ്യത്യസ്തമായിട്ടാണ്. ഫൊക്കാന ഒരു ആഗോള സാധ്യതയുള്ള സംഘടനയാണ്. ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള ശക്തമായ നേതൃത്വശേഷിയും സംഘടനാ പാടവവും ഫൊക്കാനയ്ക്കുണ്ട്. ഈയിടെ കുവൈറ്റിൽ നടന്ന തീപിടിത്തത്തിൽ മരിച്ച വ്യക്തികളുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം സഹായം നൽകുവാൻ ആദ്യം മുന്നോട്ട് വന്ന മലയാളി സംഘടനയാണ് ഫൊക്കാന. അത്രത്തോളം ആർജ്ജവമാണ് ഇത്തരം വിഷയത്തിൽ ഫൊക്കാന കാട്ടുന്നത്. ആഗോളതലത്തിൽ ഈ പ്രസ്ഥാനത്തിന്റെ സ്വീകാര്യതയെയാണ് ഇത് ചൂണ്ടിക്കാണിക്കുന്നു. അമേരിക്കൻ രാഷ്ട്രീയത്തിലേക്കും വൈജ്ഞാനിക മേഖലയിലേക്കും പുതിയ മലയാളി തലമുറയെ അവതരിപ്പിക്കുക എന്ന കർത്തവ്യം ഫൊക്കാന നിർവ്വഹിക്കുമ്പോൾ ഈ സംഘടനയ്ക്ക് മാത്രം അവകാശപ്പെടാവുന്ന ഒരു ആഗോള നേതൃത്വ സാധ്യത തെളിഞ്ഞു വരുന്നുണ്ട്. അത് സമീപ ഭാവിയിൽ ഫൊക്കാനയിലൂടെ ലോകത്തിന് മുന്നിൽ എത്തും എന്നും ബിജു കൊട്ടാരക്കര വിശ്വസിക്കുന്നു.

## ലോക കേരള സഭയും, ഫൊക്കാനയും– ലോക സാധ്യതകൾ

രാഷ്ട്രീയപരമായി എത്ര അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായാലും പ്രവാസികളുടെ ഒരു വലിയ കൂട്ടായ്മയ്ക്ക് സാക്ഷ്യം വഹിച്ച സംരംഭമാണ് ലോക കേരള സഭ എന്നാണ് ബിജു കൊട്ടാരക്കരയുടെ വിലയിരുത്തൽ. ന്യൂയോർക്കിൽ നടന്ന കെ.എൽ.എസ് മേഖലാ സമ്മേളനത്തിലും ഇപ്പോൾ തിരുവനന്തപുരത്ത് നടന്ന കെ. എൽ. എസിലും ബിജു കൊട്ടാരക്കര അംഗമായിരുന്നു.

ഫൊക്കാന ഉൾപ്പെടെയുള്ള പ്രവാസി പ്രസ്ഥാനങ്ങളെ ഉൾപ്പെടുത്തി കൂട്ടായ ചർച്ചകളിലൂടെ പ്രവാസി പ്രോപ്പർട്ടി ഇഷ്യു മുതൽ നിരവധി വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതുണ്ട്. വിവിധരാജ്യങ്ങളിലെ പ്രതിനിധികളുമായി ഉണ്ടാക്കിയെടുക്കുന്ന ബന്ധങ്ങൾ പ്രവാസി പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും സാധിക്കും. തന്റെ നിലപാടുകൾ കൃത്യമായി അവതരിപ്പിക്കുകയാണ് ബിജു കൊട്ടാരക്കര. കാരണം നിലപാടുകളാണ് ഒരു വ്യക്തിയുടെ ആണിക്കല്ല്. ആ നിലപാട് അദ്ദേഹത്തിനുണ്ട് എന്നതാണ് സത്യം.

## രക്തത്തിലലിഞ്ഞ സഹജീവി സ്നേഹവും ജീവകാരുണ്യ പ്രവർത്തനങ്ങളും

ഫൊക്കാനയുടെ നേതൃത്വ രംഗത്തേക്ക് കടന്നു വന്നതുതന്നെ ഏതെങ്കിലും പദവി സ്വന്തമാക്കി ഫൊക്കാനയ്ക്കൊപ്പം നടക്കുക എന്ന ആഗ്രഹമായിരുന്നില്ല, മറിച്ച് ഫൊക്കാനയുടെ പല ജീവകാരുണ്യ പ്രവർത്തനങ്ങൾക്കൊപ്പം മനസർപ്പിച്ച് പ്രവർത്തിക്കുന്നതിന് വേണ്ടി ആയിരുന്നു. ഒരു ആഗോള മൂല്യമുള്ള സംഘടനയ്ക്കൊപ്പം നിലകൊള്ളുമ്പോൾ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള വേദികൾ തുറന്നു കിട്ടും. അശരണരായ നിരവധി വ്യക്തികൾ നമ്മളിലേക്ക് വരും. നമുക്ക് പലതും ചെയ്യാനാകും. നേതാവല്ല കൂട്ടുകാരൻ എന്നറിയപ്പെടാനാണ് ഇഷ്ടം. ഒരു നേതാവായല്ല ഒരു സുഹൃത്തായി തന്നെയാണ് ബിജു ജോൺ എല്ലാവരോടും പെരുമാറുന്നത്. ഒരുപക്ഷേ പൊതുപ്രവർത്തകൻ എന്നതിനേക്കാൾ സുഹൃത്ത് എന്ന് തന്നെ വിശേഷിപ്പിക്കാനാണ് എല്ലാവരോടും പറഞ്ഞിട്ടുള്ളത്.

കൊട്ടാരക്കരയിലെ ഏഥൻ ഗാർഡൻസ് ട്രസ്റ്റിയും മറ്റ് നിരവധി ജീവകാരുണ്യ സംഘടനകളുടെ പ്രൊമോട്ടർ കൂടിയാണ് അദ്ദേഹം.സഹായം, അത് അർഹിക്കുന്ന സ്ഥലത്തേക്ക് ആവശ്യപ്പെടുന്ന സമയത്ത് എത്തിക്കുക എന്നതാവണം ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ആത്യന്തിക ലക്ഷ്യം.

## ഫൊക്കാന ട്രഷറർ സമ്പൂർണ്ണ തൃപ്തൻ

2022-ൽ ഫ്ളോറിഡയിൽ നിന്ന് ട്രഷറർ എന്ന പുതിയ പദവിയുമായി ന്യൂയോർക്കിലേക്ക് വന്നപ്പോൾ ഉണ്ടായ പ്രതീക്ഷകൾക്ക് ഇന്നും പത്തരമാറ്റ് തിളക്കം തന്നെയാണ്. കാരണം കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഫൊക്കാന ഏറ്റെടുത്തതും നടപ്പിലാക്കിയതുമായ പദ്ധതികൾ നിരവധിയാണ്. കേരളത്തിനകത്ത് വിവിധ പ്രദേശങ്ങളിൽ നിർദ്ധനരായ കുടുംബങ്ങൾക്ക് വീടുകളും, വിദ്യാഭ്യാസ സഹായവും നൽകുന്ന നിരവധി പ്രോജക്ടുകൾ നടപ്പിലാക്കി. ഒപ്പം ഫൊക്കാന തുടക്കം മുതൽ തുടർന്നുപോകുന്ന പദ്ധതികളെല്ലാം തന്നെ ഏറ്റവും ഭംഗിയായി നടപ്പിലാക്കാൻ സാധിച്ചു. ഭാഷയ്ക്കൊരു ഡോളർ, നേഴ്സിംഗ് സ്കോളർഷിപ്പ് തുടങ്ങി നിരവധി വിദ്യാഭ്യാസ സഹായ പ്രവർത്തനങ്ങൾ മുതൽ കുവൈറ്റിൽ തീപിടുത്തത്തിൽ മരിച്ച വ്യക്തികളുടെ കുടുംബത്തിന് 2 ലക്ഷം രൂപാ വീതം 24 കുടുംബങ്ങൾക്ക് ഉള്ള ചെക്ക് ഉടൻ തന്നെ കൈമാറാൻ സാധിച്ചത് ഫൊക്കാനയുടെ എക്കാലത്തേയും നേട്ടമാണ്. ട്രഷറർ എന്ന പദവിയിൽ ഈ കാലഘട്ടത്തിൽ പ്രവർത്തിക്കാൻ സാധിച്ചതിലും സന്തോഷം തന്നെ.

## കുടുംബം നൽകുന്ന കരുത്ത്

ഒരു സംഘടനാ പ്രവർത്തകന്റെ വളർച്ച നിർണ്ണയിക്കുന്നത് അദ്ദേഹത്തിന്റെ കുടുംബമാണ്. ബിജു കൊട്ടാരക്കരയ്ക്ക് ഈ പ്രവർത്തനങ്ങളിൽ വ്യാപൃതനാവാൻ ഒപ്പം ഹൃദ്യമായ ഒരു കുടുംബം ഉണ്ട്. ഒരു വ്യക്തിയുടെ സന്തോഷങ്ങളിൽ ഒപ്പം നിൽക്കുക എന്നതാണ് കുടുംബത്തിലെ മറ്റ് അംഗങ്ങൾ അനുവർത്തിക്കേണ്ട വസ്തുത. അത് കൃത്യമായി ഒരു കുടുംബത്തിൽ സംഭവിക്കുമ്പോഴാണ് ഒരു വ്യക്തി വളരുക. ഭാര്യ ഷിജി ജോൺ (രജിസ്റ്റേർഡ് നേഴ്സ്), ക്രിസ്റ്റീന ജോൺ (നേഴ്സിംഗ് വിദ്യാർത്ഥിനി), ജൊയാന (പതിനൊന്നാം ക്ലാസ് വിദ്യാർത്ഥിനി) എന്നിവരുടെ വലിയ പിന്തുണ കൂടിയാണ് ബിജു കൊട്ടാരക്കരയുടെ വളർച്ചയുടെ അളവുകോൽ.

വളരെ ചുരുങ്ങിയ സമയം കൊണ്ട് ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് ഒരു എഞ്ചിനീയറിംഗ് ശൈലി കൊണ്ടുവരാൻ സാധിച്ചത് ബിജു കൊട്ടാരക്കരയ്ക്ക് അഭിമാനത്തോടെ ഓർമ്മിക്കാം. കാരണം അതിനുള്ള കരുത്ത് അദ്ദേഹത്തിനുണ്ട്.

ഏറ്റെടുത്ത ഏതൊരു വിഷയത്തേയും സഗൗരവം വീക്ഷിക്കുന്ന, നിയന്ത്രിക്കുന്ന ബിജു കൊട്ടാരക്കര ഭാവി അമേരിക്കൻ മലയാളി തലമുറകൾക്ക് ഒരു വാഗ്ദാനം കൂടിയാണ്.സൗമ്യതയോടെ എല്ലാവരേയും ഒപ്പം നിർത്തി മുന്നോട്ടു പോകുന്ന ബിജു കൊട്ടാരക്കരയുടെ യാത്രയിൽ ഈശ്വര സാന്നിദ്ധ്യം കരുത്താവട്ടെ.









© Kerala Express

# ബെൻസൻവിൽ ഇടവകയിൽ തോമസ് നാമധാരികളുടെ സംഗമവും പുന്നത്തുറ സംഗമവും സംഘടിപ്പിച്ചു

ലിൻസ് താന്നിച്ചുവട്ടിൽ



ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ദേവാലയത്തിൽ നടത്തപ്പെട്ട തോമസ് നാമധാരികളുടെ സംഗമവും പുന്നത്തുറ സംഗമവും നവ്യാനുഭവം ഉളവാക്കി. ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ രക്തസാക്ഷ്യദുക്റാന തിരുനാളിനോടനുബന്ധിച്ച് ചിക്കാഗോയിലെ പുന്നത്തുറ നിവാസികളുടെ നേതൃത്വത്തിൽ സംഗമം നടന്നു. ഇടവകസമൂഹത്തിലെ തോമസ് നാമധാരികൾ ഏവരെയും പ്രത്യേകം ആദരിക്കുകയും പുന്നത്തുറ നിവാസികളുടെ പ്രത്യേക കൂട്ടായ്മ നടത്തപ്പെടുകയും ചെയ്തു. കൂട്ടായ്മയ്ക്ക് ജസ്റ്റിൻ തെങ്ങനാട്ട്, ജോസ്മോൻ കടവിൽ എന്നിവർ നേതൃത്വം നല്കി. ഇത്തരം സംഗമങ്ങൾ മാതൃ ഇടവകയോടുള്ള സ്നേഹവും പ്രതിബദ്ധതയും കൂട്ടായ്മയോടെ പ്രകടിപ്പിക്കാനുള്ള അവസരങ്ങളായി കണ്ടറിഞ്ഞ പുന്നത്തുറ ഇടവകാംഗങ്ങളെ വികാരി ഫാ. തോമസ് മുളവനാൽ അഭിനന്ദിച്ചു. വരുംവർഷങ്ങളിലും ഈ സംഗമം ആചരിക്കാൻ അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ പുന്നത്തുറക്കാർക്ക് പ്രോത്സാഹനമേകി. സംഗമത്തോടും തിരുനാളിനോടും അനുബന്ധിച്ച് എല്ലാവർക്കും ഊട്ടുനേർച്ചയും ക്രമീകരിച്ചു. തിരുനാൾ ആഘോഷങ്ങൾക്ക് കൈക്കാരന്മാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളിൽ, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപറമ്പിൽ എന്നിവർ നേതൃത്വം നല്കി.

# 'അഞ്ചുമണിക്കാറ്റ്' തരംഗമായി



ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ 'അഞ്ചുമണിക്കാറ്റ്' യുവജന കൂട്ടായ്മ നവ്യാനുഭവമായി മാറി. പുതുമ നിറഞ്ഞതും വ്യത്യസ്തവുമായ പരിപാടികൾ കോർത്തിണക്കി ഒത്തുചേർന്ന യുവജന കൂട്ടായ്മ ഒരു വലിയ തരംഗമായി മാറി. വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ യുവജനങ്ങൾ വിവിധ മത്സരങ്ങൾ ക്രമീകരിക്കുകയും ഒന്നിച്ച് ഭക്ഷണം ക്രമീകരിക്കുകയും ഫയർ വർക്ക് ഒരുക്കുകയും ചെയ്തു.

എല്ലാ ബുധനാഴ്ചകളിലും ഒന്നിച്ചുകൂടി തുടർപരിപാടികൾ ക്രമീകരിക്കുവാൻ തീരുമാനിച്ചു. ജെൻസൻ ഐക്കരപ്പറമ്പിൽ, നിയ ചെള്ളക്കണ്ടത്തിൽ, ഷെറിൽ താന്നിക്കുഴിപ്പിൽ, മിലിൻഡ നെല്ലിക്കാട്ടിൽ എന്നിവർ ഈ കൂട്ടായ്മയ്ക്ക് നേതൃത്വം നല്കി.

# ധനം ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ശ്യാം ശ്രീനിവാസന്

കൊച്ചി: സംസ്ഥാനത്തെ ബിസിനസ് രംഗത്തെ തിളക്കമാർന്ന നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്ന ധനം ബിസിനസ് എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു.

ധനം ബിസിനസ് മീഡിയയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നടന്ന ബിസിനസ് സമിറ്റ് ആൻഡ് അവാർഡ് നൈറ്റ് 2024-ൽ വെച്ചാണ് ധനം ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ഫെഡറൽ ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ശ്യാം ശ്രീനിവാസന് ടാറ്റ സ്റ്റീൽ ഗ്ലോബൽ സിഇഒ ടി.വി. നരേന്ദ്രൻ സമ്മാനിച്ചത്.



ധനം ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ടാറ്റ സ്റ്റീൽ ഗ്ലോബൽ സിഇഒ ടി.വി. നരേന്ദ്രൻ ഫെഡറൽ ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ശ്യാം ശ്രീനിവാസന് സമ്മാനിക്കുന്നു. ധനം ബിസിനസ് മീഡിയ ചീഫ് എഡിറ്റർ കുര്യൻ ഏബ്രഹാം, വി ഗാർഡ് സ്ഥാപകൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, രാജ്യാന്തര എഐ വിദഗ്ദ്ധൻ ആദിത്യ ബെർലിയ, സാമ്പത്തിക വിദഗ്ദ്ധൻ വേണുഗോപാൽ സി. ഗോവിന്ദ്, മുതിർന്ന മാധ്യമപ്രവർത്തകൻ എം.കെ. ദാസ്, ധനം ബിസിനസ് മീഡിയ എക്സിക്യൂട്ടീവ് ഡയറക്ടർ മരിയ ഏബ്രഹാം എന്നിവർ സമീപം.

ധനം ബിസിനസ്മാൻ ഓഫ് ദി ഇയർ പുരസ്കാരം മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ചെയർമാൻ തോമസ് ജോൺ മൂത്തൂറ്റ് ടി.വി. നരേന്ദ്രനിൽ നിന്ന് ഏറ്റുവാങ്ങി.

ജിയോജിത് ഫിനാൻഷ്യൽ സർവീസസ് എക്സിക്യൂട്ടീവ് ഡയറക്ടർ എ. ബാലകൃഷ്ണന് ധനം ബിസിനസ് പ്രൊഫഷണൽ ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കപ്പെട്ടു. ധനം എസ്എംഇ എന്റർപ്രണർ ഓഫ് ദി ഇയർ പുരസ്കാരം സ്പിന്നർ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ പി.ജെ. ജോർജുകുട്ടി, ധനം വുമൺ എന്റർപ്രണർ ഓഫ് ദി ഇയർ അവാർഡ് നെസ്റ്റ് ഡിജിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ നസ്സനീൻ ജഹാംഗീർ, ധനം സ്റ്റാർട്ടപ്പ് ഓഫ് ദി ഇയർ അവാർഡ് സൈലം ലേണിംഗിനു വേണ്ടി സ്ഥാപകൻ ഡോ. എസ്. അനന്തു എന്നിവർ ടി.വി. നരേന്ദ്രനിൽ നിന്നും ഏറ്റുവാങ്ങി.

കൊച്ചിയിലെ മെറിഡിയൻ കൺവൻഷൻ സെന്ററിൽ നടന്ന സമിറ്റിൽ ടി.വി. നരേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. രാജ്യാന്തര ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിദഗ്ദ്ധൻ ആദിത്യ ബെർലിയയുടെ മാസ്റ്റർ ക്ലാസും ഡിജിറ്റൽ യുഗത്തിലെ ബ്രാൻഡിംഗ്, മാർക്കറ്റിംഗ് തന്ത്രങ്ങളെക്കുറിച്ച് പാനൽ ചർച്ചയും ഇതോടനുബന്ധിച്ചു നടന്നു.

# ഓർമ്മ ഇന്റർനാഷണൽ പ്രസംഗമത്സരം സീസൺ ടൂ ഗ്രാൻഡ് ഫിനാലെ ജൂലൈ 13-ന് പാലായിൽ

ചിക്കാഗോ: ഓർമ്മ ഇന്റർനാഷണൽ (ഓവർസീസ് റസിഡന്റ് മലയാളീസ് അസോസിയേഷൻ) ടാലന്റ് പ്രമോഷൻ ഫോറം സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ പ്രസംഗമത്സരം സീസൺ ടൂ വിജയകരമായി മൂന്നു ഘട്ടങ്ങളും പൂർത്തിയാക്കി ഗ്രാൻഡ് ഫിനാലേയിലേക്ക് കടക്കുന്നു. ജൂലൈ 12, 13 തീയതികളിൽ പാലായിലെ സെ. തോമസ് കോളജ് ഇന്റഗ്രേറ്റഡ് സ്പോർട്സ് കോംപ്ലക്സ് ഓഡിറ്റോറിയത്തിലാണ് ഗ്രാൻഡ് ഫിനാലെ നടക്കുന്നത്. ലോകസഞ്ചാരിയും അതേസമയം തന്നെ പ്രസാധകനും വ്യവസായിയും മാധ്യമപ്രവർത്തകനും കൂടിയായ സന്തോഷ് ജോർജ് കുളങ്ങര ഗ്രാൻഡ് ഫിനാലെ ഉദ്ഘാടനം ചെയ്യും.

ഇന്ത്യയുടെ മിസൈൽ വനിത എന്നു വിശേഷിപ്പിക്കപ്പെടുന്ന ഡിആർഡിഒയിലെ സയന്റിസ്റ്റ് ഡോ. ടെസ്സി തോമസ് ഫിനാലേയിൽ മുഖ്യാതിഥിയാകും. കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ ഡയറക്ടറായ അനീഷ് രാജൻ ഐആർഎസ് മുഖ്യപ്രഭാഷണം നടത്തും. മെന്റലിസ്റ്റ് നിപിൻ നിരവത്തും ഫിനാലേയിൽ അതിഥിയായെത്തും.

ജൂലൈ 12 വെള്ളിയാഴ്ച രാവിലെ 11 മണി മുതൽ രാത്രി 9 മണി വരെ മത്സരാർത്ഥികൾക്കുള്ള ട്രെയിനിംഗും മത്സരത്തിന്റെ ആദ്യഭാഗങ്ങളും നടക്കും. 13-ന് ശനിയാഴ്ച രാവിലെ മുതൽ ഉച്ചവരെ ഫൈനൽ റൗണ്ട് മത്സരവും ഉച്ചയ്ക്കു ശേഷം 2 മണി മുതൽ 5 മണി വരെ അവാർഡ് ദാനച്ചടങ്ങും നടക്കും. ഉച്ചയ്ക്ക് 1.15 മുതൽ രണ്ടു മണി വരെ നിപിൻ നിരവത്തിന്റെ സ്പെഷ്യൽ ഗസ്റ്റ് പെർഫോമൻസും അരങ്ങേറും.

സെക്കൻഡ് റൗണ്ടിൽ മലയാളം-ഇംഗ്ലീഷ് ഭാഷകളിലായി മികച്ച പ്രകടനം കാഴ്ചവെച്ച ഇരുനൂറ് മത്സരാർത്ഥികളിൽ നിന്നും 60 പേരാണ് ഗ്രാൻഡ് ഫിനാലേയിൽ പങ്കെടുക്കുന്നത്. മലയാളി-ജൂണിയർ-സീനിയർ, ഇംഗ്ലീഷ് ജൂണിയർ-സീനിയർ എന്നിങ്ങനെ നാല് വിഭാഗത്തിൽ നിന്നും 15 പേർ വീതമാണ് തെരഞ്ഞെടുക്കപ്പെട്ടത്. അഞ്ചാംക്ലാസ് മുതൽ ഡിഗ്രി അവസാന വർഷം വരെ പഠിക്കുന്ന 1468 വിദ്യാർത്ഥികളാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി സീസൺ ടൂവിൽ ആവേശത്തോടെ പങ്കെടുത്തത്.


ഡോ. ടെസ്സി തോമസ്


സന്തോഷ് ജോർജ് കുളങ്ങര


അനീഷ് പി. രാജൻ

ഓരോരുത്തരും ഒന്നിനൊന്നു മികച്ച പ്രകടനം കാഴ്ചവെച്ചപ്പോൾ ഓരോ ഘട്ടത്തിലും വിജയികളെ കണ്ടെത്താൻ വിധികർത്താക്കളും കുഴങ്ങി. ഒടുവിൽ കൃത്യമായ ജഡ്ജ്മെന്റിലൂടെ തെരഞ്ഞെടുക്കപ്പെട്ട 60 പേരുമായി സീസൺ ടൂവിന്റെ ഗ്രാൻഡ് ഫിനാലെ ഒരുങ്ങുന്നു.

ഗ്രാൻഡ് ഫിനാലെയിൽ അരങ്ങേറുന്ന അവസാനഘട്ട പ്രകടനത്തിൽ നിന്നാണ് പുരസ്കാരങ്ങൾക്കും മെഗാ കാഷ് അവാർഡുകൾക്കുമുള്ള പ്രസംഗകരെ നിശ്ചയിക്കുക. ഓർമ്മ ഇന്റർനാഷണൽ പ്രസംഗമത്സരം സീസൺ ടു വിജയികൾക്കായി പത്ത് ലക്ഷം രൂപയുടെ സമ്മാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഫൈനൽ റൗണ്ടിൽ വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് കാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും ലഭിക്കും. ഗ്രാൻഡ് പ്രൈസായ ഓർമ്മാ ഒറേറ്റർ ഓഫ് ദി ഇയർ-2024 പ്രതിഭയ്ക്ക് ഒരു ലക്ഷം രൂപ കാഷ് പ്രൈസും അവാർഡും പ്രശസ്തിപത്രവുമാണ് സമ്മാനമായി ലഭിക്കുക.

അമേരിക്കയിൽ അദ്ധ്യാപകനും മോട്ടിവേറ്റർ എഡ്യൂക്കേറ്ററുമായ ജോസ് തോമസ് ചെയർമാനായുള്ള ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രമോഷൻ ഫോറമാണ് പ്രസംഗ മത്സരത്തിന് നേതൃത്വം നല്കുന്നത്. ജോർജ് നടവയൽ (ഓർമ്മ ഇന്റർനാഷണൽ പ്രസിഡണ്ട്), ജോസ് ആറ്റുപുറം (ട്രസ്റ്റീ ബോർഡ് ചെയർ), ഷാജി അഗസ്റ്റിൻ (ജനറൽ സെക്രട്ടറി), റോഷിൻ പ്ലാമൂട്ടിൽ (ട്രഷറർ), വിൻസെന്റ് ഇമ്മാനുവേൽ (പബ്ലിക് ആൻഡ് പൊളിറ്റിക്കൽ അഫയേഴ്സ് ചെയർ), കുര്യാക്കോസ് മണിവയലിൽ (ഓർമ്മ കേരള ചാപ്റ്റർ പ്രസിഡണ്ട്) എന്നീ ഓർമ്മാ രാജ്യാന്തര ഭാരവാഹികളും ടീമിലുണ്ട്.

അറ്റോണി ജോസഫ് കുന്നേൽ (കോർട്ട് ലോ, ഫിലാഡൽഫിയ), അലക്സ് കുരുവിള (മാനേജിങ് ഡയറക്ടർ, കാർനെറ്റ് ബുക്സ്), ഡോ. ആനന്ദ് ഹരിദാസ് എംഡി, എംഎംഐഎഫ് എസിസി (സ്പെഷലിസ്റ്റ് ഇൻ ക്ലിനിക്കൽ (ശേഷം 30-ാം പേജിൽ)




# ഫൊക്കാന കൺവൻഷൻ: ചില ചിന്തകൾ


പി.വി. ചെറിയാൻ, ഫ്ളോറിഡ

**ഫൊ**ക്കാന എന്ന മഹത്തായ സംഘടനയുടെ ആരംഭം മുതൽ അതുമായി ബന്ധപ്പെട്ട് ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരു എളിയ പ്രവർത്തകനാണ് ഞാൻ. അതുപോലെതന്നെ പ്രാദേശിക മലയാളി സംഘടനകളുമായും ചേരിതിരിവില്ലാതെ സഹകരിച്ചുപോരുന്നു. ആവശ്യമുള്ള സന്ദർഭങ്ങളിലെല്ലാം തന്നെ എന്റെ കഴിവനുസരിച്ച് സാമ്പത്തിക സഹായവും നല്കാറുണ്ട്.

എന്നാൽ, ഫൊക്കാനയുടെ ഈ കൺവൻഷൻ കാലയളവിൽ പല പ്രധാന സംഭവങ്ങളും എന്നെ അറിയിക്കുന്നില്ല. അതിൽ എനിക്ക് അതിയായ ഖേദവും പ്രതിഷേധവുമുണ്ട്. കമാൻഡർ ജോർജ് കോരുത് പ്രസിഡണ്ടായി പ്രവർത്തിച്ച അവസരത്തിൽ ഫ്ളോറിഡയിൽ നടത്തപ്പെട്ട കൺവൻഷന്റെ സെക്യൂരിറ്റിചുമതല എന്റെ നേതൃത്വത്തിലാണ് നടത്തപ്പെട്ടത്. ജനബാഹുല്യം കൊണ്ടും വൈവിദ്ധ്യമാർന്ന പല മെച്ചപ്പെട്ട പരിപാടികൾകൊണ്ടും ആ കൺവൻഷൻ ഉന്നതനിലവാരം പുലർത്തി. എന്നാൽ, ദൗർഭാഗ്യകരമെന്നു പറയട്ടെ, അന്നു നടന്ന തെരഞ്ഞെടുപ്പിൽ ചില ക്രമക്കേടുകളുണ്ടായി. വോട്ട് എണ്ണി തിട്ടപ്പെടുത്തുന്നതിനു മുമ്പുതന്നെ ബാലറ്റ്പെട്ടി ദുരൂഹമായി അപ്രത്യക്ഷമായി. പിന്നീട് ഒരുപറ്റം ആളുകൾ സ്വയംപ്രഖ്യാപിത വിജയികളായി സ്റ്റേജിൽ പ്രത്യക്ഷപ്പെട്ടു. അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടാകാതെ അവരെ പോലീസിന്റെ സഹായത്തോടെ അവിടെനിന്നും മാറ്റുന്നതിനുള്ള ചുമതലയും ഞാൻ കൃത്യമായി നിർവഹിച്ചു.

ഇതിൽ പ്രകോപിതരായ ചിലർ ചേർന്നാണ് പിന്നീട് ഫൊക്കാനയ്ക്ക് സമാന്തരമായി മറ്റൊരു സംഘടന ഉണ്ടാക്കിയത്. ശക്തമായ പാനൽ സമ്പ്രദായമുള്ളതുകൊണ്ടാണ് അന്ന് സംഘടന പിളർന്നത്. ഈ വരുന്ന കൺവൻഷനിലും വാശിയേറിയ തെരഞ്ഞെടുപ്പ് നടക്കുന്നുണ്ട്.

ഇപ്പോഴത്തെ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിൽ വിഘടിച്ചു നിന്ന ചില പ്രവർത്തകരെ വീണ്ടും മാതൃസംഘടനയിലേക്ക് കൊണ്ടുവന്നു. ശക്തമായ മത്സരം മൂലം വീണ്ടുമൊരു പിളർപ്പ് ഉണ്ടാകരുതെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. ആവശ്യമെന്നു കണ്ടാൽ കുറഞ്ഞത് ഒരു 250,000 (രണ്ടര ലക്ഷം) ഡോളറെങ്കിലും മുടക്കാൻ മനസ്സുള്ളവരും സാമ്പത്തിക ശേഷിയുമുള്ളവരായിരിക്കണം പ്രസിഡണ്ട് സ്ഥാനത്തേക്ക് വരേണ്ടത്. ഈ കഴിഞ്ഞ രണ്ടു വർഷം കൊണ്ട് ഫൊക്കാനയ്ക്കുണ്ടായ വർദ്ധിത വീര്യം, ഡോ. ബാബു സ്റ്റീഫൻ സ്വാർത്ഥതാല്പര്യമില്ലാതെ പ്രവർത്തിച്ചതു കൊണ്ടും ആവശ്യമായ അവസരങ്ങളിലെല്ലാം സ്വന്തം പോക്കറ്റിൽ നിന്നും പണം മുടക്കിയതുകൊണ്ടുമാണ്.

അങ്ങനെ ശക്തിയാർജിച്ച ഫൊക്കാനയെ വാശിയേറിയ മത്സരത്തിലൂടെ വീണ്ടും ഒരു പിളർപ്പിലേക്ക് നയിക്കരുത്. അതുപോലെതന്നെ, ഫൊക്കാനയ്ക്കു വേണ്ടി ദീർഘകാലം കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുള്ള വ്യക്തികളെ അവഗണിക്കുകയുമരുത്. ഈ മാസം വാഷിങ്ടണിൽ നടക്കുന്ന ഫൊക്കാന കൺവൻഷന് സർവ്വ മംഗളങ്ങളും നേരുന്നു.

# ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ അറ്റ്ലാന്റായിൽ; പാസ്റ്റർ കെ.ജെ. തോമസ് മുഖ്യ പ്രസംഗകൻ

**നിബു വെള്ളവന്താനം**

ഫ്ളോറിഡ: ഐപിസി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയന്റെ 24-ാമത് വാർഷിക കൺവൻഷൻ ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 1 വരെ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ അറ്റ്ലാന്റയിൽവെച്ച് നടത്തപ്പെടും. സുപ്രസിദ്ധ ഉണർവ് പ്രഭാഷകനും അനുഗ്രഹീത പ്രാസംഗികനുമായ പാസ്റ്റർ കെ.ജെ. തോമസ് (കേരളം) മുഖ്യ പ്രഭാഷണം നടത്തും. 30, 31 തീയതികളിൽ വൈകിട്ട് ആറ് മുതൽ ഗുഡ് സമാരിറ്റൻ അലൈൻസ് ചർച്ചിൽ (Good Samaritan Alliance Church, 711 Davis Rd, Lawrenceville, GA 30046) വെച്ച് കൺവൻഷൻ നടത്തപ്പെടും. സമാപന ദിവസമായ സെപ്റ്റംബർ ഒന്നിന് ഞായറാഴ്ച അറ്റ്ലാന്റാ ഐപിസി സഭയിൽ (Atlanta IPC, 545 Rock Springs Rd, Lawrenceville, GA 30043) വെച്ച് സംയുക്ത സഭാ ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടത്തപ്പെടും. റീജിയൻ ക്വയർ പ്രെയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നൽകും. യുവജനസമ്മേളനം, സഹോദരി സമ്മേളനം തുടങ്ങിയവ ആഗസ്റ്റ് 31-ന് ശനിയാഴ്ച 10 മുതൽ 12.30 വരെ ഉണ്ടായിരിക്കുന്നതാണ്. റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ കൺവൻഷൻ ഉദ്ഘാടനം നിർവഹിക്കും. ജനറൽ സെക്രട്ടറി പാസ്റ്റർ റോയി വാകത്താനം അധ്യക്ഷത വഹിക്കും. ഫ്ളോറിഡ, ജോർജിയ, ടെന്നസ്സി, സൗത്ത് കരോലിന തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിശ്വാസികളും ശുശ്രൂഷകന്മാരും കൺവൻഷനിൽ സംബന്ധിക്കും. റീജിയൻ ഭാരവാഹികളായി പാസ്റ്റർ കെ.സി. ജോൺ (പ്രസിഡന്റ്), പാസ്റ്റർ എ.സി. ഉമ്മൻ (വൈസ് പ്രസിഡന്റ്), പാസ്റ്റർ റോയി വാകത്താനം (സെക്രട്ടറി), നിബു വെള്ളവന്താനം (ജോയിന്റ് സെക്രട്ടറി), എബ്രഹാം തോമസ് (ട്രഷറർ) എന്നിവർ പ്രവർത്തിക്കുന്നു.



# A SEISMIC SHIFT IN THE POLITICAL LANDSCAPE IN KERALA

**George Abraham**

Although I have gone to Thiruvananthapuram to campaign on behalf of Shashi Tharoor twice before, my experience this time has been quite extraordinary. For so long, I have taken for granted that Kerala is different and that communal politics will have little or no chance of succeeding as we are more enlightened through education and with a higher level of social consciousness. As a boy growing up in Kallissery, a small village in Central Travancore, I have never experienced the trauma of discrimination or conflicts based on my religious identity. Hindus, Muslims, and Christians lived side by side and went about their ways of living their lives without anxiety or fear.

However, Kerala today, like the rest of India, is beginning to slide towards identity politics based on religion, and the prospects do not bode well for its future. Shashi Tharoor eked out of a victory only because the minorities in Neyyattinkara, Parassala, and Kovalam had come together and voted for him despite them having many reservations dealing with Vizhinjam port or other issues such as coastal soil erosions and lack of access. The denial of FCRA to the Latin Catholic Diocese and the killings and destruction of Churches in Manipur have weighed heavily on the minds of the locals in the coastal area as they have gone to the polling booths.

Another surprise to me throughout the campaign was the need for a more visible presence of Congress's own leaders at the district and block levels in supporting Tharoor's candidacy. Many simply stayed home, signaling unhappiness over some issues or a blatant desire to see Tharoor defeated. It has also been no secret that some of the senior leaders at the state level wouldn't be too disappointed if Tharoor disappeared from the political arena altogether because he might pose some significant challenges to their hegemony in the upcoming Assembly elections.

Rajiv Chandrasekhar, armed with unlimited resources and with scores of volunteers from RSS, has fought a vigorous campaign on behalf of the BJP. They appear to have reached each household with their literature extolling the 'Modi's own guarantee.' The Nair Service Society (NSS), which in the past refused to take a side during elections, appeared to have openly favored the BJP candidate this time around. In the past elections, whenever a BJP candidate was in the lead or poised to win, Congress and the CPM supporters would switch their votes and spoil BJP's chances. However, there has been a noticeable shift in that attitude now, and people are either less worried about the prospects of BJP taking root in Kerala or actively welcoming their representation in the future.

Moreover, a more worrisome development has taken place in the area of support for the CPI (M) from its traditional party base. There is no doubt that the Ezhava community has been the backbone of the party for decades, faithfully delivering their votes and keeping the Communist party relevant in Kerala while they are extinct elsewhere in India. They have proved in this election that they are



George Abraham

no longer rubber stamps as the more educated young people began to evaluate issues and render judgment not so from traditional perspectives. The erosion of support for CPI (M) in the election is no longer viewed as a transitional one but a permanent shift that would spell serious trouble for the future of the Communist Party in Kerala.

It is time for the Muslim community as well to take stock of the current situation and mitigate the dwindling support for secular causes and the parties that are carrying on with the messaging. When the Oommen Chandy administration was at the heights of its glory days, the Muslim League, an essential partner in the Coalition, suddenly started demanding a "Fifth Minister' in the cabinet, to the ire of all other communities. It is well recognized that it is a growing community and should be recognized as such; however, bargaining over the issue publicly and the eventual capitulation by the Chief Minister not only diminished the image of his governance before other communities and even today, many feel that that was the beginning of the end for his administration and the Congress Party never recovered from that fiasco.

The recent statements by Vellapally Natesan, leader of the Ezhava Community, point to the apparent 'appeasement' to the minorities in the recent decisions dividing the Rajya Sabha seats. There is also a growing perception that CPI (M) is focusing on expanding its base, even welcoming the past members of the 'popular front, a banned radical Islamic group that was accused of severing the hands of Professor Joseph from Thodupuzha in the name of religion. A study done by Daniel Levitsky of Harvard University observed that 'tyranny of the minority' could take a democratic system to a breaking point, whether it is a fringe group from the right or left, which weakens democratic norms and could lead to authoritarianism. That may very well apply to any minority group that forcefully pushes a sectarian agenda at the expense of a majority point of view. A multi-racial and multi-religious democratic society is hard to achieve unless the majority and the minorities carefully treat it with kid's gloves.

The Christian community is also caught on the web of these evolving dynamics. They feel that minority benefits are mainly pitted in favor of the Muslim community, and their stand justifying the conversion of the Hagia Sophia in Turkey to a Mosque reveals their masked intentions. Recent marches with hateful slogans by radical groups threatening the peace and harmony of the state have also alienated many Christians from the longstanding relationships between these two minority communities. The protests and condemnations by UDF and LDF leaders on the ongoing Israeli-Palestinian crisis have also raised the question as to why there is less intensity when it comes to Manipur, which is right in our own backyard.

The BJP finally succeeded in opening an account in the Trichur constituency. There are multiple arguments as to how that victory became possible and Suresh Gopi's (a movie actor) attainment of success, as a candidate. However, it is now quite evident that the traditional supporters of UDF and LDF willingly switched their votes to BJP, including a substantial portion of minority votes. It is regrettable to see that many in the Christian community have voted for a party that is creating havoc for Christians in many parts of North India, killing them, destroying churches, disrupting church services, arresting leaders, and imprisoning them on false charges. BJP is very shrewd in showing its devious double face by donating a crown for a statue of Mary and distributing Christmas cakes in Church centers. How soon do they forget that one of the first acts of the Modi administration was to rename Good Friday and Easter and cancel them as holidays for government employees or twenty thousand of educational and charitable institutions belonging to Christians are cutoff from any foreign funding? (see page 24)

# റിട്ടയർമെന്റ് ജീവിതം

**ഷാജി പഴൂപറമ്പിൽ**

ജോലിക്കു പോകുന്ന പലരുടെയും ആഗ്രഹമാണ് എത്രയും പെട്ടെന്ന് റിട്ടയർ ചെയ്യുക. റിട്ടയർ ചെയ്തുള്ള ജീവിതം എല്ലാവരും കരുതുന്ന മാതിരി പലപ്പോഴും സുഖകരം അല്ല. ട്രംപ് തുടങ്ങിവെച്ച പണപ്പെരുപ്പം ഏതാണ്ട് നാല് ശതമാനത്തിലായി. ട്രംപിന്റെ സാമ്പത്തിക നയം തന്നെയാണ് ഇപ്പോഴത്തെ ഭരണകൂടവും ചെയ്യുന്നത്. അതുകൊണ്ട് ആര് തിരിച്ചുവന്നാലും പണപ്പെരുപ്പം കുറയാനുള്ള സാദ്ധ്യത ഉടനെ കാണുന്നില്ല. എല്ലാ സാധനങ്ങൾക്കും വില കുത്തനേ കൂടി. ഇപ്പോൾ റിട്ടയർ ചെയ്യുന്നവർക്ക് മോശം സമയമാണ്.

അമേരിക്കയിൽ അമ്പതു ശതമാനം ആൾക്കാർക്കും കാര്യമായ റിട്ടയർമെന്റ് ഫണ്ടില്ല. മിക്കവരും തിരിച്ചു ജോലിക്കു വരുന്നത് കാണാം. റിട്ടയർ ചെയ്യാൻ ഒരുങ്ങുന്നവർ നോക്കുന്നത് പെൻഷൻ അഥവാ 401 കെ പ്ലാൻ ആണ്. പലരും പ്രതീക്ഷിക്കുന്ന തുക അതിൽ ഉണ്ടായി എന്നു വരില്ല. ഒരു ലക്ഷം വാർഷിക വരുമാനം ഉള്ളയാൾ ഇരുപതു വർഷം ജോലി ചെയ്തു കഴിയുമ്പോൾ കുറഞ്ഞത് അര മില്യൺ എങ്കിലും റിട്ടയർമെന്റ് പദ്ധതിയിൽ വേണം. ഇതിനായി കുറഞ്ഞത് മുപ്പതു വയസിലെങ്കിലും റിട്ടയർമെന്റ് പ്ലാനിൽ ചേരണം. എല്ലാ അഞ്ചുവർഷം കൂടുമ്പോൾ മോശപ്പെട്ട ഫണ്ടുകളിൽ നിന്നു പൈസ മാറ്റി പുരോഗതിയുള്ള ഫണ്ടുകളിൽ നിക്ഷേപിക്കുക. സോഷ്യൽ സെക്യൂരിറ്റിയിൽ നിന്നുള്ള വരുമാനം ഏകദേശം മൂവായിരത്തിനു താഴെ ആയിരിക്കും. മറ്റു വരുമാനം ഒന്നുമില്ലെങ്കിൽ സോഷ്യൽ സെക്യൂരിറ്റിയെ മാത്രം ആശ്രയിച്ചു ജീവിക്കാൻ പറ്റില്ല.

റിട്ടയർ ചെയ്തു വരുന്നവരെ കാത്തുനിൽക്കുന്നത് രോഗങ്ങളാണ്. ആരോഗ്യം കുറയുമ്പോൾ രോഗങ്ങൾ ഒന്നൊന്നായി ആക്രമിക്കാൻ തുടങ്ങും. മെഡികെയർ എല്ലാ മെഡിക്കൽ ട്രീറ്റ്മെന്റും കവർ ചെയ്യില്ല. പിന്നെ വാർഷിക ചെലവ് പരിമിതി ഉണ്ട്. അതിനായി വേറെ പ്രീമിയം കൊടുത്ത് പാർട്ട് ബി എടുക്കണം. കൂടാതെ മെഡിക്കെയർ കിട്ടണമെങ്കിൽ അറുപത്തിയഞ്ച് വയസ്സുവരെ കാത്തുനില്ക്കണം. ചില കണക്കുപ്രകാരം ആരോഗ്യവാനായ വ്യക്തി ജോലി നിർത്തി, ഇരുപത് വർഷം വളരെയുള്ള ആശുപത്രിച്ചെലവ് ഏകദേശം ഒന്നര ലക്ഷം ഡോളറാണ്. ചികിത്സയ്ക്കായി ചിലർ വിദേശത്തു പോകാറുണ്ട്. അത് പലപ്പോഴും വിനയായി വരും. കിഡ്നി അണുബാധയ്ക്ക് കേരളത്തിലെ മെഡിസിറ്റി ആശുപത്രിയിൽ പോയ ഒരു രോഗിയെ അറിയാം. ഒരാഴ്ച കിടന്നതിന് ഒരു ലക്ഷത്തിൽ കൂടുതൽ ചെലവായി. മാത്രവുമല്ല, രോഗത്തിന് വലിയ കുറവുമുണ്ടായില്ല. രോഗിയെ വലിയ ആശുപത്രിയിൽ നിന്ന് മാറ്റി ചെറിയ ആശുപത്രിയിലേക്ക് എത്തിച്ചു. ഭാഗ്യത്തിന് നല്ല ചികിത്സ കിട്ടിയതുകൊണ്ട് രോഗി സുഖപ്പെട്ടു. പ്രവാസികളായ രോഗികളിൽനിന്ന് പണം വാരാനാണ് നാട്ടിലെ പല ആശുപത്രികളുടെയും ലക്ഷ്യം അതിനായി എല്ലാവിധ ടെസ്റ്റുകളും നടത്തും. വിശ്രമജീവിതം നാട്ടിൽ ചെലവഴിക്കാനായി പോകുന്നത് വളരെ ആലോചിച്ച് എടുക്കേണ്ട തീരുമാനമാണ്.



ലേഖകൻ

ഏതു പ്രായത്തിൽ ജോലിയിൽ നിന്ന് വിരമിക്കണമെന്ന് പലരും ചോദിച്ചു കേൾക്കാറുണ്ട്. ഇത് ഓരോ വ്യക്തിയുടെയും ജീവിതരീതിയെ ആശ്രയിച്ചിരിക്കും. ജീവിതം ആസ്വദിക്കാനുള്ള അവസാനത്തെ അവസരമെന്ന് കരുതുക. ആയിരത്തിതൊള്ളായിരത്തി അറുപതിനുശേഷം ജനിച്ചവരുടെ റിട്ടയർമെന്റ് പ്രായം ഗവൺമെന്റ് നിയമപ്രകാരം അറുപത്തി ഏഴ് വയസ്സാണ്.

സാമ്പത്തിക ഭദ്രതയും ഇൻഷുറൻസും മറ്റു കടബാദ്ധ്യതകളും ഒന്നുമില്ലെങ്കിൽ അറുപത്തിരണ്ട് വയസ്സായിരിക്കും നല്ലത്. കോവിഡ് വന്നതിനു ശേഷം പലരും നേരത്തെ റിട്ടയർ ചെയ്യുന്ന ട്രെൻഡ് ആണ് ഇപ്പോൾ കാണുന്നത്. എല്ലാവർക്കും അനുയോജ്യമായത് അറുപത്തി അഞ്ച് വയസ്സാണ്. ഇതിനു മുമ്പായി അമ്പത് വയസ്സിൽ എങ്കിലും റിട്ടയർമെന്റിനുള്ള ഒരുക്കം തുടങ്ങണം. അടുത്തകാലത്തു നടന്ന സർവ്വേ പ്രകാരം അമ്പത്തിയഞ്ച് ശതമാനം ആൾക്കാർക്കും അറുപത്തിരണ്ട് വയസ്സിൽ ജോലിയിൽ നിന്ന് വിരമിക്കാനാണ് ആഗ്രഹം.

ആദ്യമായി റിട്ടയർ ഫണ്ടിൽ കുറഞ്ഞത് പത്തു ശതമാനം എങ്കിലും നിക്ഷേപിക്കുക. സാധാരണ എൺപതു ഇരുപത് നിയമം പാലിക്കുന്നതാണ് നല്ലത്. അതായത് വാർഷിക വരുമാനത്തിന്റെ ഇരുപതു ശതമാനം റിട്ടയർമെന്റിനു വേണ്ടി നിക്ഷേപിക്കുക. റിട്ടയർമെന്റ് കാലത്ത് കൂടുതൽ വരുമാനം സാദ്ധ്യത ഉണ്ടെങ്കിൽ റോത് ഐആർഎ ആയിരിക്കും നല്ലത്. കുറേ പണം മറ്റു പദ്ധതികളിൽ നിക്ഷേപിക്കുക. ഉദാഹരണത്തിന് സ്റ്റോക്ക് മാർക്കറ്റ്, മറ്റുള്ള ബിസിനസ്, റിയൽ എസ്റ്റേറ്റ് കൂടാതെ അനാവശ്യമായ കടബാദ്ധ്യതകൾ ഒഴിവാക്കുക. പ്രായം ആകുമ്പോൾ മക്കളെയോ ബന്ധുക്കളെയോ ആശ്രയിച്ചു ജീവിക്കാം എന്ന് ഒരിക്കലും കരുതരുത്.

# ആത്മീയ വിശുദ്ധിയുടെ തീർത്ഥാനുഭവങ്ങൾക്കായി വിൻധം റിസോർട്ട് ഒരുങ്ങി

ഉമ്മൻ കാപ്പിൽ/ജോർജ് തുമ്പയിൽ

പെൻസിൽവേനിയ: ആത്മീയ ശുദ്ധീകരണത്തിന്റെ സാക്ഷാത്കാരത്തിനും തലമുറകളുടെ അചഞ്ചലമായ വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്നതിനുമായി ലങ്കാസ്റ്റർ വിൻധം റിസോർട്ട് ഒരുങ്ങി.

മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന് തിരി തെളിയുന്നതോടെ ധ്യാന സംഗമത്തിന്റെ നവ്യാനുഭവത്തിനാണ് വേദിയാവുക.

ഭദ്രാസന അദ്ധ്യക്ഷൻ സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്തയുടെ ആത്മീയമായ നേതൃത്വത്തിലും ഭദ്രാസന കൗൺസിലിന്റെ ആഭിമുഖ്യത്തിലും വിവിധ കമ്മിറ്റികൾ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കോൺഫറൻസ് ഏറ്റവും സജീവമാക്കുവാൻ യത്നിച്ചുവരുന്നു.

സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ.ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തിലൂന്നി 'ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മു



കളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക' (കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സെഷനുകൾ ഉണ്ടായിരിക്കും. സൺഡേസ്കൂൾ കുട്ടികൾക്കും കോളജ് വിദ്യാർത്ഥികൾക്കും ഫോക്കസ് അംഗങ്ങൾക്കും വേറിട്ട പാഠ്യപദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. കൗൺസിലിംഗിനും അവസരം ഉണ്ടായിരിക്കും. സഭാചരിത്രം, സഭയുടെ നിലപാടുകൾ തുടങ്ങിയവയെപ്പറ്റിയുള്ള ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കും. പങ്കെടുക്കുന്നവർക്ക് ആത്മീയ ഉണർവും പ്രചോദനവും നല്കുവാൻ ഗായകസംഘവും രൂപീകൃതമായിട്ടുണ്ട്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സുറിയാനി ഭാഷകളിൽ ഗാനങ്ങളും ചിട്ടപ്പെടുത്തിയിട്ടുണ്ട്.

സ്പോർട്സ്/ഗെയിംസ് പരിപാടികൾ, കലാപരിപാടികൾ, കലാസന്ധ്യ എന്നിവയും ഒരുക്കിയിട്ടുണ്ട്. ചാപ്ലെയിൻ സേവനങ്ങളും ലഭ്യമാണ്. മെഡിക്കൽ രംഗത്തെ വിദഗ്ദ്ധരും രംഗത്തുണ്ട്.

റവ.ഫാ. അബു വർഗീസ് പീറ്റർ (കോ-ഓർഡിനേറ്റർ), ചെറിയാൻ പെരുമാൾ (ജനറൽ സെക്രട്ടറി), മാത്യു ജോഷ്വ (ട്രഷറർ), ദീപ്തി മാത്യൂസ് (സുവനീർ ചീഫ് എഡിറ്റർ), ജോൺ താമരവേലിൽ (ഫിനാൻസ് കോ-ഓർഡിനേറ്റർ), ഷോൺ ഏബ്രഹാം (അസി.ട്രഷറർ), ഷിബു തരകൻ (അസി. സെക്രട്ടറി), മാത്യൂസ് വർഗീസ് (റാഫിൾ കോ-ഓർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയും അക്ഷീണം പ്രവർത്തിക്കുന്നു.

വർണ്ണാഭമായ ഘോഷയാത്രയെ തുടർന്ന് സന്ധ്യാനമസ്കാരം തുടർന്ന് ഉദ്ഘാടനസമ്മേളനം.

## ഫൊക്കാനാ മാധ്യമ പുരസ്കാരം

(3-ാം പേജിൽനിന്നും)

1999-2001-ലെ ചിക്കാഗോ മലയാളി അസോസിയേഷന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. 2001 ഓഗസ്റ്റിൽ കൊച്ചി മലബാർ താജ് ഹോട്ടലിൽ ഫൊക്കാനയുടെ ഒന്നാം കേരള കൺവൻഷൻ ജനറൽ കൺവീനർ, 2002 ജൂലൈയിൽ ചിക്കാഗോയിൽ നടന്ന ഫൊക്കാന കൺവൻഷൻ ചെയർമാൻ എന്നീ നിലകളിൽ അദ്ദേഹം നടത്തിയ നേതൃപാടവം പ്രശംസനീയമാണ്. 2002-ലെ ഫൊക്കാനാ തെരഞ്ഞെടുപ്പിൽ ഫൊക്കാനയുടെ ദേശീയ കമ്മിറ്റി അംഗമായി (2002-2004) ജോസ് കണിയാലി ഏറ്റവും കൂടുതൽ വോട്ടുനേടി തെരഞ്ഞെടുക്കപ്പെട്ടു. 1992-ൽ ചിക്കാഗോയിൽ നിന്നും പ്രസിദ്ധീകരണം ആരംഭിച്ച കേരള എക്സ്പ്രസ്സിൽ 2000 മുതൽ ജോസ് കണിയാലി എക്സിക്യൂട്ടീവ് എഡിറ്ററും പങ്കാളിയുമായി മാറി. 2008-ൽ അമേരിക്കയിലെ അച്ചടി ദൃശ്യ മാധ്യമ സംഘടനയായ ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ദേശീയ പ്രസിഡന്റായി. 2008 ഒക്ടോബറിൽ ചിക്കാഗോയിൽ വെച്ചു നടന്ന 2-ാമത് നാഷണൽ ഇന്ത്യാ പ്രസ്ക്ലബ് കോൺഫറൻസിന്റെ മുഖ്യ സംഘാടകൻ, 2009-ലെ ന്യൂജേഴ്സി പ്രസ്ക്ലബ്ബ് കോൺഫറൻസിന്റെ മുഖ്യ സംഘാടകൻ, 2017 ഓഗസ്റ്റിൽ ചിക്കാഗോയിൽ വെച്ചു തന്നെ നടന്ന ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ഏഴാമത് നാഷണൽ കോൺഫറൻസിന്റെ ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു. മാധ്യമ രംഗത്തെ പ്രവർത്തനങ്ങൾക്കൊപ്പം 1989 മുതൽ ക്നാനായ കാത്തലിക് സൊസൈറ്റി ഓഫ് ചിക്കാഗോയുടെ ഭാഗമായി അദ്ദേഹം പ്രവർത്തനം തുടങ്ങി. അമേരിക്കയിലെ ക്നാനായ കത്തോലിക്കരുടെ ദേശീയ സംഘടനയായ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക(KCCNA )യുടെ ദേശീയ ജനറൽ സെക്രട്ടറി (1992 1995), 1995-1998 കാലഘട്ടത്തിൽ കെസിസിഎൻഎയുടെ പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. 1996 ജൂലൈയിൽ ചിക്കാഗോയിലെ കോൺകോർഡ് പ്ലാസ കൺവൻഷൻ സെന്ററിൽ നടന്ന രണ്ടാമത് നോർത്ത് അമേരിക്കൻ ക്നാനായ കാത്തലിക് കൺവൻഷന് ജോസ് കണിയാലി നേതൃത്വം നൽകി. ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ സെക്രട്ടറിയായും (1994-1995) പിന്നീട് 2015-2017 കാലഘട്ടത്തിൽ അതിന്റെ പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് നിരവധി പുരസ്കാരങ്ങൾ തേടിയെത്തിയിട്ടുണ്ട്. 2004-ൽ ബാബു ചാഴികാടൻ ഫൗണ്ടേഷന്റെ പ്രഥമ പ്രവാസി പ്രതിഭ പുരസ്കാരം, മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ (MARC) ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, 2022 ഒക്ടോബർ അവസാനം മിസൂറി സിറ്റിയുടെ പ്രശംസാപത്രം, 2022-ലെ ന്യൂയോർക്ക് കേരളാ സെന്റർ മികച്ച മാധ്യമ പ്രവർത്തകനുള്ള അവാർഡ്, 2023-ലെ മുഖം ഗ്ലോബൽ മാധ്യമ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

വിഷ്വൽ മീഡിയക്ക് നൽകിയ പുരസ്കാരത്തിന് അർഹനായ ജോസ് കാടാപുറം അമേരിക്കയിലെ മലയാളി സമൂഹത്തിലെ അറിയപ്പെടുന്ന മാധ്യമ പ്രവർത്തകനാണ്. നിലവിൽ, കൈരളി ടിവി യുഎസ്എയുടെ ഡയറക്ടർ ഇൻ ചാർജ് ആയി പ്രവർത്തിക്കുന്ന അദ്ദേഹം സമകാലിക വിഷയങ്ങളെക്കുറിച്ച് തന്റെ നിലപാടുകൾ എഴുതാറുണ്ട്. 'അക്കര കാഴ്ചകൾ' എന്ന സൂപ്പർ ഹിറ്റ് പരമ്പരയുടെയും മറ്റ് നിരവധി ഹിറ്റ് ഷോകളുടെയും എക്സിക്യൂട്ടീവ് പ്രൊഡ്യൂസറായിരുന്നു. പോപ്പുലറായ നിരവധി അഭിമുഖങ്ങളും മീഡിയ രംഗത്ത് നടത്തിയിട്ടുണ്ട് അദ്ദേഹം. കൈരളി അമേരിക്കൻ പ്രോഗ്രാമുകളുടെ നടത്തിപ്പിന് പുറമെ അമേരിക്കൻ ഫോക്കസ്, കൈരളി യുഎസ്എ വീക്കിലി ന്യൂസ് എന്നീ പ്രോഗ്രാമുകൾ മലയാളി പ്രേക്ഷകർക്ക് നൽകി വരുന്നു.

ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (IPCNA) സ്ഥാപക നേതാക്കളിൽ ഒരാൾ. യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സർട്ടിഫൈഡ് പ്രസ് ഐഡിയുള്ള ചുരുക്കം ചില മലയാളി മാധ്യമ പ്രവർത്തകരിൽ ഒരാളാണ് ജോസ് കാടാപുറം. എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടി. ന്യൂയോർക്കിലെ വെസ്റ്റ്ചെസ്റ്റർ ഗവൺമെന്റ് ഉദ്യോഗസ്ഥനാണ്.

പിറവം സ്വദേശിയായ ജോസ് കാടാപുറത്തിന് പ്രശസ്തമായ ന്യൂയോർക്കിലെ കേരള സെന്റർ മീഡിയ അവാർഡ് ഉൾപ്പെടെ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട് 'കാടാപുറത്തിന്റെ കുറിപ്പുകൾ' എന്ന പുസ്തകത്തിന്റെ രചയിതാവ് കൂടിയാണ് അദ്ദേഹം.

അമേരിക്കയിലെ പ്രഗത്ഭരായ രണ്ട് മാധ്യമ പ്രവർത്തകരായ ജോസ് കണിയാലിയും, ജോസ് കാടാപുറവും ഫൊക്കാനയുടെ പുരസ്കാരത്തിന് എന്തുകൊണ്ടും അനുയോജ്യരാണെന്നും തുടർന്നും അവരുടെ മേഖലയിൽ ശോഭിക്കുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നതായും ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, ജനറൽ സെക്രട്ടറി ഡോ. കലാ ഷഹി, ട്രഷറർ ബിജു കൊട്ടാരക്കര, കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ എന്നിവർ അറിയിച്ചു.

## കോൺഫറൻസ് ദിനങ്ങൾ എങ്ങനെ സുഗമമാക്കാം

ഉമ്മൻ കാപ്പിൽ/ജോർജ് തുമ്പയിൽ

ന്യൂയോർക്ക്: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസിൽ പാലിക്കേണ്ട ചില നിയമങ്ങളും നിബന്ധനകളും താഴെ ചേർക്കുന്നു.

പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കോൺഫറൻസ് ക്രമമനുസരിച്ച് എല്ലാവരും കോൺഫറൻസിൽ പങ്കെടുക്കണം. സമയനിഷ്ഠ പാലിക്കുന്ന കാര്യത്തിൽ എല്ലാവരും ശ്രദ്ധിക്കണം. * കോൺഫറൻസിൽ ഉടനീളം ശുചിത്വബോധത്തോടെ പെരുമാറേണ്ടതും പരിസരവും മുറികളും വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്. * കോൺഫറൻസിൽ യോജ്യവും സന്ദർഭോചിതവുമായ വസ്ത്രധാരണം പ്രതീക്ഷിക്കുന്നു. * രാത്രി 11 മണി മുതൽ പ്രഭാത പ്രാർത്ഥന വരെ നിശബ്ദത പാലിക്കേണ്ടതും കുട്ടികളുടെ കാര്യത്തിൽ രക്ഷിതാക്കൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. * കോൺഫറൻസ് സെന്ററിൽ ലഹരിവസ്തുക്കളുടെ ഉപയോഗം കർശനമായി വിലക്കിയിരിക്കുന്നുവെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. ഇതിനെതിരായ നടപടികൾ ഉണ്ടായാൽ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതായിരിക്കും. * പുറമെ നിന്നുള്ള ഭക്ഷണ പദാർത്ഥങ്ങൾ കോൺഫറൻസ് സെന്ററിൽ അനുവദനീയമല്ല. അതുപോലെതന്നെ ബുഫെ സ്റ്റേഷനുകളിൽ വിളമ്പുന്ന ഭക്ഷണ പദാർത്ഥങ്ങൾ ഡൈനിങ് ഏരിയയ്ക്ക് പുറത്തേക്ക് കൊണ്ടുപോകാൻ പാടുള്ളതല്ല. * കോൺഫറൻസിൽ രജിസ്റ്റർ ചെയ്തവർക്ക് ലഭിക്കുന്ന ഐഡിയും റിസ്റ്റ് ബാൻഡും മറ്റുള്ളവർക്ക് കാണത്തക്കവിധം എപ്പോഴും ധരിക്കേണ്ടതാണ്. കോൺഫറൻസിൽ രജിസ്റ്റർ ചെയ്തവർക്കു മാത്രമേ കോൺഫറൻസ് സെന്ററിലോ മുറികളിലോ പ്രവേശിക്കാൻ അനുവാദമുള്ളൂ. സന്ദർശകരെ അനുവദിക്കുന്നതല്ല. ഡേ സ്കോളേഴ്സിനെയും വിലക്കിയിരിക്കുന്നു. *കോൺഫറൻസിൽ സംബന്ധിക്കുന്ന ഓരോരുത്തരും അവരവരുടെ സുരക്ഷയ്ക്ക് ഉത്തരവാദപ്പെട്ടവരാണ്. * കുട്ടികളുടെ കാര്യത്തിൽ രക്ഷിതാക്കൾ ശ്രദ്ധ ചെലുത്തേണ്ടതും പ്രത്യേകിച്ച് സ്വിമ്മിംഗ് മുതലായ സ്ഥലങ്ങളിൽ പ്രവേശിക്കുമ്പോൾ കോൺഫറൻസ് ഫെസിലിറ്റിക്കോ എക്സിക്യൂട്ടീവ് കമ്മിറ്റിക്കോ ഉത്തരവാദിത്വമില്ലാത്തതാകുന്നു. * കോൺഫറൻസ് ഫെസിലിറ്റിയിലോ താമസിക്കുന്ന മുറിയിലോ കേടുപാടുകൾ വരുത്തിയാൽ അവർ തന്നെ ഉത്തരവാദികളായിരിക്കും. ഓരോരുത്തരും അവരവരുടെയോ അവർക്ക് ഉത്തരവാദപ്പെട്ട കുടുംബാംഗങ്ങളുടെയും സുരക്ഷയ്ക്കും മെഡിക്കൽ ഇൻഷ്വറൻസിനും മറ്റ് ബാദ്ധ്യതാ ഇൻഷ്വറൻസുകൾക്കും ഉത്തരവാദപ്പെട്ടിരിക്കും.



നോബിൾ വർഗീസ്



ടൈറ്റസ് അലക്സാണ്ടർ

ഫാമിലി കോൺഫറൻസിൽ പാലിക്കേണ്ട നിബന്ധനകളും നിയമങ്ങളും നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ വെബ്സൈറ്റിലും രജിസ്ട്രേഷൻ ഫോമിലും കൂടാതെ ഇ-മെയിലിലും എല്ലാവരെയും അറിയിച്ചിട്ടുണ്ടെന്ന് സേഫ്റ്റി സെക്യൂരിറ്റി ഭാരവാഹികളായ നോബിൾ വർഗീസ്, ടൈറ്റസ് അലക്സാണ്ടർ എന്നിവർ അറിയിക്കുന്നു. ഈ നിബന്ധനകൾ പാലിച്ച് ഉത്തരവാദിത്വബോധത്തോടെ സംബന്ധിച്ച് ഈ കോൺഫറൻസ് വിജയമാക്കിത്തീർക്കണമെന്ന് കോൺഫറൻസ് കോ-ഓർഡിനേറ്റർ, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

# തെരേസ ചിറയിലിനും സ്റ്റീഫൻ മാത്യു നേര്യംപറമ്പിലിനും എസ്ബി ആൻഡ് അസംപ്ഷൻ അലൂംമ്നി അവാർഡ്

**തോമസ് ഡിക്രൂസ്**

ചിക്കാഗോ: ചങ്ങനാശേരി എസ്ബി ആൻഡ് അസംപ്ഷൻ കോളജ് പൂർവവിദ്യാർത്ഥി സംഘടനയുടെ ചിക്കാഗോ ചാപ്റ്റർ എല്ലാവർഷവും നല്കി വരുന്ന വിദ്യാഭ്യാസ പ്രതിഭാ പുരസ്കാരത്തിന് തെരേസ ചിറയിലും സ്റ്റീഫൻ മാത്യു നേര്യംപറമ്പിലും അർഹരായി. മാത്യു വാച്ചാപറമ്പിൽ സ്മാരക പുരസ്കാരവും റവ.ഡോ. ജോർജ് മത്തിപ്പറമ്പിൽ പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ പുരസ്കാരവും കാഷ് അവാർഡ്, പ്രശംസാപത്രം, ഫലകം എന്നിവയും അടങ്ങുന്നതാണ് എസ്ബി ആൻഡ് അസംപ്ഷൻ അലൂംമ്നി അസോസിയേഷൻ ഹൈസ്കൂൾ അക്കാഡമിക് എക്സലൻസ് അവാർഡ്. സംഘടനയുടെ സജീവ അംഗങ്ങളായ ഡോ. മനോജ് നേര്യംപറമ്പിലിന്റെയും ടീനയുടെയും മകനാണ് സ്റ്റീഫൻ. ചിക്കാഗോ ചിറയിൽ ലൂക്ക്-ഷിജി ദമ്പതികളുടെ മകളാണ് തെരേസ. ഹൈസ്കൂൾ തലത്തിൽ പഠന-പാഠ്യേതര രംഗങ്ങളിൽ മികവ് പുലർത്തിയ സംഘടനാംഗങ്ങളുടെ മക്കൾക്ക് വേണ്ടി സ്ഥാപിച്ചിട്ടുള്ള പ്രസ്തുത പുരസ്കാരങ്ങൾ ജൂൺ 23-ന് നടന്ന എസ്ബി അസംപ്ഷൻ അലൂംമ്നി സമ്മർ ഫാമിലി ഫെസ്റ്റിൽ മുൻ എസ്ബി കോളജ് പ്രിൻസിപ്പലും സംഘടനയുടെ രക്ഷാധികാരിയുമായ റവ.ഡോ. ജോർജ് മഠത്തിപ്പറമ്പിൽ നല്കുകയുണ്ടായി.








പ്രഫ. ജെയിംസ് ഓലിക്കര, ജിജി മാടപ്പാട്, അമ്പിളി ജോർജ് എന്നിവർ അംഗങ്ങളായ അവാർഡ് നിർണ്ണയ കമ്മിറ്റിയാണ് ജേതാക്കളെ തെരഞ്ഞെടുത്തത്. ജിപിഎ എസിടി അഥവാ എസ്എടി, പഠന-പാഠ്യേതര മേഖലകളിലെ മികവുകൾ, അപേക്ഷാർത്ഥികളുടെയും അവരുടെ മാതാപിതാക്കളുടെയും സംഘടനാ പ്രവർത്തനങ്ങളിലുള്ള സജീവ പങ്കാളിത്തം എന്നിവ പരിഗണിച്ചാണ് അവാർഡ് ജേതാക്കളെ നിശ്ചയിച്ചത്. കൂടാതെ എസ്ബി ആൻഡ് അസംപ്ഷൻ അലൂംമ്നി അസോസിയേഷൻ സാമൂഹിക പ്രസക്തമായ വിവിധ വിഷയങ്ങളെക്കുറിച്ച് ദേശീയതലത്തിൽ നടത്തിയ ഉപന്യാസമത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട മികച്ച രചനകൾക്ക് ഷോൺ ഗ്രിഗറി, വിവേക് ആറ്റുപുറം, റയാൻ തോമസ് എന്നിവർ സമ്മാനാർഹരായതായി മൂല്യനിർണ്ണയ കമ്മിറ്റി ചെയർപേഴ്സൺ കാർമ്മൽ തോമസ് അറിയിച്ചു. അവാർഡ് ജേതാക്കൾ ചടങ്ങിൽ നന്ദിപ്രകാശനം നടത്തി. ചിക്കാഗോ മാർത്തോമ്മാ പള്ളി വികാരി റവ. എബി എം. തോമസ് തരകൻ, സംഘടനയുടെ ഉപരക്ഷാധികാരിയും പൂർവ്വവിദ്യാർത്ഥിയും ചിക്കാഗോ രൂപതാ പ്രൊക്യൂറേറ്ററുമായ റവ. ഫാ. കുര്യൻ നെടുവേലിചാലുങ്കൽ എന്നിവർ അവാർഡ്ദാന ചടങ്ങിൽ മുഖ്യാതിഥികളായിരുന്നു. അസോസിയേഷൻ വൈസ് പ്രസിഡണ്ട് മാത്യു ദാനിയേൽ സ്വാഗതവും തോമസ് ഡിക്രൂസ് നന്ദിയും പറഞ്ഞു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.47 |
| യൂറോ | 90.32 |
| സ്റ്റെർലിംഗ്പൗണ്ട് | 106.92 |
| സ്വിസ് ഫ്രാങ്ക് | 93.28 |
| സിംഗപ്പൂർ ഡോളർ | 61.89 |
| കനേഡിയൻ ഡോളർ | 61.18 |
| ഒമാൻ റിയാൽ | 216.83 |
| ബഹ്റൈൻ ദിനാർ | 221.44 |
| സൗദി റിയാൽ | 22.26 |
| യു.എ.ഇ. ദിർഹം | 22.73 |
| കുവൈത്ത് ദിനാർ | 272.69 |

# മലയാളി പെന്തക്കോസ്ത് കോൺഫറൻസ് പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ ഉദ്ഘാടനം ചെയ്തു

**ജോയി തുമ്പമൺ**

ഹൂസ്റ്റൺ: മലയാളി പെന്തക്കോസ്ത് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. ഹൂസ്റ്റണിലുള്ള ജോർജ് ആർ



ബൗൺ ഓഡിറ്റോറിയത്തിൽവെച്ച് നടന്ന സമ്മേളനത്തിൽ നാഷണൽ കൺവീനർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു.

ഡോ. കെ.പി. മാത്യു അധ്യക്ഷത വഹിച്ചു. ലോക്കൽ കോ-ഓർഡിനേറ്റർ പാസ്റ്റർ സണ്ണി താഴംപള്ളം സങ്കീർത്തനം വായിച്ചു.

ലോക്കൽ സെക്രട്ടറി സജിമോൻ ജോർജ് സ്വാഗതം പറഞ്ഞു. ഇമ്മാനുവേൽ കെ.ബിയും പിസിനാക്ക് ഗായകസംഘവും ചേർന്ന് ഗാനങ്ങൾ ആലപിച്ച് ആരാധനയ്ക്ക് നേതൃത്വം കൊടുത്തു.

നാഷണൽ സെക്രട്ടറി രാജു പൊന്നോലിൽ, മുഖ്യാതിഥികളായ പാസ്റ്റർ ഫെയ്ത് ബ്ലസനെയും ഡോക്ടർ സാബു വർഗീസിനെയും പരിചയപ്പെടുത്തി. കൺവൻഷൻ തീം ആയ 'മാനസാന്തരത്തിനു യോഗ്യമായ ഫലം കായിപ്പിൻ' എന്ന വിഷയത്തെ ആധാരമാക്കി പാസ്റ്റർ ബ്ലസ്സൻ സന്ദേശം അറിയിച്ചു. സമ്മേളനത്തിൽ ആയിരങ്ങൾ പങ്കെടുത്തു.





# ഡാളസ് കേരള അസോസിയേഷൻ അമേരിക്കൻ സ്വാതന്ത്ര്യദിനം ആഘോഷിച്ചു

പി.പി. ചെറിയാൻ

ഡാളസ്: 1776 ജൂലൈ നാലിന് യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക സ്ഥാപിച്ചുകൊണ്ട് രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് സ്വാതന്ത്ര്യപ്രഖ്യാപനം അംഗീകരിച്ചതിനെ അനുസ്മരിക്കുന്ന യുണൈറ്റഡ് സ്റ്റേറ്റ്സിലെ സ്വാതന്ത്ര്യദിനം, ജൂലൈ നാലിനു ഡാളസ് കേരള അസോസിയേഷൻ സമുചിതമായി ആഘോഷിച്ചു. ഇതിനോട് അനുബന്ധിച്ച് നാലിന് രാവിലെ 10 മണിക്ക് ഡാളസിലെ ചുട്ടുപൊള്ളുന്ന വെയിലിനെ അവഗണിച്ചു ഡാളസ് ഫോർട്ട് വർത്ത മേഖലകളിൽനിന്നും നിരവധി പേർ സ്വാതന്ത്ര്യദിനാഘോഷചടങ്ങിൽ പങ്കെടുക്കുവാൻ ഗാർലാൻഡിലുള്ള കേരള അസോസിയേഷൻ ഓഫീസ് പരിസരത്ത് എത്തിച്ചേർന്നിരുന്നു. പതാക ഉയർത്തുന്നതിന് മുൻപ് കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കുട്ടികളും മുതിർന്നവരും ചേർന്ന് സൈക്കിൾ റാലി സംഘടിപ്പിച്ചു.



തുടർന്ന് അസോസിയേഷൻ ജനറൽ സെക്രട്ടറി മൻജിത് കൈനിക്കര സ്വാഗതമാശംസിച്ചു. അസോസിയേഷൻ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ പതാക ഉയർത്തൽ ചടങ്ങു നടത്തി. ലോകത്തിലെ ആദ്യത്തെ ജനാധിപത്യ രാജ്യമായ അമേരിക്കയിൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽനിന്നും എത്തിച്ചേർന്ന നമ്മളെ സംബന്ധിച്ചു സ്വാതന്ത്ര്യത്തിന്റെ വില എന്താണെന്ന് ആവർത്തിക്കേണ്ടതില്ലെന്നു പ്രസിഡണ്ട് പറഞ്ഞു. തുടർന്ന് അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്ര പശ്ചാത്തലം പ്രസിഡണ്ട് വിവരിക്കുകയും എല്ലാവർക്കും സ്വാതന്ത്ര്യദിനാശംസകൾ നേരുകയും ചെയ്തു.

ഇന്ത്യ കൾച്ചറൽ ആൻഡ് എജുക്കേഷൻ സൊസൈറ്റി, പ്രസിഡണ്ട് ഷിജു ഏബ്രഹാം ആശംസകളർപ്പിച്ചു സംസാരിച്ചു. ബോബൻ കൊടുവത്, ടോമി നെല്ലുവേലിൽ, സുബി ഫിലിപ്പ്, ജെയ്സി രാജു, വിനോദ് ജോർജ്, സാബു മാത്യു, ഫ്രാൻസിസ് തോട്ടത്തിൽ, സെബാസ്റ്റ്യൻ പ്രാകുഴി, ജോർജ് വിലങ്ങോലിൽ, ഹരിദാസ് തങ്കപ്പൻ, രാജൻ ഐസക്, സിജു വി. ജോർജ്, ബേബി കൊടുവത് തുടങ്ങിയവർ സ്വാതന്ത്ര്യദിന ചടങ്ങുകൾക്കു നേതൃത്വം നൽകി. കേരള അസോസിയേഷൻ ആദ്യകാല പ്രവർത്തകൻ ഐ. വർഗീസിന്റെ സാന്നിധ്യം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കു ശേഷം പങ്കെടുത്ത എല്ലാവർക്കും മധുര വിതരണവും പ്രഭാത ഭക്ഷണവും ക്രമീകരിച്ചിരുന്നു.

# ഹൂസ്റ്റണിൽ ലീജിയൻ ഓഫ് മേരി സെമിനാർ

ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: സെ. മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ലീജിയൻ ഓഫ് മേരി സെമിനാർ നടത്തപ്പെട്ടു. കോട്ടയം അതിരൂപതാ പ്രസിഡണ്ട് ലതാ മാക്കിൽ ക്ലാസുകൾക്ക് നേതൃത്വം നല്കി.

രണ്ട് ദിവസങ്ങളിലായി പള്ളി പാരിഷ് ഹാളിൽ നടത്തപ്പെട്ട സെമിനാറിൽ ലീജിയൻ ഓഫ് മേരി എന്താണെന്നും ഈ കാലഘട്ടത്തിൽ സംഘടനയുടെ ആവശ്യകതയെക്കുറിച്ചും ലതാ മാക്കിൽ വിശദമായി സംസാരിച്ചു.

ഇടവക സമൂഹത്തെ മുഴുവനായും ഉൾക്കൊണ്ടുകൊണ്ട് എല്ലാ കുടുംബങ്ങളെയും മാതാവിന്റെ സന്നിധിയിൽ സമർപ്പിച്ച് മാതാവിന്റെ മദ്ധ്യസ്ഥതയാൽ മുന്നോട്ടു പോകുവാൻ ലീജിയൻ ഓഫ് മേരി സംഘടനാ അംഗങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ലതാ മാക്കിൽ പറഞ്ഞു. ഈ ഇടവകയുടെ ഐക്യത്തിനും കെട്ടുറപ്പിനും ഇടവക സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കും മാതാവിനോട് മാദ്ധ്യസ്ഥ്യം വഹിക്കേണ്ടതിന്റെ പ്രാധാന്യവും വിശദീകരിച്ചു.

ലീജിയൻ ഓഫ് മേരി ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നു ഇടവക വികാരി ഫാ. അബ്രാഹം മുത്തോലത്ത് ആമുഖസന്ദേശത്തിൽ അഭിപ്രായപ്പെട്ടു.

ഇടവക പ്രസിഡണ്ട് സിസി തൊട്ടിയിൽ, ആനിമേറ്റർ സിസ്റ്റർ ലിസിൻ ജോസ് എസ്ജെസി, സെക്രട്ടറി ഷൈനി കൊണ്ടൂർ, ട്രഷറർ എത്സമ്മ അത്തിമറ്റത്തിൽ, ലീലാമ്മ ഇല്ലിക്കാട്ടിൽ, ഗ്രേസി നിരപ്പേൽ, ലൈസ പറയൻകലയിൽ, മറിയാമ്മ എടാട്ടുകുന്നേൽ, മറ്റ് ലീജിയൻ ഓഫ് മേരി അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.










# വിഴിഞ്ഞത്തേക്ക് ആദ്യചരക്ക് കപ്പൽ എത്തുന്നു

തിരുവനന്തപുരം: വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തേക്ക് ജൂലൈ 11-ന് ആദ്യ ചരക്ക് കപ്പൽ എത്തുന്നു. ട്രയൽ റണ്ണിന്റെ ഭാഗമായാണ് ചരക്ക് കപ്പൽ എത്തുന്നത്. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ മന്ത്രിമാരും ഉന്നതോദ്യോഗസ്ഥരും ഉൾപ്പെടുന്ന സംഘം ആദ്യകപ്പലിന് സ്വീകരണം നല്കും. കഴിഞ്ഞ ഒക്ടോബറിൽ ആദ്യകപ്പൽ വിഴിഞ്ഞം തുറമുഖത്ത് അടുത്തപ്പോൾ സ്വീകരിച്ച മാതൃകയിൽ പൊതുജനങ്ങൾക്കും പരിപാടി നേരിട്ടു കാണാൻ അവസരമൊരുക്കും.

ഒന്നാം ഘട്ടത്തിലെ 800 മീറ്റർ നീളമുള്ള ബെർത്ത് നിർമ്മാണം പൂർത്തിയാകുകയാണ്. ഇതിൽ ഒരേസമയം രണ്ട് കപ്പലുകൾ അടുപ്പിക്കാൻ കഴിയും. തുറമുഖത്ത് 2960 മീറ്റർ പുലിമുട്ട് നിർമ്മാണം പൂർത്തിയാക്കി. സംരക്ഷണഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. 800 മീറ്റർ കണ്ടെയ്നർ ബർത്ത് നിർമാണം പൂർത്തിയായി. ഇതിൽ 400 മീറ്റർ പ്രവർത്തന സജ്ജമായി. തുറമുഖത്തെ ദേശീയപാത 66-മായി ബന്ധിപ്പിക്കുന്ന 1.7 കിലോമീറ്റർ നീളമുള്ള നാലുവരിപ്പാതയുടെ ആദ്യ 600 മീറ്റർ നിർമ്മിച്ചുകഴിഞ്ഞു. ബാക്കി റോഡിന്റെ നിർമാണം പുരോഗമിക്കുന്നു.

മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനി (എംഎസ്സി) മേഴ്ക്, എപിഎം ടെർമിനൽസ്, ഹാപാഗ്-ലോയ്ഡ് തുടങ്ങിയ വൻകിട ഷിപ്പിങ് കമ്പനികൾ വിഴിഞ്ഞം കേന്ദ്രീകരിച്ചു സർവീസ് നടത്താൻ താല്പര്യം പ്രകടിപ്പിച്ചതായി മന്ത്രി പി. രാജീവ് അറിയിച്ചു. യൂറോപ്പ്, പേർഷ്യൻ ഗൾഫ്, കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ തുടങ്ങിയവയെ ബന്ധിപ്പിക്കുന്ന രാജ്യാന്തര കപ്പൽ പാതയിൽ നിന്ന് 10 നോട്ടിക്കൽ മൈൽ മാത്രം അകലെയുള്ള തന്ത്രപ്രധാന തുറമുഖം എന്ന നിലയിൽ ആഗോള ട്രാൻസ്ഷിപ്മെന്റ് ഹബ് ആയി വിഴിഞ്ഞം മാറുമെന്നും മന്ത്രി പറഞ്ഞു.

കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 7-എ പ്രകാരം ഇറക്കുമതിയും കയറ്റുമതിയും അനുവദിക്കുന്ന കസ്റ്റംസ് തുറമുഖമായി അംഗീകരിച്ചുകൊണ്ടുള്ള പ്രഖ്യാപനം ജൂൺ 15-ന് ലഭിച്ചു.

സെക്ഷൻ 8 പ്രകാരം തുറമുഖത്ത് ചരക്ക് ഇറക്കാനും കയറ്റാനും ഗോഡൗണിൽ സൂക്ഷിക്കാനുമുള്ള അനുമതിയും സെക്ഷൻ 9 പ്രകാരം ലാൻഡിങ് ഏരിയയുടെയും കസ്റ്റംസ് ഏരിയയുടെയും പരിധി വ്യക്തമാക്കുന്ന വിജ്ഞാപനത്തിന്മേലുള്ള അംഗീകാരവും ജൂൺ 24-ന് ലഭിച്ചു.

# പിഎസ്സി അംഗത്വത്തിനു കോഴ

(3-ാം പേജിൽനിന്നും)

കോട്ടൂളിയിലെ പാർട്ടി നേതൃത്വത്തിനു പരാതി നൽകിയത്. കോട്ടൂളി ഘടകം ഇതു ജില്ലാ കമ്മിറ്റിക്കു കൈമാറി. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും മന്ത്രിയുമായ പി.എ. മുഹമ്മദ് റിയാസിന്റെ പേരു പറഞ്ഞാണു പണം വാങ്ങിയത് എന്ന ആരോപണം പരാതിയിൽ ഉള്ളതിനാൽ പരാതി സംസ്ഥാന സെക്രട്ടേറിയറ്റിനു കൈമാറി. ആരോപണം നേരത്തേതന്നെ അറിഞ്ഞ മുഹമ്മദ് റിയാസ് കോഴിക്കോട് ജില്ലാ കമ്മിറ്റിയിൽ നൽകിയ പരാതിയിൽ നടപടിയുണ്ടായില്ല. സംസ്ഥാന നേതൃത്വം ഈ വിഷയത്തിൽ പ്രാഥമികാന്വേഷണം നടത്തി ഇടപാടു നടന്നെന്നു ബോധ്യപ്പെട്ടശേഷം അന്വേഷിക്കാനായി ജില്ലാ കമ്മിറ്റിക്കു കൈമാറിയെന്നാണു വിവരം. മുഹമ്മദ് റിയാസിനു പുറമേ എംഎൽഎമാരായ കെ.എം. സച്ചിൻദേവ്, തോട്ടത്തിൽ രവീന്ദ്രൻ എന്നിവരുടെ പേരുകളും പ്രാദേശിക നേതാവ് ഉപയോഗപ്പെടുത്തിയതായി പരാതിയിലുണ്ട്. മുൻപുതന്നെ ജില്ലയിലെ ചില മുതിർന്ന നേതാക്കളുമായി ബന്ധപ്പെട്ട് ഇദ്ദേഹത്തിനെതിരെ ആരോപണങ്ങൾ ഉയർന്നിരുന്നു.

സിപിഎമ്മിന്റെ സംസ്ഥാന സെക്രട്ടേറിയറ്റ് ആണ് പിഎസ്സി അംഗം പോലെയുള്ള പ്രധാന കാര്യങ്ങൾ സംബന്ധിച്ചു തീരുമാനമെടുക്കാറുള്ളത്. ആരോപണം പാർട്ടിയുടെ അന്വേഷണ പരിധിയിൽ മാത്രം ഒതുങ്ങാനിടയില്ല. പരാതി പോലീസിനു കൈമാറിയാൽ സംസ്ഥാനസർക്കാരും പ്രതിസന്ധിയിലാകും. അതേസമയം, ആരോപണത്തെക്കുറിച്ചും തനിക്കെതിരെ പാർട്ടിക്കു നൽകിയെന്നു പറയുന്ന പരാതിയെക്കുറിച്ചും അറിയില്ലെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു.

# ഒപ്പിടാതെ ഗവർണർ

(3-ാം പേജിൽനിന്നും)

സബ്ജക്ട് കമ്മിറ്റിയിലടക്കം ചർച്ച കൂടാതെയും നിയമസഭയെ നോക്കുകുത്തിയാക്കിയും പാസാക്കിയ ബില്ലിൽ ഒപ്പിടരുതെന്ന് അഭ്യർഥിച്ച് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഗവർണർക്കു പരാതി നൽകിയിരുന്നു.

തദ്ദേശസ്ഥാപനങ്ങളിൽ ഒരു വാർഡ് വീതം വർധിപ്പിക്കാൻ നിർദേശിച്ച് ആദ്യം ഓർഡിനൻസ് ഇറക്കാനാണ് തീരുമാനിച്ചത്. എന്നാൽ പ്രത്യേക നിയമസഭാ സമ്മേളനം തുടങ്ങുന്ന സാഹചര്യത്തിൽ ബില്ലായി കൊണ്ടുവരാൻ പിന്നീടു തീരുമാനിച്ചു.

തുടർന്നാണ് നിയമസഭയുടെ ആദ്യ ദിനം തന്നെ തദ്ദേശസ്ഥാപന വാർഡ് പുനർനിർണയവുമായി ബന്ധപ്പെട്ട പഞ്ചായത്ത്, മുനിസിപ്പൽ ഭേദഗതി ബില്ലുകൾ സഭയിൽ കൊണ്ടുവന്നത്. മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ടു നിയമസഭ സംഘർഷഭരിതമായിരുന്ന സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു പോലും വിടാതെ ബിൽ പാസാക്കുകയായിരുന്നു.

ഇത്തരത്തിൽ പാസാക്കിയ ബില്ലിൽ ഒപ്പിടരുതെന്നാണ് ഗവർണറോടു പ്രതിപക്ഷം അഭ്യർത്ഥിച്ചത്. രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള വാർഡ് വിഭജന നടപടിയെന്നു വിലയിരുത്തിയാണ് ഗവർണർ രണ്ടു ബില്ലുകളിലും തൽക്കാലം ഒപ്പുവെക്കാത്തതെന്നാണു സൂചന.

തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പു നടപടിക്രമം തുടങ്ങുന്നതിനു മുൻപ് വാർഡ് പുനർവിഭജന കമ്മീഷൻ രൂപീകരിച്ചു നടപടിക്രമങ്ങൾ തുടങ്ങാനാണു നിർദേശം.

# ഇ.ഡി.ക്ക് തിരിച്ചടി

(3-ാം പേജിൽനിന്നും)

ഈ ആവശ്യവുമായി ഇ.ഡിയെ സമീപിച്ചെങ്കിലും അനുകൂലമായല്ല അവർ പ്രതികരിച്ചത്. ഇഡിയിൽ നിന്ന് രേഖകൾ ആവശ്യപ്പെട്ട് വിചാരണക്കോടതിയെ സമീപിച്ചെങ്കിലും ആവശ്യം അംഗീകരിച്ചില്ല. തുടർന്നാണ് ക്രൈംബ്രാഞ്ച് ഹൈക്കോടതിയെ സമീപിച്ചത്.

കോടതിയിൽ ഇഡി നല്കിയ 90 രേഖകൾ കൈമാറണമെന്നായിരുന്നു ക്രൈംബ്രാഞ്ചിന്റെ ആവശ്യം. ഈ രേഖകൾ ഫൊറൻസിക് ലാബിലേക്ക് അയയ്ക്കാനാണെന്നും ഒപ്പുകൾ ഉൾപ്പെടെ പരിശോധിക്കേണ്ടതുണ്ടെന്നും ക്രൈംബ്രാഞ്ച് വ്യക്തമാക്കി. നേരത്തെ ഫൊറൻസിക് ലാബ് ഡയറക്ടറെയും അസി. ഡയറക്ടറെയും കോടതി സ്വമേധയാ കക്ഷിചേർത്തിരുന്നു.

# കാശ്മീർ ഏറ്റുമുട്ടൽ

(3-ാം പേജിൽനിന്നും)

സിആർപിഎഫും പോലീസും പ്രദേശം വളഞ്ഞ് പരിശോധന നടത്തുന്നതിനിടെയാണ് ഭീകരർ വെടിയുതിർത്തത്. പ്രത്യാക്രമണത്തിനിടെ ഒരു സൈനികന് ജീവൻ നഷ്ടമായി. രണ്ടു ഭീകരരെ സുരക്ഷാസേന വധിച്ചു.

കുൽഗാമിലെ ചിന്നിഗാം മേഖലയിൽ ഏറ്റുമുട്ടലിനുശേഷം ഡ്രോൺ ഉപയോഗിച്ചു നടത്തിയ തെരച്ചിലിൽ നാലു ഭീകരരുടെ മൃതദേഹങ്ങൾ കണ്ടെത്തുകയായിരുന്നു. ഇവിടെയും ഒരു സൈനികന് ജീവൻ നഷ്ടമായി. മറ്റൊരു സൈനികന് പരുക്കേറ്റു. ഒളിച്ചിരിപ്പുണ്ടെന്ന് കരുതുന്ന മറ്റൊരു ഭീകരനായി തെരച്ചിൽ ഏഴിന് രാത്രിവരെ നീണ്ടു.

രണ്ട് ആക്രമണങ്ങളിലേക്കും സുരക്ഷാസേനയുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുമ്പോഴാണ് രജൗരിയിൽ സൈനിക ക്യാമ്പിനു സമീപം ഭീകരാക്രമണം നടന്നത്. ഏഴിന് പുലർച്ചെ നാലോടെയുണ്ടായ ആക്രമണത്തിൽ ഒരു സൈനികന് പരുക്കേറ്റു. അരമണിക്കൂറോളം തുടർന്ന ഏറ്റുമുട്ടലിനൊടുവിൽ ഭീകരർ സമീപത്തെ കാട്ടിലേക്ക് രക്ഷപ്പെട്ടു. പ്രദേശത്ത് തെരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്. ആറു ഭീകരരെ വധിക്കാനായത് വലിയ നേട്ടമാണെന്ന് ജമ്മു-കാശ്മീർ ഡിജിപി പറഞ്ഞു.

ജമ്മു-കാശ്മീർ നിയമസഭാ തെരഞ്ഞെടുപ്പ് നടത്താനുള്ള ഒരുക്കങ്ങളുമായി തെരഞ്ഞെടുപ്പ് കമ്മീഷനും കേന്ദ്രസർക്കാരും മുന്നോട്ടുപോകുന്നതിനിടെയുണ്ടാകുന്ന ഭീകരാക്രമണം ആശങ്കയുണർത്തുന്നുണ്ട്.

# A SEISMIC SHIFT IN THE POLITICAL LANDSCAPE IN KERALA

**(from page 20)**

The primary reason Kerala's socio-economic and political situations were tranquil and immune from any communal upheaval till now is the absence of active Sangh Parivar organizations such as Bajrang Dal and VHP supported by the BJP. That is about to change now as the BJP takes root in Kerala. As I have visited the Tribal areas of Neyyar Dam in Thiruvananthapuram, it has been already evident that these radical organizations are spreading their wings, and there were instances where they began to object to meetings on public grounds by traditional Christian groups annually conducted for years.

The CPI (M) led LDF administration headed by Pinarayi Vijayan has been one of the most corrupt governments in Kerala's history. The current crop of leaders provides lip service to Marxist philosophy while working with crony capitalists to accumulate wealth and promote their offspring. They send their children to top schools in India or abroad and turn them into businesspeople while using government machinery to enrich themselves. The people are obviously watching this in horror and disbelief as the party once championed the cause of the working class, and the poor have now become the tools in the hands of crooked traders and corrupt business people who lack any morals and ethics in their way of achieving financial success. As the Communist party loses its soul and repudiates its ideals, it is only a matter of time before they become irrelevant, as in West Bengal and Tripura. Although the CPM and Congress are allied in the INDIA coalition, the communist leaders in Kerala mostly trained their guns on the Congress party and its leadership. It is widely believed that there were strong undercurrents linking CPI (M) and BJP, as well as the vulnerability of Pinarayi Vijayan, who is facing numerous corruption charges. The lack of inquiries by central agencies into the business dealings of the Chief Minister and his daughter conveys nothing but a BJP's strategy to destroy Congress first and then deal with the CPI (M). Pinarayi's lack of criticism of Modi and his repeated attack only on CAA during the campaign revealed their dual strategy of protecting their interests while trying to appease one particular religious group.

Like an adage in America, Congress Party has too many Chiefs and no Indians! The party lacks grassroots workers. It is top-heavy and filled with leaders who need more connection to people on the ground. Only some volunteers do the essential work or take the message to the people. Every small chore, a poster on the wall, must be paid for, and some others take the money in but never deliver the goods. While assembling a small team of congress supporters in Neyyattinkara, I suffered the wrath of some so-called leaders who criticized our efforts. The groupism in the Congress party in Kerala is a curse and partly the reason why they couldn't just reorganize the Pradesh Congress Committee so many months after the new KPCC President was sworn in. If the Congress Party had won 16 seats from Kerala, it was not due to the strength of the party apparatus but only because of the people's desire to see Modi go. Even one of the most unpopular candidates from Pathanamthitta won the election just for that reason.

The primary reason the BJP was kept at bay in Kerala until now was due to the strength of UDF and LDF; both promoted secular values and governed, promoting social and economic progress. Although there were arguments and demands by various castes or religious groups for favors and benefits, religion was never used as a wedge to divide people. That is about to change now, as well as the BJP is expanding its reach beyond the upper caste Nair community and attracting the OBCs and ST/SC and Tribals. Kerala's political situation is getting ready for a makeover. The joining of Christians, even if a misguided tiny fraction, will give them more latitude and acceptance, especially in areas like Central Travancore.

BJP carves out a position for themselves and cultivates their growth in multiple ways. They appeared to have held the lead in Eleven Assembly constituencies in the parliamentary elections that just concluded. That gives them a solid foundation to build on toward getting Five or more seats in the 2026 Assembly elections. Once they accomplish that set goal, they will be flexible in joining one of the coalitions. Those who have seen their handiwork in Kashmir, Bihar, and Maharashtra know that they would eventually outsmart them all and take over the governments. The other tactic is their so called Gujarat model of creating riots and mayhem and pitting citizens against each other based on religion. Communal riots in 2002 resulted in perpetual rule by the BJP, and there is no end in sight for the near future.

Whatever the model BJP will pursue in Kerala is still uncertain. But to any astute political observer, the political landscape has been permanently shifted. The younger people living around the Technopark in Thiruvananthapuram couldn't care less about whether Rajiv Chandrasekhar was a BJP candidate. They are looking for jobs, and RC, while campaigning as the IT minister for the central government, has persuaded them to support him, resulting in his taking the lead in the Kazhakoottom constituency. Although we should understand their growing concerns about the lack of opportunities in the state, it is preferable to see a new generation growing up with fundamental values and social commitment.

It is time for UDF and LDF leaders to introspect and figure out how they could be genuine competitors in Kerala for governance while keeping the real adversary at bay. If they fail to understand the gravity of what is happening under their feet, they will not only be negligent in discharging their commitment to their long-held ideology but may also place the peace and harmony Keralites enjoyed for generations at greater risk. The message from the last election is loud and clear: if any of these two coalitions falter, the BJP is ready and prepared to fill the gap.

# SEEKING BRIDEGROOM

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or
**469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, pictures

# SEEKING BRIDE

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to
**hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to
**pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

# SEEKING BRIDEGROOM CONTD.....

and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to:
**bejeweledsnow@hotmail.com**

# നിര്യാതരായി

## ഡോ. പി. വിശ്വനാഥന്‍

**കോട്ടയം:** കോട്ടയം മെഡിക്കല്‍ കോളജ് റിട്ട. പ്രഫസര്‍ ഓഫ് മെഡിസിന്‍ ഗാന്ധിനഗര്‍ സായി പങ്കജ് ഡോ. പി. വിശ്വനാഥന്‍ (78) അന്തരിച്ചു. ഭാര്യ കോട്ടയം വെട്ടുകുഴി ഷീബ വിശ്വനാഥന്‍. മക്കള്‍: ഡോ. കമല്‍ വിശ്വനാഥ്, ഡോ. ബിമല്‍ വിശ്വനാഥ് (ഇരുവരും യുഎസ്), സ്നേഹ വിശ്വനാഥ് (ജര്‍മനി). മരുമക്കള്‍: കാസി കമല്‍, രമ്യാ ബിമല്‍, മിഖായേല്‍ യേബര്‍ ഹാര്‍ട്ട്.

## തുളസിഭായി

**തിരുവനന്തപുരം:** ആര്‍എസ്പി മുന്‍ ജനറല്‍ സെക്രട്ടറി ടി.ജെ. ചന്ദ്രചൂഡന്റെ ഭാര്യ തുളസിഭായി (79) അന്തരിച്ചു. മക്കള്‍: ഡോ. ലക്ഷ്മി (യുഎസ്), പാര്‍വതി (ലേ ഓഫീസര്‍ പെന്‍ഷന്‍ ബോര്‍ഡ്). മരുമക്കള്‍: ഡോ. മഹേഷ് ഗോപിനാഥ് (യുഎസ്), എം.പി. സാജു.

## പി.സി. തോമസ്



**ഹൂസ്റ്റണ്‍:** ചെങ്ങന്നൂര്‍ പയലിപ്പുറത്ത് കുടുംബാംഗം പി.സി. തോമസ് (ബാബു-76) ഹൂസ്റ്റണില്‍ അന്തരിച്ചു. സെ. തോമസ് സിഎസ്ഐ ചര്‍ച്ച് ഓഫ് ഗ്രേറ്റര്‍ ഹൂസ്റ്റണ്‍ അംഗമാണ്. ഭാര്യ മറിയാമ്മ തോമസ്. മക്കള്‍: എല്‍സ തോമസ്, അനു തോമസ്, റോബിന്‍ തോമസ് (ഹൂസ്റ്റണ്‍). മരുമക്കള്‍: ഏലിയാസ് ഡാനി തോമസ്, ബിജു ജോയ്, സ്മിത തോമസ്.

**കോട്ടയം:** ദി പെന്തെക്കോസ്ത് മിഷന്‍ സുവിശേഷപ്രവര്‍ത്തക അന്നമ്മ ഫിലിപ്പോസ് (70) അന്തരിച്ചു.

## ജോണ്‍ ജേക്കബ്



**ഷാര്‍ലറ്റ്:** അടൂര്‍ തട്ടയില്‍ കുളത്തിന്‍കരോട്ട് വീട്ടില്‍ പരേതരായ കെ.കെ. ജേക്കബിന്റെയും പൊന്നമ്മ ജേക്കബിന്റെയും മകന്‍ ജോണ്‍ ജേക്കബ് (ജോസ്) ഷാര്‍ലറ്റില്‍ അന്തരിച്ചു. ഇന്ത്യന്‍ നേവിയിലെ സേവനത്തിനുശേഷം അമേരിക്കയിലെത്തിയ അദ്ദേഹം ന്യൂയോര്‍ക്കിലെ ഫസ്റ്റ് ഫിഡലിറ്റി ബാങ്കില്‍ ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ സൂസന്‍ ജേക്കബ്. മക്കള്‍: ജയ്സണ്‍ ജേക്കബ്, ഷോണ്‍ ജേക്കബ്. സഹോദരങ്ങള്‍: കോശി ജേക്കബ് (ന്യൂയോര്‍ക്ക്), മാത്യു ജേക്കബ് (ഹൂസ്റ്റണ്‍), ഫിലിപ്പ് ജേക്കബ് (ന്യൂയോര്‍ക്ക്), ജോര്‍ജ് ജേക്കബ് (അറ്റ്ലാന്റ), മറിയാമ്മ ജോസി (ഹൂസ്റ്റണ്‍), ഏലിയാമ്മ കുര്യന്‍ (ന്യൂയോര്‍ക്ക്).

## കെ.എ. തോമസ്

**രാമപുരം:** വിമുക്തഭടന്‍ കുളക്കാട്ടോലിക്കല്‍ കെ.എ. തോമസ് (81) അന്തരിച്ചു. ഭാര്യ തുടങ്ങനാട് മുല്ലക്കരയില്‍ മേരിക്കുട്ടി. മക്കള്‍: മനോജ്, സിജു, ജൂലിയറ്റ് (യുഎസ്). മരുമക്കള്‍: കൊച്ചുറാണി കാഞ്ഞിരത്തുങ്കല്‍ അന്തീനാട്, സ്നോബി കാഞ്ഞിരത്തുങ്കല്‍ കൊണ്ടാട്, ബിനോയ് അലക്സാണ്ടര്‍ (യുഎസ്).

**പാലാ:** കടുത്തുരുത്തി ആരാധന മഠാംഗമായ സിസ്റ്റര്‍ ജോര്‍ജീന കമ്മാത്തുരുത്തേല്‍ (86) അന്തരിച്ചു.

**കടുത്തുരുത്തി:** റിട്ട. എസ്ഐ ഉദയശൈലം സി.എന്‍. ബാലകൃഷ്ണന്‍ നായര്‍ (79) അന്തരിച്ചു.

## ചാക്കോ മാത്യു അന്തരിച്ചു



**ഫ്ളോറിഡ:** ലേക് ലാന്‍ഡ് ഐപിസി സഭയുടെ സജീവ അംഗം വെണ്ണിക്കുളം മുണ്ടക്കമണ്ണില്‍ ചാക്കോ മാത്യു (ജോയി-72) ഫ്ളോറിഡയില്‍ അന്തരിച്ചു. ആരംഭകാല പെന്തെക്കോസ്ത് കുടുംബാംഗമായിരുന്ന പ്ലാങ്കല്‍ ചാക്കോ-തങ്കമ്മ ദമ്പതികളുടെ മകനായ പരേതന്‍ പാലാരിവട്ടം ബഥേല്‍ പെന്തെക്കോസ്ത് സഭയുടെ അംഗമായിരുന്നു. ഭാര്യ കുഞ്ഞുമോള്‍ മല്ലശ്ശേരി വലിയകാലായില്‍ കുടുംബാംഗമാണ്. മക്കള്‍: ഫിലാന്‍, അലന്‍. മരുമക്കള്‍: സെലോണി, ശില്‍പ. വത്സാ ജോണ്‍ (പുല്ലാട്) സഹോദരിയാണ്.

മെമ്മോറിയല്‍ സര്‍വീസ് ജൂലൈ 12-ന് വെള്ളിയാഴ്ച വൈകിട്ട് 6.30-നും സംസ്കാരശുശ്രൂഷ 13-ന് ശനിയാഴ്ച രാവിലെ 9-ന് ലേക് ലാന്‍ഡ് ഐപിസിയിലും നടക്കും. തുടര്‍ന്ന് 12-ന് ഓക്ക്ഹില്‍ ബറിയല്‍ പാര്‍ക്ക് സെമിത്തേരിയില്‍ ഭൗതികശരീരം സംസ്കരിക്കും.

## മേരി തോമസ്

**വള്ളിച്ചിറ:** വണ്ടംമാക്കില്‍ മേരി തോമസ് (80) അന്തരിച്ചു. മള്ളൂശേരി നല്ലൂര്‍ കുടുംബാംഗമാണ്. ഭര്‍ത്താവ് വി.യു. തോമസ് (റിട്ട. ലീഗല്‍ മെട്രോളജി വകുപ്പ്). മക്കള്‍: ജോജി തോമസ് (കാനഡ), ജൂലി തോമസ് (യുഎസ്), ജിഷി തോമസ് (കാനഡ). മരുമക്കള്‍: രേഖ തൈത്തറയില്‍, ജോസ് കൊരട്ടിയില്‍, ചഞ്ചല്‍ മണലേല്‍.

## ത്രേസ്യാമ്മ മാത്യു

**പാലാ:** തെരുവില്‍ ത്രേസ്യാമ്മ മാത്യു (88) അന്തരിച്ചു. ആലപ്പുഴ മലയില്‍ കുടുംബാംഗമാണ്. ഭര്‍ത്താവ് പരേതനായ ടി.ഡി. മാത്യു. മക്കള്‍: മിനി രാജീവ്, ബിന്നി മാത്യു, സജി മാത്യു, ഷിബി മാത്യു, റീനി ദീപക്. മരുമക്കള്‍: രാജീവ് തച്ചില്‍ (യുഎസ്), ജിനി ബിന്നി മാളിയേക്കല്‍ (ഇരിങ്ങാലക്കുട), ലിസ സജി കുന്നത്ത് (കാഞ്ഞിരപ്പള്ളി), ധന്യ ഷിബി ആലപ്പാട്ട് (കാട്ടൂര്‍), ദീപക് ദേവസ്യ പാംപ്ലാനിയില്‍ (ദുബായ്).

**നിരണം:** കോതമംഗലം മാര്‍ അത്തനേഷ്യസ് കോളജ് റിട്ട. പ്രഫ. ഇലഞ്ഞിക്കല്‍ വെളിയത്ത് ഇ. ജേക്കബ് (കുഞ്ഞൂഞ്ഞ് -96) അന്തരിച്ചു.

**രാമപുരം:** മാങ്കുളം കുഴുവേലില്‍ (മണ്ഡപത്തില്‍) ജോസ് ജോസഫ് (88) അന്തരിച്ചു.

**ചങ്ങനാശേരി:** ബാങ്ക് ഓഫ് ബറോഡ റിട്ട. ഓഫീസര്‍ പുഴവാത് പ്രത്യൂഷയില്‍ എം.എന്‍ മധു (67) അന്തരിച്ചു.

**മണര്‍കാട്:** പാടത്തുമാപ്പിളപത്തനാഴിയില്‍ മറിയാമ്മ മാണി (പെണ്ണമ്മ-92) അന്തരിച്ചു.

**മണര്‍കാട്:** കാലുകടവില്‍ കെ. തോമസ് മാത്യു (ബാബു -66) അന്തരിച്ചു.

## അന്നമ്മ സ്കറിയ

**പാമ്പാടി-വെള്ളൂര്‍:** പള്ളിവാതുക്കല്‍ ഏബന്‍ ഏസര്‍ ഹോമില്‍ അന്നമ്മ സ്കറിയ (70) യുഎസില്‍ അന്തരിച്ചു. പാമ്പാടി കോട്ടൂര്‍ കുടുംബാംഗമാണ്. ഭര്‍ത്താവ് ജോണ്‍ സ്കറിയ. മക്കള്‍: പാസ്റ്റര്‍ ജോണ്‍സണ്‍ ഏബന്‍ ഏസര്‍ സ്കറിയ, ജോയല്‍ സ്കറിയ, ഗ്രേസ് ചാണ്ടി (എല്ലാവരും യുഎസ്). മരുമക്കള്‍: നീതി (കോഴഞ്ചേരി), ഐവി (മണര്‍കാട്), ബിനോ ചാണ്ടി (കൊച്ചറ).

**എരുമേലി:** ചക്കാലക്കല്‍ സി.എം. ജോണ്‍ (ബാബു-61) അന്തരിച്ചു.

## പ്രഫ. ജോസഫ് ഇമ്മാനുവല്‍

**ആര്‍പ്പൂക്കര:** തുരുത്തുമാലില്‍ പുതുച്ചിറ പ്രഫ. ജോസഫ് ഇമ്മാനുവല്‍ (അപ്പച്ചന്‍-87) അന്തരിച്ചു. ഭാര്യ വടയാര്‍ ചക്കുങ്കല്‍ അന്നമ്മ. മക്കള്‍: ഷിബി (ദുബായ്), ഷീന (യുഎസ്), ഷീജ (ബെംഗ്ലൂര്‍). മരുമക്കള്‍: പരേതയായ ജോവാന്‍ ജെന്നിഫര്‍ (ദുബായ്), തോമസ് (യുഎസ്), രംഗീത് (ബെംഗ്ളൂര്‍).

## ബാരിസ്റ്റര്‍ കെ.ആര്‍. നമ്പ്യാര്‍

**മാവുങ്കല്‍:** പ്രമുഖ നിയമജ്ഞനും സുപ്രീം കോടതിയിലെ സീനിയര്‍ അഭിഭാഷകനുമായിരുന്ന മൂലക്കണ്ടം കൃഷ്ണയില്‍ ബാരിസ്റ്റര്‍ കെ.ആര്‍. നമ്പ്യാര്‍ (കെ. രാധാകൃഷ്ണന്‍ നമ്പ്യാര്‍-93) അന്തരിച്ചു. ഭാര്യ രാധ നമ്പ്യാര്‍. മക്കള്‍: ബിന്ദു നമ്പ്യാര്‍, രേഖാ നമ്പ്യാര്‍ (ഇരുവരും യുഎസ്). മരുമക്കള്‍: സഞ്ജയ്, രാജീവ് (ഇരുവരും യുഎസ്).

**തിരുവനന്തപുരം:** ഹൈദരാബാദ് റോഡാ മിസ്ത്രി കോളജ് ഓഫ് സോഷ്യല്‍ വര്‍ക്ക് മുന്‍ പ്രിന്‍സിപ്പല്‍ ഡോ. ഉഷ അന്ന മാത്യു (72) അന്തരിച്ചു.

**വടവാതൂര്‍:** വടവാതൂര്‍ ഗവ. സ്കൂള്‍ റിട്ട. അധ്യാപിക പഴൂര്‍ ഏലിയാമ്മ ജോര്‍ജ് (89) അന്തരിച്ചു.

## ആനി ജോണ്‍സന്‍



**ഫിലാഡല്‍ഫിയ:** ഇടനാട് പുത്തന്‍കാവില്‍ പരേതരായ കെ.വി. ചാക്കോയുടെയും ഏലിയാമ്മ ചാക്കോയുടെയും മകള്‍ ആനി ജോണ്‍സന്‍ (ഗീത) അന്തരിച്ചു. ഭര്‍ത്താവ് ജോണ്‍സന്‍ ശാമുവേല്‍ (സജി). മക്കള്‍: ജെറിന്‍ ജോണ്‍സന്‍, ജിതിന്‍ ജോണ്‍സന്‍. മരുമകള്‍: റിന്‍സി.

**ചങ്ങനാശേരി:** കാക്കാംതോട് കരടായിപറമ്പില്‍ ജോസഫ് ചാക്കോ (ബേബിച്ചന്‍-78) അന്തരിച്ചു.

**ചേര്‍പ്പുങ്കല്‍:** കെഴുവംകുളം തോണക്കര വട്ടമറ്റത്തില്‍ ഏലിയാമ്മ അഗസ്റ്റിന്‍ ('72) അന്തരിച്ചു.

## മറിയാമ്മ സ്കറിയ

**കറുകച്ചാല്‍:** മാടത്താനി ചിറപ്പുറത്ത് ചിറത്തലയ്ക്കല്‍ മറിയാമ്മ സ്കറിയ (70) അന്തരിച്ചു. പുതുപ്പള്ളി തലപ്പാടി ആണ്ടുപറമ്പില്‍ കുടുംബാംഗമാണ്. ഭര്‍ത്താവ് സി.വി. സ്കറിയ (റിട്ട. കസ്റ്റംസ് ഓഫീസര്‍). മക്കള്‍: അജോ, അനീഷ് (യുഎസ്), അനിത. മരുമക്കള്‍: സ്നേഹ കുറുന്തോട്ടിക്കല്‍ (പെരുമ്പെട്ടി), ലിത പടിഞ്ഞാറേക്കര (ആലപ്പുഴ), ബിനു മാവുങ്കല്‍ (ആനിക്കാട്).

**പാറത്തോട്:** നെയ്യംതുരുത്തിയില്‍ മറിയാമ്മ കുരുവിള (71) അന്തരിച്ചു.

**ഏറ്റുമാനൂര്‍:** വിമുക്തഭടന്‍ പുളിക്കല്‍ പി.ജെ. ജോസഫ് (82) അന്തരിച്ചു.

**രാമപുരം:** കൊല്ലിയില്‍ അന്നമ്മ (100) അന്തരിച്ചു.

## ഡോ. ലൂസി പൈലി

**തൃശൂര്‍:** മണ്ണുത്തി വെറ്ററിനറി കോളജ് അനാട്ടമി ഡിപ്പാര്‍ട്ടുമെന്റ് റിട്ട. മേധാവി ഡോ. ലൂസി പൈലി (87) പറവട്ടാനിയിലുള്ള മകന്റെ വസതിയില്‍ അന്തരിച്ചു. കുറ്റൂര്‍ മേനാച്ചേരി കുടുംബാംഗമാണ്. ഭര്‍ത്താവ് പരേതനായ ഡോ. ഇ.കെ. പൈലി (റിട്ട. അസോ. ഡയറക്ടര്‍, അഗ്രി യൂണി.) മക്കള്‍: റോയസ് പീറ്റര്‍, സുനിത ആന്‍, സജിത മേരി, രഞ്ജിത്ത് ഡേവിഡ് (യുഎസ്.). മരുമക്കള്‍: റോസ് ചക്കച്ചാപറമ്പില്‍, സൈമണ്‍ പുല്ലോക്കാരന്‍, സെബാസ്റ്റ്യന്‍ കോലത്തുപടവില്‍, രശ്മി പീച്ചാട്ട് (യുഎസ്).

## സണ്ണി ലൂക്കോസ്

**കീഴൂര്‍:** മണിത്തൊട്ടിയില്‍ സണ്ണി ലൂക്കോസ് (59) അന്തരിച്ചു. ഭാര്യ കരിങ്കുന്നം കള്ളിക്കല്‍ ജെസി സണ്ണി. മക്കള്‍: ജസ്റ്റിന്‍ സണ്ണി, ജെയ്സണ്‍ സണ്ണി (ഇരുവരും യുഎസ്). മരുമകള്‍: റിനു ജസ്റ്റിന്‍ താനത്ത് (കരിങ്കുന്നം).

**ആലപ്പുഴ:** സെ. മേരീസ് ട്രേഡേഴ്സ് ഉടമ ഇന്ദിരാ ജംഗ്ഷന്‍ തയ്യില്‍ ജിനു ഗാര്‍ഡന്‍സില്‍ കുര്യന്‍ മാത്യു (കുഞ്ഞച്ചന്‍-85) അന്തരിച്ചു.

## കെ.പി. മാത്യൂസ്

**തിരുവല്ല:** കവിയൂര്‍ ആഞ്ഞിലിത്താനം കൊച്ചിയില്‍ വലിയവീട്ടില്‍ കെ.പി. മാത്യൂസ് (അച്ചന്‍കുഞ്ഞ്-75) ടെക്സസില്‍ അന്തരിച്ചു.

**കോട്ടയം:** മുട്ടമ്പലം മള്ളുശേരി മറ്റപ്പള്ളില്‍ സീതക്കുട്ടിയമ്മ (83) അന്തരിച്ചു.

**ഏറ്റുമാനൂര്‍:** കാസര്‍കോട് പനയാല്‍ ജിഎല്‍പിഎസ് റിട്ട. അധ്യാപിക പൂന്തോട്ടത്തില്‍ ഗ്ലോറി ജോസഫ് (75) അന്തരിച്ചു.

## ചന്ദ്രികകുഞ്ഞമ്മ

**കുമാരമംഗലം:** മേച്ചേരില്‍ ചന്ദ്രിക കുഞ്ഞമ്മ (82) അന്തരിച്ചു. പടി. കോടിക്കുളം തേക്കനാല്‍ കുടുംബാംഗമാണ്. ഭര്‍ത്താവ് പരേതനായ സുകുമാരന്‍ നായര്‍. മക്കള്‍: അമ്പിളി രാജേഷ്, അഞ്ജലി ദിലീപ് (യുഎസ്). മരുമക്കള്‍: ദിലീപ് (യുഎസ്), പരേതനായ രാജേഷ്.

## പ്രഫ. ബാലകൃഷ്ണന്‍

**പാലക്കാട്:** ഗവ. വിക്ടോറിയ കോളജ് ആദ്യകാല അധ്യാപകരില്‍ ഒരാളും ഫിസിക്സ് വിഭാഗം മേധാവിയുമായിരുന്ന ചന്ദ്രനഗര്‍ ഹൗസിങ് കോളനി നമ്പര്‍ 4-ല്‍ പ്രഫ. പി. ബാലകൃഷ്ണന്‍ (94) അന്തരിച്ചു. ഭാര്യ അമൃതകുമാരി. മക്കള്‍: കെ. ഗോവിന്ദ് (യുഎസ്), കെ. ലക്ഷ്മി. മരുമക്കള്‍: ജയശ്രീ. ഡോ. പി. മോഹനകൃഷ്ണന്‍.

## മറിയാമ്മ ഫിലിപ്പോസ്

**ചങ്ങനാശേരി:** വാഴപ്പള്ളി കുരിശുമ്മൂട്ടില്‍ മറിയാമ്മ ഫിലിപ്പോസ് (80) അന്തരിച്ചു. കാളിയാര്‍ കിഴക്കേടത്ത് കുടുംബാംഗമാണ്. ഭര്‍ത്താവ് കെ.ഒ. ഫിലിപ്പോസ്. മക്കള്‍: പ്രിയ (ഡല്‍ഹി), ഡോ. പ്രിജേഷ് (യുഎസ്), പ്രശാന്ത് (ബെംഗ്ളൂരു). മരുമക്കള്‍: ഷാബു തോമസ്. ഷൈലി.

## ബേബി കളത്തില്‍



**കുറുപ്പന്തറ:** തോട്ടത്തില്‍ (കളത്തില്‍) പരേതരായ മത്തായി-മറിയാമ്മ ദമ്പതികളുടെ മൂത്തമകനായ സിറിയക് (ബേബി -79) ന്യൂയോര്‍ക്കില്‍ അന്തരിച്ചു. ഭാര്യ ഏലിയാമ്മ ഞീഴൂര്‍ നെടുവാമ്പുഴ കുടുംബാംഗമാണ്. മക്കള്‍: ക്രിസ്റ്റീന്‍ ആകശാല പിറവം, സ്റ്റീവന്‍ സിറിയക് കളത്തില്‍. സഹോദരങ്ങള്‍: ജോളി കല്ലിടുക്കിയില്‍ മാഞ്ഞൂര്‍ സൗത്ത്, ബാബു തോട്ടത്തില്‍ കുറുപ്പന്തറ, ലിസ്സാമ്മ പുന്നശേരിയില്‍ കൂടല്ലൂര്‍.

**തിരുവല്ല:** കവിയും സാഹിത്യകാരനും ദീപിക പത്രാധിപസമിതി അംഗവുമായിരുന്ന ഉഴത്തില്‍ കൃഷ്ണകൃപയില്‍ തിരുമൂലപുരം നാരായണന്‍ (79) അന്തരിച്ചു.

**പെരിങ്ങുളം:** താഴത്തുവീട്ടില്‍ മറിയക്കുട്ടി (94) അന്തരിച്ചു.

## ജോസ് പടവത്തില്‍ അന്തരിച്ചു



**നീണ്ടൂര്‍:** റിട്ട. എയര്‍ഫോഴ്സ്/കെ.എസ്.ആര്‍.ടി.സി ഉദ്യോഗസ്ഥന്‍ ജോസ് പടവത്തില്‍ (86) അന്തരിച്ചു. ഭാര്യ പരേതയായ പെണ്ണമ്മ മള്ളൂശ്ശേരി പേരൂപ്പറമ്പില്‍ കുടുംബാംഗമാണ്. മക്കള്‍: ബാബു പടവത്തില്‍ (ഡാളസ്), ബീന ജെയിംസ് മണ്ണാര്‍കാട്ടില്‍ (ഓസ്റ്റിന്‍), പരേതനായ ബിജോ പടവത്തില്‍, ബിന്ദു സുനില്‍ മാടപറമ്പത്ത് (ഡാളസ്). മരുമക്കള്‍: ബിജിലി മാനുങ്കല്‍, ബിനോയി മണ്ണാര്‍കാട്ടില്‍, ഷാന്റി പോടൂര്‍, സുനില്‍ മാടപറമ്പത്ത്. സഹോദരങ്ങള്‍: പരേതരായ ലൂക്കോസ് പടവത്തില്‍, അച്ചാമ്മ കണ്ണാല, ഏബ്രഹാം പടവത്തില്‍, തോമസ് പടവത്തില്‍.

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## LIVE IN CAREGIVER WANTED IN CT

Looking for live in help in Stamford, CT area for elderly mother. She is healthy but needs help for daily living assistance (meals, bathing, dressing). Have car for use for Dr appointments, driving preferable.

**Call/Text Ann at**

**614-353-5145**

## CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



*Inserted by: Firm Believer, Houston*

**Visit Our Website: www.keralaexpress.com for Classified Advt.**

## LIVE IN CARETAKER (FEMALE) NEEDED IN THE CHICAGO AREA

Needed in the Chicago area: Live in caretaker (female) to care for a 90-year-old mom. Call or text

**317-709-2317**

## RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

### ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

### ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

# കാണാമറയത്തെ തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തി. സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഡിവൈഎസ്പിയായ ഹേമചന്ദ്രനായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബുവിനെയും മാതാപിതാക്കളെയും സന്ദീപ് അന്വേഷിച്ചു കണ്ടെത്തി. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് വീണ്ടും അന്വേഷണം തുടങ്ങി. ചന്ദ്രബാബുവിന്റെ തിരോധാനത്തിൽ പങ്കുണ്ടെന്നു സംശയിക്കുന്ന കൂട്ടിക്കൽ സുകു എന്ന വാടകഗുണ്ടയെ പിടികൂടി ചോദ്യം ചെയ്തതോടെ എല്ലാം വെളിവായി. ഒളിവിൽ പോയ ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പോലീസ് കസ്റ്റഡിയിലായി. കിഷോർ സോഫിയായുടെ വീട്ടിലെത്തി അവരുടെ ഭാവി പരിപാടികൾ വിവരിക്കുന്നു. കല്ലാറ്റുപടിക്കലെ പഴയ തെങ്ങുകയറ്റക്കാരൻ പൊന്നനെ കാണാൻ മണിമലയിലെത്തിയ സന്ദീപ് അയാൾ മരിച്ചുപോയെന്നറിയുന്നു....**

## 104

നാലു ദിവസം മുൻപായിരുന്നു പൊന്നന്റെ മരണം. രാത്രി ചോറുണ്ട് എണീറ്റ് കൈ കഴുകി. ഒരു ബീഡി പുകച്ചുകൊണ്ടു തിണ്ണയിൽ വന്നിരുന്നു. അതു വലിച്ചു തീർത്തിട്ടു മുറിക്കകത്തു കയറി. വെള്ളച്ചിയോട് ഒരു കട്ടൻചായ വേണമെന്ന് ആവശ്യപ്പെട്ടു. പതിവില്ലാത്ത കാര്യമായതുകൊണ്ട് വെള്ളച്ചി പിറുപിറുപ്പോടെയാണു കട്ടൻചായ ഇട്ട് ഗ്ലാസിൽ പകർന്നു കൊടുത്തത്. രണ്ടു കവിൾ കുടിച്ചു. വെള്ളച്ചിയെ നോക്കി ചെറുതായൊന്നു ചിരിച്ചു. ഒരെക്കിൾ വന്നു. പുറകോട്ടു മറിഞ്ഞു കഴിഞ്ഞു.

പൊന്നൻ പോയെന്നറിഞ്ഞു കിടന്നുപോയ വെള്ളച്ചി പിന്നെ എണീറ്റിട്ടില്ല. ഇപ്പോൾ മക്കളോ മരുമക്കളോ കൊച്ചുമക്കളോ ഒക്കെയാണ് വീട്ടിലുള്ളത്. ഇത്രയും വിവരങ്ങൾ സന്ദീപും അനിബാബുവുംകൂടി വന്ന് രാജഗോപാലിനോടു പറഞ്ഞു.

മരണം നടന്ന വീടാണ്.

പോത്തിന്റെ മരണവും ഇടിവെട്ടലും കുഴിച്ചിടലും ഒക്കെ ഈ സമയത്തു ചോദിക്കുന്നതു തികഞ്ഞ അനൗചിത്യമായിരിക്കും.

“പൊന്നൻചേട്ടൻ ഇല്ലെങ്കിൽ ആകെ കുഴങ്ങുമല്ലോ.” സന്ദീപ് നിരാശപ്പെട്ടു.

“ഞാൻ പോയി സംസാരിച്ചാലോ?” കിഷോർ ചോദിച്ചു. “പഞ്ചായത്തിന്റെ ആളുകളാണെന്നോ മറ്റോ പറഞ്ഞ് പൊന്നൻചേട്ടന്റെ മക്കളുടെയും കൊച്ചുമക്കളുടെയും വിവരങ്ങൾ കളക്ട് ചെയ്തോണ്ടു വരാം. രാജഗോപാലങ്കിളിനെ അവർക്കു പരിചയമില്ലല്ലോ. ഞങ്ങൾ രണ്ടുപേരുംകൂടി ചെല്ലാം.”

“മരണം നടന്ന വീടല്ലേ കിച്ചു. കള്ളം പറയുമ്പോ ഒരു മനഃപ്രയാസം തോന്നാതിരിക്കാൻ അവർക്കു ചെറിയൊരു തുക സംഭാവനയായി കൊടുത്തേക്കാം. പഞ്ചായത്തീന്ന് അനുവദിച്ചതാണെന്നോ മറ്റോ പറഞ്ഞിട്ട് ഒരു ഫൈവ് തൗസന്റ്... അവർക്കൊരു സഹായമായിരിക്കും. നമുക്കു കുറ്റബോധം വേണ്ടതാനും.” സന്ദീപ് പറഞ്ഞപ്പോൾ രാജഗോപാൽ അതിനോട് അനുകൂലിച്ചു.

സന്ദീപ് പണമെടുത്തു കൊടുത്തു.

“മറ്റേ കുപ്പി?” അനിബാബു ചോദിച്ചു.

പൊന്നനു വേണ്ടി ഒരു മദ്യക്കുപ്പി കാറിൽ കരുതിയിട്ടുണ്ടായിരുന്നു.

“അതിനി ആവശ്യം വരില്ല. നിങ്ങള് ചെല്ല്. കണ്ണപ്പന്റെ പ്രായം കൃത്യമായിട്ടു ചോദിക്കണം. ഐഡി കാർഡൊണ്ടെങ്കി വാങ്ങി നോക്കണം. പൊന്നൻചേട്ടന്റെ ഇളയ മോൾടെ മകനാണ്.”

“ശരി. നോക്കീട്ടുവരാം.” രാജഗോപാലും കിഷോറുംകൂടി പൊന്നന്റെ വീട്ടിലേക്കുള്ള വഴിയിറങ്ങിപ്പോയി.

“പൊന്നഞ്ചേട്ടനില്ലാതെ, പണ്ട് പോത്തിനെ കുഴിച്ചിട്ട സ്ഥലം എങ്ങനെ കണ്ടുപിടിക്കും?”

അനിബാബു സംശയം പ്രകടിപ്പിച്ചു.

“പതിനെട്ടാംമാത്തി തെങ്ങ് എന്നല്ലോ പൊന്നൻചേട്ടൻ അന്നു പറഞ്ഞത്. അതായത് പതിനെട്ടാമത്തെ മാസത്തിൽ കായ്ക്കുന്ന ഒരു പ്രത്യേക ഇനം തെങ്ങ്...” സന്ദീപ് പറഞ്ഞു: “പോത്തിനെ കുഴിച്ചിട്ടിടത്ത് പൊന്നൻചേട്ടനെക്കൊണ്ട് ആ തെങ്ങിൻതൈയാണു വയ്പിച്ചത്.”

“നമ്മളെങ്ങനെ തെങ്ങിന്റെ തരം തിരിച്ചറിയും? സാറിനറിയോ? ചെന്തെങ്ങ് കണ്ടാ എനിക്കറിയാം. വേറൊന്നും അറിയില്ല.”

“അറിയാവുന്ന ആരെയെങ്കിലും വിളിക്കണം.”

“സാറേ, പത്തു പന്ത്രണ്ടേക്കറു പൊരയിടം ഒണ്ട്. അതീന്നു പോത്തിനെ കുഴിച്ചിട്ട സ്ഥലോം അതിന്റെ മേലേവച്ച തെങ്ങും കണ്ടുപിടിക്ക്യാന്നുവച്ചാ എളുപ്പമാണോ... അന്ന് അതൊരു തെങ്ങുംപൊരയിടമാരുന്നു. ഇപ്പ റബർതോട്ടം. അന്നത്തെ ഏതൊക്കെ തെങ്ങ് ബാക്കിണ്ടാവും.”

അനിബാബുവിന്റെ ചോദ്യത്തിന് ഒരുത്തരം കണ്ടെത്താൻ സന്ദീപ് തന്റെ ബുദ്ധിയിൽ പരതിക്കൊണ്ടിരുന്നു. പൊന്നന്റെ വീട്ടിലേക്കു പോയ രാജഗോപാലും കിഷോറും തിരിച്ചെത്തി.

“പൈസ കൊടുത്തോ?”

സന്ദീപ് ചോദിച്ചു.

“കൊടുത്തു. കണ്ണപ്പന്റെ ഡേറ്റോഫ് ബെർത്ത് കിട്ടി.” കിഷോർ പറഞ്ഞു: “നയന്റീസിക്സ് ജൂലൈ ട്വന്റി സിക്സ്ത്. ഐഡി കാർഡിന്റെ ഫോട്ടോ ഞാൻ ഫോണിലേക്കു കോപ്പി ചെയ്തിട്ടുണ്ട്.” കിഷോർ ഫോണിലുള്ള ചിത്രം സന്ദീപിനു കാണിച്ചുകൊടുത്തു.

“ഇതു സംഭവം കറക്ടാണല്ലോ.”

സന്ദീപ് ഉദ്വേഗത്തോടെ പറഞ്ഞു.

“ടൃന്റി സെവൻതിനല്ലേ ചന്ദ്രബാബു മിസ്സായത്. അതെങ്ങനെ ശരിയാകും?”

“ജൂലൈ ഇരുപത്തെട്ടിനോ ഇരുപത്തൊമ്പതിനോ ആയിരിക്കും ഇടിവെട്ടേറ്റു ചത്ത പോത്തിനെ കുഴിച്ചിട്ടത്. അതിനും രണ്ടു ദിവസം മുമ്പാണ് പൊന്നൻചേട്ടന്റെ ഇളയമോൾ കണ്ണപ്പനെ പ്രസവിച്ചത് എന്നാണ് അന്നു ഞങ്ങൾ വന്നപ്പോ പറഞ്ഞത്.”

“അങ്ങനെ നോക്കുമ്പോ ഏറെക്കുറെ ശരിയാണ്.” രാജഗോപാൽ പറഞ്ഞു: “പക്ഷേ, രണ്ടു സംഭവങ്ങളും തമ്മിൽ ബന്ധമൊണ്ടെന്ന് എന്താ ഒറപ്പ്?”

“ഹേമചന്ദ്രന്റെ ഹീനബുദ്ധി ഇതിന്റെ പുറകിൽ കാണും. ഒന്നാമത്തെ കാര്യം കൂട്ടിക്കൽ സുകുവും കുഞ്ഞുമോനും പറഞ്ഞത് ചന്ദ്രബാബുവിനെ കൊലപ്പെടുത്തി എന്നു തന്നെയാണ്. പക്ഷേ, ഡെഡ്ബോഡി മറവു ചെയ്തില്ല. അപ്പോ രാത്രി പന്ത്രണ്ടര-ഒരുമണിയൊക്കെ ആയിക്കാണണം. പിന്നെ രാത്രി ബോഡി എവിടെങ്കിലും കൊണ്ടുപോയി മറവു ചെയ്യാൻ സമയമില്ല. അതുവരെ കൊണ്ടുവന്ന ജീപ്പിലല്ല ബോഡി. കാറിലേക്കു മാറ്റി. കാർ അസമയത്ത് ഓടുന്നതു റിസ്കാണ്. എവിടെങ്കിലുമൊക്കെ വച്ച് തിരിച്ചറിയപ്പെടാനും, ചിലപ്പോ നൈറ്റ് പട്രോളിങ് നടത്തുന്ന ഹൈവേ പോലീസ്തന്നെ നോട്ട് ചെയ്യാനും സാധ്യതയൊണ്ട്. കൃത്യമായ ലക്ഷ്യമില്ലാതെ ഒരു ഡെഡ്ബോഡിയുംകൊണ്ട് കാറിൽ ചുറ്റിക്കറങ്ങുന്നതു ഡെയ്ഞ്ചറാണ്.” സന്ദീപ് വിശദീകരിച്ചു.

“അതുകൊണ്ട്?” കിഷോർ നെറ്റിചുളിച്ചു.

“അവർ വീട്ടിലേക്കു കാർ വിട്ടു. റബർ തോട്ടത്തിലോ മറ്റോ വച്ച് ബോഡി ഡിക്കിയിലേക്കു മാറ്റിക്കാണും. വീട്ടിൽ കാറെത്തിച്ചശേഷം ബോഡി എന്തു ചെയ്യണമെന്ന് ആലോചിച്ചു. അപ്പോ തോന്നിയ ബുദ്ധിയായിരിക്കും അടുത്ത ദിവസം ഒരു പോത്തിനെ കൊല്ലാം- എന്നിട്ട് ഇടിവെട്ടേറ്റു ചത്തതാണെന്നു പറയാം. അതിനെ കുഴിച്ചുമൂടുന്ന മറവിൽ ചന്ദ്രബാബുവിന്റെ ബോഡിയും മറവു ചെയ്യാം.”

“അങ്ങനെ ചിന്തിക്കാനും സാധ്യതയൊണ്ട്.” രാജഗോപാൽ അനുകൂലിച്ചു.

“മറവു ചെയ്ത സ്ഥലം എങ്ങനെ കണ്ടുപിടിക്കും?”

“നമുക്കതേപ്പറ്റി ഒരന്വേഷണം നടത്തി നോക്കാം.” സന്ദീപ് പറഞ്ഞു.

അവർ കാറിൽ കയറി കല്ലാറ്റുപടിക്കൽ പുരയിടത്തിലൂടെയുള്ള റോഡിലൂടെ പോയി. ആ പ്രദേശത്തുള്ള ചില വീട്ടുകാരെ സമീപിച്ചു. രണ്ടു പതിറ്റാണ്ടു മുൻപ് കല്ലാറ്റുപടിക്കലെ ഒരു പോത്തിനെ മണ്ണുമാന്തിയന്ത്രം ഉപയോഗിച്ചു കുഴിച്ചിട്ട സംഭവം ഓർമയുണ്ടോ എന്നു തിരക്കി. പല വീട്ടുകാർക്കും അറിയില്ല. അവരിൽ മിക്കവരും കഴിഞ്ഞ കുറേ വർഷങ്ങൾക്കിടയിൽ അവിടെ സ്ഥലം വാങ്ങി വീടുവച്ചു താമസമാക്കിയവരാണ്.

“പഴയ തറവാട് നോക്കിയാ മതി.” കിഷോർ നിർദേശിച്ചു.

“തറവാട് പുതുക്കിപ്പണിതവരും ഉണ്ടാകാമല്ലോ...” എന്നായി സന്ദീപ്.

കിഷോർ പറഞ്ഞപോലെ ഒരു പഴയ തറവാട് വീട് കണ്ടെത്തി. അവിടെയുള്ള ആളുകളോട് അന്വേഷണം നടത്തി.

“നിങ്ങളാരും വന്നുകൂടിയവരല്ലല്ലോ. ഇവിടെത്തന്നെ ജനിച്ചു വളർന്നവരല്ലേ?”

ആ വീട്ടിലെ ഒരു മധ്യവയസ്കയോടു രാജഗോപാൽ ചോദിച്ചു.

“ഞാനിവിടെ കല്യാണം കഴിച്ചു വന്നതാ. ഇച്ചായൻ കടേപ്പോയിരിക്കുവാ. ഇച്ചായന്റപ്പച്ചൻ ഇപ്പം വരും.” ആ സ്ത്രീ പറഞ്ഞു.

അധികം വൈകാതെ ആലുങ്കൽ പൈലിച്ചൻ എന്നു പേരുള്ള കഷണ്ടിക്കാരൻ വൃദ്ധൻ പള്ളിപ്പടിപ്പാലത്തിലൂടെ സ്കൂട്ടറോടിച്ചു വന്നു. സ്കൂട്ടറിൽ ഒരു ഗ്യാസ് സിലിണ്ടർ വെച്ചിട്ടുണ്ടായിരുന്നു.

അയാൾ സ്കൂട്ടറിലിരുന്ന് മുറ്റത്തു നിൽക്കുന്ന ആളുകളെ നോക്കി.

“പിരിവുകാരാണോ?”

“അല്ല. പിരിവുകാരല്ല. പേടിക്കണ്ട.”

രാജഗോപാൽ ചെറുചിരിയോടെ പറഞ്ഞു.

ഗ്യാസ് സിലിണ്ടർ സ്കൂട്ടറിൽനിന്ന് ഇറക്കി. മറിച്ചിട്ട് സിറ്റൗട്ടിനടുത്തേക്കു ചവിട്ടിയുരുട്ടിയശേഷം പൈലിച്ചായൻ അവരെ സമീപിച്ചു. രാജഗോപാൽ സൗമ്യനായി തങ്ങളുടെ ആഗമനോദ്ദേശ്യം വെളിപ്പെടുത്തി.

“ആ സംഭവം ഞാനോർക്കുന്നൊണ്ട്. അന്നൊക്കെ ഈ ജെസീബീന്നു പറയുന്ന സാധനം അധികം എറങ്ങീട്ടില്ല. അതു കാണാൻ എല്ലാവർക്കും വല്യ കൗതുകമാ.. അന്നത്തെക്കാലത്ത് ജെസീബീ പണിയെടുക്കുന്നിടത്ത് കുറച്ചു കാഴ്ചക്കാരും ഒണ്ടാകും. എന്നാത്തിനാ ഇപ്പം ഇതൊക്കെ അന്വേഷിക്കുന്നെ...?”

“പോത്തിനെ കുഴിച്ചിടുന്നത് ചേട്ടൻ കണ്ടാരുന്നോ എന്നു മാത്രം പറഞ്ഞാ മതി.” രാജഗോപാൽ പറഞ്ഞു.

“കാര്യം എന്നാന്നു പറയാതെ എങ്ങനാ... നമുക്കിത് കുരിശാകുവോന്ന് അറിയണ്ടായോ?”

“കാര്യം വേറൊന്നുമല്ല...” സന്ദീപ് ഇടപെട്ടു. “അന്ന് നാല് ആനക്കൊമ്പും കൂടി അക്കൂടെ കുഴിച്ചിട്ടോന്ന് ഒരു സംശയം. ആനക്കൊമ്പ് കൈവശം വെക്കുന്നത് ക്രിമിനൽ കുറ്റമാണെന്നു നിയമം വന്ന കാലത്താ സംഭവം... പിടിവീഴാതിരിക്കാൻ വേണ്ടി അന്നു

KERALA EXPRESS

# നോവൽ

പലരും കൈവശമൊള്ള ആനക്കൊമ്പ് ഒളിപ്പിച്ചു."

"അവർക്ക് പണ്ട് ആനയൊക്കെ ഒണ്ടായിരുന്നു. കല്ലാറ്റുപടിക്കക്കാർ കൊടികെട്ടിയ പണക്കാരല്ലായിരുന്നോ?"

"ഇത് കാട്ടാനയുടെ കൊമ്പുകളാ. ശബരിമല വനത്തീന്ന് ഈയടുത്ത കാലത്ത് ആനക്കൊമ്പു വേട്ടക്കാരെ പിടികൂടിയപ്പോ കിട്ടിയ വിവരമാ... പണ്ടിങ്ങനെ ആനവേട്ട നടത്തിയതും ആനക്കൊമ്പ് കുഴിച്ചിട്ടതുമൊക്കെ."

"ആനക്കൊമ്പിന്റെ കാര്യമൊന്നും എനിക്കറിയാമ്മേല. പണ്ട് പോത്തിനെ കുഴിച്ചിട്ടത് ആറ്റുമാലിക്കാ. ആ സ്ഥലം എനിക്ക് ഒരു മാതിരി ഓർമയൊണ്ട്."

"ഒരൈഡിയ കിട്ടിയാ മതി. കൃത്യസ്ഥലം കാണണംന്നില്ല." സന്ദീപ് പറഞ്ഞു.

"ബാ... നടക്കാൻ ബുദ്ധിമുട്ടൊണ്ടോ?" പൈലിച്ചായൻ ചോദിച്ചു.

"കാറു ചെല്ലുന്ന സ്ഥലമല്ലേ?"



"കാറു പോകാനിച്ചിരി ബുത്തിമുട്ടായിരിക്കും."

"എന്നാ നടക്കാം..." പൈലിച്ചായൻ മുൻപേ നടന്നു. പൈലിച്ചായന്റെ പുരയിടത്തിന്റെ കയ്യാല ക്കെട്ടിറങ്ങി റബർതോട്ടത്തിലേക്കു രാജഗോപാലും അനിബാബുവും കിഷോറും സന്ദീപും അയാളെ അനുഗമിച്ചു.

റബർ തോട്ടത്തിൽ, റബർ ടാപ്പിങ് തൊഴിലാളികൾ നടന്നു തെളിഞ്ഞ വഴിയുണ്ടായിരുന്നു. പൈലിച്ചായന്റെ പിന്നാലെ പോയി ഒരു നടപ്പാതയിലെത്തി. ആറ്റിറമ്പിലെ മൺതിട്ടയ്ക്കു മീതെ കൂടി കുറെദൂരം പോയി. ചെറിയൊരു ചതുപ്പുപോലെ തോന്നിച്ച ഭാഗത്തെത്തി. അവിടെ വാഴയും കപ്പയുമാണ് കൃഷി. ചതുപ്പിനപ്പുറം ചെന്നപ്പോൾ പൈലിച്ചായൻ നിന്നു. കൺമുൻപിലെ വായുവിൽ വൃത്താകൃതിയിൽ ചൂണ്ടുവിരൽകൊണ്ട് വരച്ചുകാണിച്ച് പറഞ്ഞു:

"ഈ ഭാഗത്തെവിടെയോ ആണെന്നു തോന്നുന്നു." പൈലിച്ചായൻ വരച്ചുകാട്ടിയ സ്ഥലം ഏകദേശം അരയേക്കറോളം വരുമെന്ന് സന്ദീപ് കണക്കുകൂട്ടി.

"അതൊരു അന്യായ വട്ടമായിപ്പോയല്ലോ പൈലിച്ചായാ." അനിബാബു പറഞ്ഞു.

"വർഷങ്ങളൊരുപാടു കഴിഞ്ഞില്ലേ. അന്ന് തെങ്ങുംപറമ്പാരുന്നു. ഇപ്പം റബർതോട്ടം. കൃത്യമായിട്ടു കാണിക്കാൻ ആരെക്കൊണ്ടു പറ്റും." സന്ദീപ് ചുറ്റുപാടുകൾ നോക്കി. എല്ലായിടവും ഒരുപോലിരിക്കുന്നു.

കുന്നോ കുഴിയോ ഒന്നുമില്ല. പുഴവക്കിലേക്ക് നേരിയ ചെരിവോടെ പരന്നുകിടക്കുന്ന സ്ഥലം! നിരയൊത്തു നിൽക്കുന്ന റബർ മരങ്ങൾ. ഇടയ്ക്ക് അങ്ങിങ്ങ് തെങ്ങുകൾ.

"ഇവിടെങ്ങനെ ജെസിബി വന്നു? റോഡൊന്നും ഇല്ലല്ലോ. റബറല്ലേ എല്ലാടത്തും." കിഷോർ ചോദിച്ചു.

"അന്ന് റബറില്ല. തെങ്ങും കവുങ്ങും മാത്രേയുള്ളൂ. ജെസീബി എതിലേ വേണെങ്കിലും പൊക്കോളുമല്ലോ."

പൈലിച്ചായൻ പറഞ്ഞു.

"പതിനെട്ടാം മാസത്തിൽ കായ്ക്കുന്ന ഒരുജാതി തെങ്ങൊണ്ടല്ലോ, ചേട്ടന് അതു കണ്ടാ തിരിച്ചറിയാവോ?"

അനിബാബു ചോദിച്ചു.

"ഒരാൾപൊക്കത്തിലൊള്ളതൊക്കെ ആണെങ്കി കണ്ടാലറിയാം. വല്യ തെങ്ങാണെങ്കി തിരിച്ചറിയാൻ പാടാ."

"ഇവിടൊരഞ്ചാറു തെങ്ങ് നിപ്പൊണ്ടല്ലോ. അതിലേതെങ്കിലുമാണോന്ന് അറിയാൻ പറ്റോ?" പലയിടത്താണ് തെങ്ങുകൾ. പൈലിച്ചായൻ അവയോരോന്നിന്റെയും ചുവട്ടിൽ ചെന്നു നോക്കി.

"എല്ലാം കണ്ടിട്ട് ഒരുപോലിരിക്കുന്നു. വർഷം കൊറേ ആയില്ലേ." പൈലിച്ചായൻ, കൈമലർത്തി. കിഷോർ ആ സ്ഥലത്തിന്റെയും തെങ്ങുകളുടെയും ചിത്രങ്ങൾ മൊബൈലിൽ പകർത്തി.

"കണ്ടുകഴിഞ്ഞില്ലേ - ഇനി പോകാമല്ലോ."

പൈലിച്ചായൻ പറഞ്ഞു. "നമ്മളു വല്ലവരടേം പറമ്പിലിങ്ങനെ കേറി നിക്കുന്നത് ഇതിന്റെ ഒടയോന്മാരറിഞ്ഞാ പിന്നെ ചോദ്യോം പറച്ചിലുമാകും. ആരെങ്കിലും വഴിപോക്കമ്മാരു ചെന്നു പറഞ്ഞു കൊടുക്കും."

"ഓ പറയട്ടെന്നേ... നമ്മളീ തോട്ടം വാങ്ങാൻ വന്നവരാണെന്നു വിചാരിച്ചോട്ടെ. ചോദിക്കാൻ വരുന്നവരോട് എന്നാ വെലയ്ക്ക് കൊടുക്കുമെന്നു തിരിച്ച് ചോദിക്കാല്ലോ." അനിബാബു പറഞ്ഞു.

"ഇവിടുന്ന് നേരെ റോഡിലോട്ട് കേറാൻ പറ്റില്ലേ പൈലിച്ചായാ?" റോഡിന്റെയും സ്ഥലത്തിന്റെയും ഭൂമിശാസ്ത്രത്തെപ്പറ്റി ഇതിനകം ധാരണ കിട്ടിക്കഴിഞ്ഞ സന്ദീപ് ചോദിച്ചു.

"ഇവിടുന്ന് നേരെ കേറിപ്പോയാ റോഡാ... മരങ്ങള് കാരണമാ റോഡ് കാണാമ്മേലാത്തെ. റോഡിനും തോട്ടത്തിനും എടയ്ക്ക് കയ്യാലക്കെട്ടൊണ്ട്." പൈലിച്ചായൻ പറഞ്ഞു.

"ഞാൻ പൈലിച്ചായന്റെ കൂടെ തിരിച്ചു പോയി കാറുമായിട്ട് വരാം. നിങ്ങള് മുകളിലോട്ട് പോയി റോഡിൽ കേറി നിന്നാ മതി." സന്ദീപ് പറഞ്ഞു. പൈലിച്ചായനും സന്ദീപും തിരികെ പോയി. പൈലിച്ചായന്റെ വീട്ടിലെത്തിയശേഷം സന്ദീപ് യാത്ര പറഞ്ഞു.

"വളരെ ഉപകാരം പൈലിച്ചായാ. ഇത്രേം ബുദ്ധിമുട്ടി ഞങ്ങൾടെ കൂടെ വന്നല്ലോ..."

"ഓ-ഇതൊക്കെയാണോ ഉപകാരം!"

പൈലിച്ചായൻ എളിമ പ്രകടിപ്പിച്ചു.

സന്ദീപ് കാറെടുത്തു ചെല്ലുമ്പോൾ രാജഗോപാലും കിഷോറും അനിബാബുവും റോഡരികിലെത്തി കാത്തുനിൽപുണ്ടായിരുന്നു. അവരും കാറിൽ കയറി.

"അങ്കിളേ നമുക്കിവിടുത്തെ കൃഷി ഓഫിസിൽ പോകണം."

"അതെന്തിനാ?" കിഷോർ തിരക്കി.

"ഒരു തോട്ടം മുഴുവൻ ഉഴുതുമറിക്കാൻ നമുക്ക് പറ്റില്ലല്ലോ. തെങ്ങിന്റെ ഇനം തിരിച്ചറിയാൻ കൃഷി ഓഫീസിലെ ഉദ്യോഗസ്ഥർക്ക് കഴിയുമായിരിക്കും."

"അവർക്ക് സാധിച്ചില്ലെങ്കിലോ?"

"അപ്പോ മറ്റൊരു വഴിയൊണ്ട്. മണ്ണുപരിശോധന. കുഴിയെടുത്ത ഭാഗത്തെ മണ്ണും പുരയിടത്തിലെ വേറെ മണ്ണും തമ്മിൽ വ്യത്യാസമുണ്ടായിരിക്കും."

"അങ്ങനെ വരോ?" കിഷോർ തർക്കിച്ചു.

"കുഴിയെടുത്തുനികത്തിയ മണ്ണ് പത്തിരുപതു വർഷംകൊണ്ട് പിന്നേം പഴയമാതിരി ഉറച്ചു പോകില്ലേ..."

"അതൊക്കെ നമുക്ക് അന്വേഷിക്കാം."

തിരിച്ച് മണിമല ജംക്‌ഷനിൽ എത്തിയശേഷം സന്ദീപ്, ഓട്ടോറിക്ഷക്കാരനോടു കൃഷിഭവൻ എവിടെയെന്നു തിരക്കി.

"സാറെ, മണിമലപ്പാലം കടന്ന് അക്കരെ ചെല്ലുമ്പം ഫൊറോനപ്പള്ളീടെ അങ്ങോട്ടൊള്ള റോഡിന് വലതുവശത്തൊള്ള കെട്ടിടമാ. രണ്ടാമത്തെ നെല. അവിടെച്ചെന്നാ ബോർഡ് കാണാം." ഓട്ടോ ഡ്രൈവർക്ക് നന്ദിപറഞ്ഞ് സന്ദീപ് കാർ നേരെ കൃഷിഭവൻ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തേക്കു വിട്ടു. മണിമല പാലം കടന്നു മറുകര എത്തി. സന്ദീപും രാജഗോപാലും കൂടിയാണ് കൃഷിഭവനിലെ ഉദ്യോഗസ്ഥരെ കാണാൻ കോണിപ്പടി കയറിച്ചെന്നത്. രാജഗോപാൽ തങ്ങളുടെ ആഗമനോദ്ദേശ്യം അറിയിച്ചു.

"ഞങ്ങൾക്കൊരു ഹെൽപ് വേണം. പതിനെട്ടാം മാത്തി എന്ന ഒരിനം തെങ്ങൊണ്ടല്ലോ. അതു തിരിച്ചറിയാൻ എന്തെങ്കിലും അടയാളം പൊതുവായിട്ട് ഒണ്ടോ?"

"അതിന്റെ ഓല കണ്ടാലറിയാം, അല്ലെങ്കിൽ തേങ്ങ കണ്ടാലറിയാം. അതുമല്ലെങ്കിൽ അതിന്റെ ഓലപ്പട്ട കണ്ടാൽ തിരിച്ചറിയാം. പതിനെട്ടാം മാത്തി നാട്ടുഭാഷയാ... പതിനെട്ടാം പട്ട എന്നു പറയണം!"

"മറ്റു തെങ്ങുകളിൽനിന്ന് തിരിച്ചറിയാൻ പെട്ടെന്നു സാധിക്കോ?"

"ഈസിയല്ല. ഈ പതിനെട്ടാം പട്ട ഇനങ്ങളെല്ലാം കുള്ളൻ തെങ്ങുകളാ... കായ്ച്ച തെങ്ങ് തിരിച്ചറിയാൻ ഒരു വെഷമോം ഇല്ല. പക്ഷേ, പതിനെട്ടാം പട്ട തന്നെ പല ഇനങ്ങളുണ്ട്. മലയൻ യെല്ലോ ഡ്വാർഫ്, മലയൻ ഓറഞ്ച് ഡ്വാർഫ്, ചാവക്കാടൻ ഓറഞ്ച് ഡ്വാർഫ്. ഗ്രീൻ ഡ്വാർഫ് ഇങ്ങനെ പല തരങ്ങളാ. ആക്ചലി നിങ്ങൾക്ക് എന്താ അറിയേണ്ടത്?"

"ഒരു പുരയിടത്തിൽ ഇങ്ങനത്തെ തെങ്ങ് നിൽപൊണ്ട്. അത് തിരിച്ചറിഞ്ഞിരുന്നെങ്കി വലിയ ഹെൽപ്പായേനെ..."

"എവിടായാ?"

"പള്ളിപ്പടി ചെറുപള്ളിപാലത്തിനടുത്ത്. ഇവിടുന്ന് കുറച്ചു ദൂരമേയുള്ളൂ. ആ തെങ്ങിന്റെ കാര്യത്തിൽ സംശയം ഒള്ളതുകൊണ്ടാ. ആരെങ്കിലും വന്നു കാണിച്ചുതന്നാ ഞങ്ങൾ കാറിൽ കൊണ്ടുപോകാം. തിരിച്ചു കൊണ്ടുവിടാം. അതിന്റെ ഫീസ് എത്രയാന്നുവെച്ചാ അതും തരാം."

"ഇന്ന്..." കൃഷി ഓഫീസർ വാച്ചിൽ നോക്കി... "ഇനി സമയമുണ്ടോന്നാ സംശയം. എത്രദൂരം വരും?"

"കുറച്ചേയുള്ളൂ. രണ്ട് കിലോമീറ്റർ തികച്ചില്ല. ഞങ്ങളെന്തു വേണെങ്കിലും ചെയ്യാം."

"നിങ്ങൾ പുറത്ത് വെയ്റ്റ് ചെയ്യൂ. ഞാൻ നോക്കട്ടെ."

"സാറിന്റെ പേര്?"

"മോഹനൻ..."

"ഞങ്ങൾ വെയ്റ്റ് ചെയ്യാം."

രാജഗോപാലും സന്ദീപും കൃഷിഭവനിൽനിന്നിറങ്ങി കാത്തുനിന്നു. കാൽമണിക്കൂറിനുള്ളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ താഴേക്കു വന്നു. സന്ദീപ് ഡോർ തുറന്നു കൊടുത്തു. മോഹനൻ കാറിൽ കയറി. അനിബാബുവിനോടും കിഷോറിനോടും അവിടെ കാത്തുനിൽക്കാൻ പറഞ്ഞിട്ട് മോഹനനോടൊപ്പം സന്ദീപും രാജഗോപാലും പോയി. കാർ നിർത്തി ഇറങ്ങേണ്ട സ്ഥലം സന്ദീപ് മനസ്സിൽ കുറിച്ചിട്ടിരുന്നു. പൈലിച്ചായൻ കാണിച്ചുകൊടുത്ത സ്ഥലത്ത് മോഹനനെ എത്തിച്ചശേഷം സന്ദീപ് ചോദിച്ചു.

"ഇതിൽ ഏതു തെങ്ങാണ് സാർ പതിനെട്ടാം പട്ട." അവിടവിടെ ഒറ്റതിരിഞ്ഞ കുറെ തെങ്ങുകൾ ഉണ്ടായിരുന്നു. ഒരു തെങ്ങിൻചുവട്ടിൽ ചെന്ന് മുകളിലേക്ക് നോക്കിയിട്ട് മോഹനൻ പറഞ്ഞു.

"ഇത് യെല്ലോ ഡ്വാർഫ് ആണ്. പതിനെട്ടാം പട്ട തന്നെ."

സന്ദീപും രാജഗോപാലും പരസ്പരം നോക്കി. യുറേക്ക എന്നുറക്കെ വിളിച്ചലറണമെന്ന് സന്ദീപിനു തോന്നി. കൃഷി ഓഫീസർ കുറച്ചപ്പുറത്തുള്ള മറ്റൊരു തെങ്ങിന്റെ ചുവട്ടിലേക്കു നീങ്ങി. എന്നിട്ട് തിരിഞ്ഞുനോക്കി പറഞ്ഞു:

"ഇതും പതിനെട്ടാംപട്ട തന്നെ. ഗ്രീൻ ഡ്വാർഫ് ഇനത്തിൽ പെട്ടതാ..."

ഇത്തവണ സന്ദീപ് കുഴങ്ങി. ഏകദേശം അൻപതടിയോളം ദൂരം നടന്നു നീങ്ങിയിട്ട് കൃഷി ഓഫീസർ മറ്റൊരു തെങ്ങിനെയും അടയാളപ്പെടുത്തി:

"ഇത് ആദ്യത്തെ ഇനത്തിൽപെട്ടതാ. യെല്ലോ. വേറെന്തെങ്കിലും സംശയം ഒണ്ടോ?" സന്ദീപും രാജഗോപാലും വിഷമവൃത്തത്തിലായി.

"എന്താ നിങ്ങൾടെ പ്രശ്നം? ഇത് കല്ലാറ്റുപടിക്കൽകാരുടെ തോട്ടമല്ലേ?" കൃഷി ഓഫീസർ ചോദിച്ചു.

"അതേ. ഞാൻ കല്ലാറ്റുപടിക്കൽ ഫാമിലിയിൽ പെട്ട ആളാണ്." സന്ദീപ് പറഞ്ഞു.

(ശേഷം 30-ാം പേജിൽ)

# ഏകീകൃത കുർബാനയർപ്പിച്ച് 250 പള്ളികൾ

കൊച്ചി: എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിന്ന കുർബാന തർക്കത്തിലെ ഒത്തുതീർപ്പിന്റെ ഭാഗമായി ജൂലൈ മൂന്നിന് ജനാഭിമുഖ കുർബാനയും ഏകീകൃത കുർബാനയും നടന്നു. സഭാ ദിനമായ ദുക്റോനോ തിരുനാളിൽ അതിരൂപതയിലെ 321 പള്ളികളിൽ 250 പള്ളികളിൽ ഒരു കുർബാന, സിനഡ് നിർദേശിച്ച ഏകീകൃത രീതിയിൽ അർപ്പിച്ചു. ഞായറാഴ്ചകളിലും പ്രധാന തിരുനാൾ ദിനങ്ങളിലും ഒരു ഏകീകൃത കുർബാന അർപ്പിച്ചാൽ നിലവിലുള്ള ജനാഭിമുഖ കുർബാന തുടരാമെന്നാണ് ഈയിടെയുണ്ടായ ധാരണ.

എന്നാൽ ഏകീകൃത കുർബാന നടപ്പാക്കണമെന്നാവശ്യപ്പെട്ടു കേസ് കൊടുത്ത പള്ളികളിൽ ജനാഭിമുഖ കുർബാന മാത്രമാണു നടന്നത്. കേസ് പിൻവലിക്കാതെ ഇവിടെ ഏകീകൃത കുർബാനയർപ്പിക്കില്ലെന്നു ചർച്ചയിൽ വൈദികർ അറിയിച്ചിരുന്നു.

നിലവിലുള്ള കുർബാനയ്ക്കു പുറമേ, പ്രത്യേക കുർബാനയായാണ് ഭൂരിഭാഗം പള്ളികളിലും ഏകീകൃത കുർബാനയർപ്പിച്ചത്. പല പള്ളികളിലും ഈ കുർബാനയ്ക്കു വിശ്വാസികൾ എത്തിയില്ലെന്നും ചില പള്ളികളിൽ വിശ്വാസികളുടെ എതിർപ്പുമൂലം വൈദികനു ഏകീകൃത കുർബാന അർപ്പിക്കാൻ കഴിഞ്ഞില്ലെന്നും അൽമായ മുന്നേറ്റം അറിയിച്ചു. ഇക്കാര്യങ്ങൾ അതിരൂപത കൂരിയയെ വികാരിമാർ അറിയിക്കും. അതിരൂപതയിൽ കുർബാന പ്രശ്നം മൂലം സംഘർഷഭരിതമായ രണ്ട് വർഷത്തിനു ശേഷം ജനാഭിമുഖ കുർബാന തുടരാൻ സീറോ മലബാർ സഭാ സിനഡ് അനുമതി നൽകുക വഴി സംഘർഷ സാധ്യത ഒഴിഞ്ഞുവെന്നും ധാരണ ശാശ്വത പരിഹാരത്തിലേക്കു നീങ്ങുമെന്നു പ്രതീക്ഷിക്കുന്നുവെന്നും അൽമായ മുന്നേറ്റം കൺവീനർ ഷൈജു ആന്റണിയും വക്താവ് റിജു കാഞ്ഞൂക്കാരനും അറിയിച്ചു. ലിറ്റർജിക്കൽ വേരിയന്റ് എന്ന നിലപാടിൽ ഉറച്ചു നിന്നുകൊണ്ടു സമവായത്തിനുള്ള തുടർ നീക്കം നടത്തുമെന്നു അൽമായ മുന്നേറ്റം പറഞ്ഞു. വത്തിക്കാൻ നിർദേശിച്ചിട്ടുള്ള റെസ്റ്റിറ്റ്യൂഷൻ നടപ്പാക്കാനുള്ള നടപടികളുമായി അൽമായ മുന്നേറ്റം സമരം തുടങ്ങുമെന്നും അവർ അറിയിച്ചു.

## വിദ്യാർത്ഥിയുടെ നന്മക്കുവേണ്ടിയുള്ള ലഘുശിക്ഷകൾ കുറ്റമല്ല: ഹൈക്കോടതി

കൊച്ചി: സ്കൂൾ അച്ചടക്കത്തിന്റെയും വിദ്യാർത്ഥിയുടെ തെറ്റുതിരുത്തുന്നതിന്റെയും ഭാഗമായി സദുദ്ദേശ്യത്തോടെ അധ്യാപകൻ ശിക്ഷിക്കുന്നത് കുറ്റമായി കരുതാനാവില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി.

ടെസ്റ്റ് പേപ്പറിൽ മാർക്ക് കുറഞ്ഞതിന്റെ പേരിൽ എറണാകുളം കോടനാട് തോട്ടുവ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയെ അധ്യാപകൻ തല്ലിയതിനെതിരെ നൽകിയ കേസിലെ തുടർ നടപടികൾ റദ്ദാക്കിയാണ് ജസ്റ്റിസ് എ. ബദറുദ്ദീന്റെ ഉത്തരവ്. സ്കൂളിന്റെ പ്രിൻസിപ്പലും അധ്യാപകനുമായ ജോമിയാണു ഹർജി നൽകിയത്.

പെരുമ്പാവൂർ ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ ഹർജിക്കാരനെതിരെയുള്ള അന്തിമ റിപ്പോർട്ടിലെ തുടർനടപടികളാണ് ഹൈക്കോടതി റദ്ദാക്കിയത്. വിദ്യാർത്ഥിനിയുടെ മൊഴി രേഖപ്പെടുത്തിയശേഷം കോടനാട് പോലീസ് സ്റ്റേഷനിലാണ് 2018-ൽ കേസ് രജിസ്റ്റർ ചെയ്തത്.

നന്നായി പഠിക്കുന്നതിനെക്കുറിച്ചും ഉയർന്ന മാർക്ക് നേടുന്നതിനെക്കുറിച്ചും ജാഗ്രതപ്പെടുത്താനാണ് അധ്യാപകൻ ശ്രമിച്ചതെന്നു കോടതി പറഞ്ഞു. അച്ചടക്കം നടപ്പാക്കുന്നതിന്റെ ഭാഗമായി ലളിതവും ലഘുവുമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിന് അധ്യാപകരെ ബാലനീതി വകുപ്പിന്റെ പരിധിയിൽ കൊണ്ടുവന്നാൽ സ്കൂളുകളും സ്ഥാപനങ്ങളും ദുരിതത്തിലാകും.

എന്നാൽ അധ്യാപകൻ പരിധിവിട്ട് ഗുരുതരമായി പരുക്കേൽപ്പിക്കുകയോ ആക്രമിക്കുകയോ ചെയ്താൽ ബാലനീതി വകുപ്പുകൾ ബാധകമാകുമെന്നും കോടതി ചൂണ്ടിക്കാട്ടി.

## ഓർമ്മ: ഗ്രാൻഡ് ഫിനാലെ

(19-ാം പേജിൽനിന്നും)

കാർഡിയോവാസ്കുലർ മെഡിസിൻ), ഷൈൻ ജോൺസൺ (റിട്ട. എച്ച്.എം. എസ്.എച്ച്. ഹയർ സെക്കൻഡറി സ്കൂൾ തേവര), മാത്യു അലക്സാണ്ടർ (മാനേജിങ് ഡയറക്ടർ ലവ് ടു കെയർ ഗ്രൂപ്പ് യുകെ) എന്നിവരാണ് ഡയറക്ടർമാർ. എബി ജെ. ജോസ് (ചെയർമാൻ, മഹാത്മാഗാന്ധി നാഷണൽ ഫൗണ്ടേഷൻ)-സെക്രട്ടറി, സജി സെബാസ്റ്റ്യൻ (സൂപ്പർവൈസർ യുഎസ്പിഎസ് ആൻഡ് ഡയറക്ടർ എസ് ആൻഡ് എസ് കൺസൾട്ടൻസി)-ഫിനാൻഷ്യൽ ഓഫീസർ, മിസ് എമിലിൻ റോസ് തോമസ് (യുഎൻ സ്പീച്ച് ഫെയിം ആൻഡ് പെൻസിൽവേനിയ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്)-യൂത്ത് കോ-ഓർഡിനേറ്റർ.

വേദിക് ഐഎഎസ് ട്രെയിനിംഗ് അക്കാഡമി, കാർനെറ്റ് ബുക്സ്, കരിയർ ഹൈറ്റ്സ് എന്നിവയുമായി സഹകരിച്ചാണ് ഓർമ്മ ഇന്റർനാഷണൽ സീസൺ 2 രാജ്യാന്തര പ്രസംഗമത്സരം സംഘടിപ്പിച്ചത്.

## നോവൽ

(29-ാം പേജിൽ നിന്നും)

"അവരെല്ലാം വലിയ കുഴപ്പത്തിൽ പെട്ടിരിക്കയാണല്ലോ. പോലീസ് അറസ്റ്റു ചെയ്തെന്നോ, റിമാന്റ് ചെയ്തെന്നോ ഒക്കെ കേൾക്കുന്നു. ന്യൂസ്പേപ്പറിൽ വായിച്ചതാ. പണ്ട് ഏതോ ഒരു ബസ് കണ്ടക്ടർ മിസ്സായതിൽ അവർക്ക് പങ്കുണ്ടെന്നോ..."

മോഹനൻ വിഷയത്തെ സ്പർശിച്ചു എന്നു കണ്ടപ്പോൾ സന്ദീപിനു ധൈര്യമായി.

"സാർ ഞാനൊരു സത്യം പറയട്ടെ. സാർ ഞെട്ടരുത്. നമ്മൾ ഇപ്പോ കണ്ട ഈ മൂന്ന് തെങ്ങുണ്ടല്ലോ - ഇതിലേതോ ഒന്നിന്റെ ചുവട്ടിൽ ആ ബസ് കണ്ടക്ടർ കിടപ്പുണ്ട്."

കൃഷി ഓഫീസർ മോഹനൻ ഒരു നിമിഷം പകച്ചുപോയി. തമാശ പറയുകയാണോ എന്ന ഭാവത്തിൽ സന്ദീപിനെ നോക്കി. സന്ദീപിന്റെ മുഖത്തെ ഗൗരവം കണ്ടപ്പോൾ സംഗതി സത്യം തന്നെ എന്ന് ബോധ്യപ്പെട്ടു.

"അതിനു മുൻപ് ഒരു ലേഖന പരമ്പര എഴുതിയിരുന്നു. ചന്ദ്രബാബു എന്ന ബസ് കണ്ടക്ടറും മാളവിക എന്ന യുവതിയും തമ്മിലുള്ള പ്രണയവും, അവരുടെ തിരോധാനവുമായിരുന്നു വിഷയം. ഞാനാണ് ആ റിപ്പോർട്ട് തയാറാക്കിയത്." മോഹനൻ ഒന്നും മിണ്ടാതെ രണ്ടുപേരെയും മാറിമാറി നോക്കി.

"അതിൽ മാളവികയുടെ മകൾ ഉപേക്ഷിക്കപ്പെട്ടതായി എഴുതിയിരുന്നല്ലോ. ആ കുട്ടിയെ അഡോപ്റ്റ് ചെയ്ത അച്ഛനാണിത്." സന്ദീപ് രാജഗോപാലിനെ പരിചയപ്പെടുത്തി.

"ഓ.കെ. എനിക്കു മനസ്സിലായി. ശരിയാണ് ഞാൻ ഫോട്ടോ കണ്ടിരുന്നു." മോഹനൻ ആദരവോടെ രാജഗോപാലിന്റെ നേർക്കു പുഞ്ചിരിച്ചു.

"എന്റച്ഛന്റെ കസിനായിരുന്നു മാളവിക. അതായത്, എന്റച്ഛനും മാളവികയും ചേച്ചിയുടെയും അനുജത്തിയുടെയും മക്കൾ..."

"ഓ... മനസ്സിലായി. അപ്പോ അത്ര ഡിസ്റ്റൻസ് ഇല്ലല്ലോ."

"സർ, ഇതിൽ ഏതു തെങ്ങിന്റെ ചുവട്ടിലാണ് ചന്ദ്രബാബുവിന്റെ ഡെഡ്ബോഡി എന്ന് അറിയണം. അതാണ് ഞങ്ങളുടെ പ്രശ്നം. ഇരുപത്തിരണ്ടു വർഷംമുൻപ് ജെസിബി ഉപയോഗിച്ചു കുഴിയെടുത്ത് ഒരു പോത്തിനെ ഇവിടെ കുഴിച്ചുമൂടിയിട്ടുണ്ട് എന്ന ഒരു കച്ചിത്തുരുമ്പു പിടിച്ചാണ് ഞങ്ങളിവിടെത്തിയത്." സന്ദീപ് വെളിപ്പെടുത്തി.

"അല്ലാതെ തെളിവൊന്നുമില്ലേ?"

"ഒരു തെളിവുമില്ല. പക്ഷേ, ചന്ദ്രബാബുവിനെ അവർ തട്ടിക്കൊണ്ടു പോയതിന്റെ പിറ്റേന്നാണ് കല്ലാറ്റുപടിക്കലെ പോത്ത് ഇടിവെട്ടേറ്റു ചത്തത്. അന്നു തന്നെ, ഇവിടെ ജെസിബി വന്ന് കുഴിമാന്തി. അടുത്ത ദിവസം രാവിലെ പോത്തിന്റെ ശവം കൊണ്ടുവന്നിട്ട് കുഴിമൂടി. ഈ സംഭവങ്ങൾ തമ്മിൽ റിലേറ്റഡാണോ എന്നാണ് ഞങ്ങൾടെ സംശയം."

"പതിനെട്ടാം പട്ട തെങ്ങ് ഇതിനിടയ്ക്ക് എങ്ങനെ കയറി?" മോഹനൻ ചോദിച്ചു.

"പോത്തിന്റെ ശവം മൂടിയ കുഴിക്കു മീതെ പൊന്നൻ എന്നു പേരുള്ള ഒരു തെങ്ങുകയറ്റ തൊഴിലാളി അന്നൊരു പതിനെട്ടാം മാത്തീടെ തൈ വെച്ചു. അത് അദ്ദേഹം തന്നെ നേരിട്ടു പറഞ്ഞതാണ്."

"അപ്പോ ഇതിലേതാണ് ആ തെങ്ങ് എന്ന് എങ്ങനെ തിരിച്ചറിയും? മൂന്നിനും ഏതാണ്ട് ഒരേ പ്രായംതന്നെയാ കാഴ്ചയിൽ." മോഹനൻ തെങ്ങുകളെ ഓരോന്നിനേയും മാറിമാറി നോക്കി.

"അന്യന്റെ പുരയിടമാണ്. അനുവാദമില്ലാതെ തോന്നുന്നിടമെല്ലാം കുഴിക്കാൻ പറ്റില്ലല്ലോ?" രാജഗോപാൽ സന്ദേഹം പ്രകടിപ്പിച്ചു.

"കുഴിച്ച സ്ഥലത്തെ മണ്ണ് തിരിച്ചറിയാൻ എന്തെങ്കിലും മാർഗമുണ്ടോ?" സന്ദീപ് ആരാഞ്ഞു.

"ജെസിബി വന്നു കുഴിയെടുത്തെങ്കിൽ അതു വലിയ കുഴിയായിരിക്കുമല്ലോ. കുഴിയെടുത്ത സ്ഥലത്തെ മണ്ണിന്റെ ഘടനയ്ക്ക് മാറ്റം വരും." മോഹനൻ പറഞ്ഞു.

"പക്ഷേ, ഇരുപത്തിരണ്ടു വർഷം കൊണ്ടു മണ്ണെല്ലാം ഒരുപോലെയാകില്ലേ?" രാജഗോപാൽ ചോദിച്ചു. "മണ്ണിന് എ, ബി, സി, ഡി എന്നിങ്ങനെ നാല് അടുക്കുകളുണ്ട്. മേൽമണ്ണുള്ള അടുക്ക് ഹൊറൈസൺ എ. അതിനടിയിൽ ചെറിയ ചരലും മണ്ണും കലർന്നുള്ളത് ഹൊറൈസൺ ബി. അതിനു താഴെ ചെങ്കല്ലും കുമ്മായക്കല്ലും ചരൽക്കല്ലുകളുമുള്ള ഭാഗം ഹൊറൈസൺ സി. അതിനടിയിൽ ഉള്ള പാറ ഹൊറൈസൺ ഡി. ജെസിബി വന്നു കുഴിക്കുമ്പോ ആദ്യത്തെ മൂന്നു ലെയറും മാന്തി വെളിയിലിടും. അത് മണ്ണിട്ടുതന്നെയാണല്ലോ മൂടുന്നതും. എങ്ങനെ മൂടിയാലും ആദ്യത്തെപ്പോലെ അടുക്ക് ശരിയാവില്ല." മോഹനൻ വിശദീകരിച്ചു.

"ഇരുപത്തിരണ്ടു വർഷം കഴിഞ്ഞാലും?" രാജഗോപാൽ ചോദിച്ചു.

"അൻപതു വർഷം കഴിഞ്ഞാലും. അതായത്, ലക്ഷോപലക്ഷം സൂക്ഷ്മജീവികളും അനേകം മൂലകങ്ങളും രാസഘടനകളും കാലാവസ്ഥയും, എല്ലാംകൂടി ഒത്തുചേർന്നു നൂറ്റാണ്ടുകൾ കൊണ്ടാണ് ആ അടുക്കുകൾ അങ്ങനെയായിത്തീരുന്നത്. അത് ഉഴുതുമറിച്ചിട്ട് വീണ്ടും കൂട്ടിയിട്ടാൽ പഴയപോലെയാകാൻ പിന്നേയും നൂറ്റാണ്ടുകൾ വേണ്ടിവരും."

കൃഷി ഓഫീസറുടെ വിശദീകരണം കേട്ടതോടെ സന്ദീപിന്റെ മുഖം തെളിഞ്ഞു.

"അപ്പോ ഈ മൂന്നു തെങ്ങിന്റെയും പരിസരം കുറച്ചുവീതം കുഴിച്ചു നോക്കിയാ നമുക്ക് എവിടെയാണ് മണ്ണിന്റെ അടുക്ക് തെറ്റിയിരിക്കുന്നതെന്ന് മനസ്സിലാക്കാൻ പറ്റും അല്ലേ?"

"ഒഫ്കോഴ്സ്. എന്താ സംശയം."

"സാർ അതുംകൂടി ഒന്നു പരിശോധിച്ച് പറയണം. ഞങ്ങൾ എന്തുവേണമെങ്കിലും ചെയ്യാം..." സന്ദീപ്, കൃഷി ഉദ്യോഗസ്ഥന്റെ മുൻപിലേക്ക് അടുത്ത കരു നീക്കിവെച്ചു.

(തുടരും)

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS


3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER


FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
FEDERATION OF KERALA ASSOCIATION IN NORTH AMERICA
ESTD 1983
21ST FOKANA
CONVENTION AT WASHINGTON DC
2024
July 18, 19 & 20
Montgomery County Conference Center, 5701 Marinelli Rd
North Bethesda, MD 20852
MUSICAL MEGA EVENT
WITH LIVE ORCHESTRA
STAR SINGER FAME
VIVEKANANDAN
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasurer
JOHNSON THANKACHAN
Convention Chairman
If there are any other queries please contact 804 931 1265
Advt002 8046612762




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**